ISLAM GATE
بوابة الإسلام الدعوية

جمعية الدعـــــوة والإرشاد
وتوعية الجاليات بالأحســـــاء
AL-AHSA ISLAMIC CENTER



ماليالم

# لماذا الإسلام ؟

# എന്തുകൊണ്ട് ഇസ്‌ലാം?

تأليف: فاتن صبري
ترجمة : محمد ناصر مدني

# لماذا الإسلام ؟

# എന്തുകൊണ്ട് ഇസ്‌ലാം?


إعداد: فاتن صبري

ഫാത്വിൻ സ്വബ്‌രി

المترجم: محمد ناصر مدني

വിവ: എം. നാസർ മദനി

المراجعة: الشيخ: محي الدين الندوي حفظه الله

പരിശോധന: എം. എം. നദ്‌വി

**ⓗ المكتب التعاوني للدعوة والإرشاد وتوعية الجاليات بالاحساء ، ١٤٤٣هـ**

***فهرسة مكتبة الملك فهد الوطنية أثناء النشر***

جمعية الدعوة بالأحساء
لماذا الإسلام ؟ / باللغة المليبارية. / جمعية الدعوة بالأحساء -
ط١. .- الاحساء ، ١٤٤٣هـ
١٢٤ ص ؛ ١٢×١٧ سم

ردمك: ٠-٥-٩٠٩٢٦-٦٠٣-٩٧٨

١- الاسلام أ.العنوان
ديوي ٢١٠ ١٤٤٣/١٨٧٥

**رقم الإيداع: ١٤٤٣/١٨٧٥**
**ردمك: ٠-٥-٩٠٩٢٦-٦٠٣-٩٧٨**

# ഉള്ളടക്കം


| ന. | വിഷയം | പേജ് |
|---|---|---|
| 1 | വിവർത്തകക്കുറിപ്പ് | 06 |
| 2 | ഗ്രന്ഥകാരിയുടെ വാക്കുകൾ | 08 |
| 3 | **I. ആമുഖം** | 13 |
| 4 | ഇസ്ലാമിൻെറ അധ്യാപനങ്ങളിൽ നിന്നുള്ളവ | 16 |
| 5 | **II. മാധ്യമങ്ങൾ തെറ്റായ പ്രചാരണങ്ങൾ നൽകിയിട്ടും ഇസ്ലാം പ്രചരിക്കുന്നത് എന്തുകൊണ്ട്?** | 28 |
| 6 | 1. ഇസ്ലാം സ്രഷ്ടാവിൻെറ ഏകത്വ ഗ്രാഹ്യതക്ക് കാവൽ നിന്നു. | 29 |
| 7 | 2. കൂട്ടിച്ചേർത്തോ, വെട്ടിച്ചുരുക്കിയോ വിശുദ്ധ ക്വുർആനിനെ ശത്രുക്കൾ നശിപ്പിക്കുന്നതിൽ നിന്ന് ഇസ്ലാം സംരക്ഷിച്ചു. | 31 |
| 8 | 3. ഇസ്ലാം മുൻകഴിഞ്ഞ വേദങ്ങളും ഏടുകളും അംഗീകരിക്കുന്നു; പൂർവ്വ പ്രവാചകന്മാരെയും ദൈവദൂതന്മാരെയും ആദരിക്കുന്നു. | 32 |
| 9 | 4. ഇസ്ലാം എല്ലാവരുടെയും വിശ്വാസ സ്വാതന്ത്ര്യം അംഗീകരിക്കുകയും എന്നാൽ ഇതരവിശ്വാസികളെ സംവാദത്തിന് ക്ഷണിക്കുകയും ചെയ്യുന്നു. | 33 |

| | | |
|---|---|---|
| 10 | 5. ഇസ്‌ലം ബുദ്ധി-വിചാരങ്ങളുടെ ന്യായ ശാസ്ത്രങ്ങൾ പരാജയപ്പെടുത്തുന്നു; പ്രപ ഞ്ചത്തെക്കുറിച്ച് ചിന്തിക്കാനും ആലോചി ക്കാനും ആവശ്യപ്പെടുന്നു. | 38 |
| 11 | 6. ഇസ്‌ലാം ആദ്യപാപത്തിൽ നിന്ന് മനു ഷ്യനെ മോചിപ്പിച്ചു | 45 |
| 12 | 7. ഇസ്‌ലാം മനുഷ്യനെ പ്രപഞ്ചത്തിൻെറ സ്വര-താളത്തിൽ സന്തുലിതമാക്കുന്നു. | 47 |
| 13 | 8. ഇസ്‌ലാം പാതിവ്രത്യവും വിശുദ്ധിയും കൽപ്പിക്കുന്നു | 48 |
| 14 | 9. ഇസ്‌ലാം സമീകരണം, നിഷ്പക്ഷത, മധ്യമ നിലപാട്, വിട്ടുവീഴ്ച എന്നിവയിൽ നിലകൊള്ളുന്നു. | 50 |
| 15 | 10. ഇസ്‌ലാം: ലോക രക്ഷിതാവിൻെറ കാരുണ്യത്തെക്കുറിച്ച് ഒരിക്കലും നിരാശ യില്ല. | 51 |
| 16 | 11. ഇസ്‌ലാം സമത്വത്തിലേക്കും ഏകത്വ ത്തിലേക്കും ക്ഷണിക്കുന്നു; വർഗ്ഗീയതക്കെ തിരെ പോരാടുകയും ചെയ്യുന്നു. | 53 |
| 17 | 12. ഇസ്‌ലാം സ്വാതന്ത്ര്യത്തിൻെറ മതമാ കുന്നു. | 58 |
| 18 | -അടിമത്തത്തിനെതിരെയുള്ള സമരം: | 58 |
| 20 | 13. ഇസ്‌ലാം നീതിയുടെ മതം | 66 |

| | | |
|---|---|---|
| 21 | 14. ഇസ്ലാം അവകാശങ്ങളെ സംരക്ഷിക്കുന്നു: | 68 |
| 22 | - മറ്റുള്ളവരുടെ സാമൂഹികമായ അവകാശങ്ങൾ: | 68 |
| 23 | - മാതാപിതാക്കളെ ആദരിക്കൽ: | 73 |
| 24 | - ബന്ധുക്കളോടുള്ള കടമകൾ: | 74 |
| 25 | - അയൽക്കാരോടുള്ള കടമകൾ: | 74 |
| 26 | - അനാഥകളുടെ അവകാശങ്ങൾ: | 76 |
| 27 | - ജീവികളോടുള്ള കടമകൾ: | 77 |
| 28 | 15. ഇസ്ലാം: സമകാലിക പാരിസ്ഥിതിക പ്രശ്നങ്ങളുടെ പരിഹാരം | 78 |
| 29 | 16. ഇസ്ലാം: യുദ്ധത്തടവുകാരുടെ അവകാശങ്ങൾ സംബന്ധിച്ച കാര്യത്തിൽ ജനീവ കരാറിനേക്കാൾ ഉയർന്നു | 79 |

30 17. ഇസ്‌ലാമിൻെറ സാമ്പത്തിക വ്യവസ്ഥ സമ്പദ്‌വ്യവസ്ഥയെ സുസ്ഥിരമാക്കാൻ സഹായിക്കുന്നു 80

31 18. ഇസ്‌ലാം സമ്പത്തും ആരോഗ്യവും സംരക്ഷിക്കുന്നു: 82

32 19. ഇസ്‌ലാം സ്ത്രീകളുടെ അവകാശ സംരക്ഷണത്തിൽ ഐക്യരാഷ്ട്ര സഭയേക്കാൾ മേന്മ പുലർത്തുന്നു. 84

33 20. ഇസ്‌ലാം സ്നേഹത്തിൻെറയും സഹകരണത്തിൻെറയും മതമാണ്. 99

34 21. ഈ ലോകത്തും പരലോകത്തും സന്തോഷം നേടാനുള്ള ഏക മാർഗ്ഗമാകുന്നു ഇസ്‌ലാം. 100

35 **III. ബുദ്ധിജീവികൾ വാഴ്ത്തിയ സർവ്വശ്രേഷ്ഠൻ.** 101

36 നെപ്പോളിയൻ ബോണപ്പാർട്ട് 101

37 മഹാത്മാ ഗാന്ധി 102

38 ലാമാർട്ടിൻ 103

39 എഡ്വാർഡ് ഗിബ്ബൺ 104

| | | |
|---|---|---|
| 40 | റവറൻറ് ബോസ്വർത്ത് സ്മിത്ത് | 105 |
| 41 | ശ്രീമതി ആനിബസൻറ് | 107 |
| 42 | ജെയിംസ് ആൽബർട്ട് മിച്ചനർ | 108 |
| 43 | മൈക്കിൾ എച്ച്. ഹാർട്ട് | 109 |
| 44 | മിസ്. സരോജിനി നായിഡു | 111 |
| 45 | തോമസ് കാർലൈൽ | 112 |
| 46 | സ്റ്റാൻലി പോൾ | 113 |
| 47 | - ജോർജ് ബർണാഡ്ഷാ | 114 |
| 48 | **IV. രത്നച്ചുരുക്കം** | 115 |

# വിവർത്തകക്കുറിപ്പ്

പ്രപഞ്ച നാഥനായ അല്ലാഹുവിൻെറ നാമത്തിൽ --------- അല്ലാഹുവിന് സ്തുതി. പ്രവാചക ശ്രേഷ്ഠൻ മുഹമ്മദ് നബിക്കും കുടുംബത്തിനും സഹചരർക്കും അല്ലാഹുവിൻെറ സ്വലാത്തും സലാമും ഉണ്ടാകട്ടെ.

● ഫാത്തിൻ സ്വബ്‌രി (1973) ഒരു ആധുനിക ജോർദാൻ മുസ്‌ലിം ചിന്തകയാണ്. ഏകദൈവ വിശ്വാസത്തിനുവേണ്ടി വാദിക്കുന്നതിലും, സ്രഷ്ടാവിനെക്കുറിച്ചുള്ള വികല ചിന്തകളും തെറ്റിദ്ധാരണകളും തിരുത്തുന്നതിനും വേണ്ടി തൻെറ സമയം ചിലവഴിക്കുന്ന ഇസ്‌ലാമിക ചിന്തക. വ്യത്യസ്ഥ സംസ്കാരങ്ങളുമായും മതങ്ങളുമായും ആശയ വിനിമയം നടത്തുന്നതിലും അഞ്ചു ഭാഷകൾ സംസാരിക്കുന്നതിലുള്ള കഴിവിലും അവർ പ്രശസ്തയാണ്. വിവിധ മതതാരതമ്യ പഠനങ്ങൾ നടത്തിയും, ഇസ്‌ലാമിനെക്കുറിച്ചുള്ള വിവാദപരമായ വിഷയങ്ങൾ സത്യാന്വേഷികളുമായും സ്വതന്ത്ര ചിന്തകരുമായും ചർച്ചകൾ നടത്തിയുമാണ് അവർ ഈ വിഷയത്തിൽ പ്രാവീണ്യം നേടിയത്. ഇസ്‌ലാമിനെക്കുറിച്ചും, ഇസ്‌ലാമിലെ ആരാധ്യനെക്കുറിച്ചും, ക്രൈസ്തവ ദൈവ സങ്കല്പത്തെക്കുറിച്ചും അവർ നിരവധി പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. അന്താരാഷ്ട്ര മാസികകളിൽ പ്രതിമാസ ലേഖനങ്ങൾ എഴുതാറുണ്ട്. പതിനാലോളം ഭാഷകളിൽ അവരുടെ രചനകളിൽ ചിലത് മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്.

● മുൻധാരണകൾ മാറ്റിവെച്ച് തുറന്ന മനസ്സോടെ ഇസ്‌ലാമിനെ അറിയാൻ ആഗ്രഹിക്കുന്ന സാധാരണക്കാരനായ ഏതൊരാൾക്കും ഈ കൃതി ഏറെ പ്രയോജന പ്രദമാണ്. ഒട്ടനവധി

ഭാഷകളിലേക്ക് ഇത് ഭാഷാന്തരം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൻെറ വിവർത്തനത്തിൽ പരമാവധി സൂക്ഷ്മത പുലർത്തിയിട്ടുണ്ട്. ആവശ്യമെന്ന് തോന്നിയ ചുരുക്കം സ്ഥലങ്ങളിൽ വിവർത്തകൻേറതായ ചില അടിക്കുറിപ്പുകൾ കൊടുത്തിട്ടുണ്ട്. വീഴ്ചകൾ കണ്ടെത്തുന്നവർ ദയവായി ചൂണ്ടിക്കാണിക്കണമെന്ന് വിനയപൂർവ്വം ഉണർത്തുന്നു. ഈ ഉദ്യമം വാദിക്കാനും തർക്കിക്കാനുമല്ല മറിച്ച് സത്യം എന്തെന്ന് അറിയാനും അറിയിക്കാനുമാണ് എന്ന് കൂടി ഉണർത്തുന്നു.

● ഇതിന് എന്നെ ഉത്തരവാദപ്പെടുത്തിയ അൽ അഹ്സ ഇസ്‌ലാമിക് സെൻററിലെ മേലധികാരികൾ, ജോലിത്തിരക്കുകൾക്കിടയിലും മുഴുവനായും വായിച്ചു പരിശോധന നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയ ആദരണീയ പണ്ഡിത ശ്രേഷ്ഠൻ മൗലവി. എം. എം. നദ്‌വി എടവണ്ണ, ഇതിൻെറ പ്രൂഫ് റീഡിംഗിൽ സഹായിച്ച എൻെറ സഹധർമ്മിണി ഉമ്മുആമിർ എന്നിവരോടെല്ലാമുള്ള എൻെറ കൃതജ്ഞതയും കടപ്പാടും രേഖപ്പെടുത്തുകയും സർവ്വ ശക്തനായ അല്ലാഹു അവർക്കെല്ലാം തക്കതായ പ്രതിഫലം നൽകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നാഥാ ഇതൊരു സത്കർമ്മമായി നീ സ്വീകരിക്കേണമേ.

എം. നാസർ മദനി
**അൽ–അഹ്സ ഇസ്‌ലാമിക് സെൻറർ**

**സഊദി അറേബ്യ.**

# ഗ്രന്ഥകാരിയുടെ വാക്കുകൾ

ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ ഞാൻ നടത്തിയ ഒരുപാട് സഞ്ചാരത്തിനിടയിൽ പല ഭാഷകൾ പഠിക്കുകയും, സംസ്കാരങ്ങൾ പരിചയപ്പെടുകയും ചെയ്തു. നിരവധി രാജ്യങ്ങളിലെ ജനങ്ങളുടെ വ്യത്യസ്ത സംസ്കാരങ്ങളും, നാഗരികതകളും, വിശ്വാസങ്ങളും നേരിൽ കണ്ടു. അപ്പോൾ അതെല്ലാം ഏറ്റവും പ്രധാനപ്പെട്ട സർവ്വാംഗീകൃതമായ പല മാനുഷിക മുല്യങ്ങളിലും ധാർമ്മിക നിയമങ്ങളിലും സാസ്കാരിക ചിഹ്നങ്ങളിലും ഒന്നിക്കുന്നുണ്ടെന്നും അതിലെല്ലാം ചില സമാനതകളുണ്ടെന്നും ബോധ്യപ്പെട്ടു. അതുപോലെതന്നെ മനുഷ്യരായ നമ്മുടെ എല്ലാവരുടെയും പ്രശ്നങ്ങളും വെല്ലുവിളികളും അഭിലാഷങ്ങളും ഒന്നുതന്നെയാണെന്നും അവയ്ക്കും പരസ്പരം സമാനതകളുണ്ടെന്നും മനസ്സിലായി. ഇതിൽ നിന്നാണ് ഞാൻ ഗ്രഹിച്ചത്: മാനവരാശിയുടെ ചരിത്ര പശ്ചാ ത്തലവും അവരുടെ മതവിശ്വാസത്തിൻെറ അടിത്തറ യുമെല്ലാം ഒന്നാണ്. നാമെല്ലാം പിന്നിലേക്ക് പോകു മ്പോൾ ആദിമ മനുഷ്യനായ ആദമിൽ എത്തിച്ചേരുന്നു. നിശ്ചയം ആദമിന് ഒരു മതവും ഒരു വിശ്വാസവും മാത്രമാണ് ഉണ്ടായിരുന്നത്. വ്യത്യസ്ത മതങ്ങളും വിശ്വാസങ്ങളും പിൽക്കാല ജനതയിൽ ഉടലെടുത്തതാണ്. എന്നിട്ടും പക്ഷെ ജനങ്ങൾ അവരുടെ

കൈവശമുള്ള മാനുഷിക മൂല്യങ്ങളും ധാർമ്മിക നിയമങ്ങളും പരസ്പരം പങ്കുവെക്കാൻ തയ്യാറാകുന്നില്ല.

ഒന്നുകൂടി വിശദമായി പറഞ്ഞാൽ ഞാൻ കണ്ട രാജ്യങ്ങളിലെല്ലാമുള്ള വിശ്വാസങ്ങളും മതപൈതൃകങ്ങളും മതപ്രതീകങ്ങളും സൂക്ഷമമായി പരിശോധിച്ചാൽ ഒരു പ്രപഞ്ചസ്രഷ്ടാവിൻെറ അസ്തിത്വത്തിലുള്ള വിശ്വാസവും പ്രതിസന്ധിഘട്ടത്തിൽ അവനെ മനുഷ്യർ അവലംബിക്കലുമുണ്ടെന്ന് ബോധ്യപ്പെടും.

ഈ മതങ്ങൾക്കും വിശ്വാസങ്ങൾക്കുമെല്ലാം ആധികാരികവും സത്യസന്ധവുമായ ഒരേയൊരു യഥാർത്ഥ ആദി സ്രോതസ്സും അടിസ്ഥാന ചരിത്രവുമാണുണ്ടായിരുന്നത്. ഇപ്പോൾ ജനങ്ങൾ പൈതൃകമായി കൈമാറുന്ന മതതത്വങ്ങളും ദൈവവിശ്വാസവുമെല്ലാം അതിൻെറ ആദ്യഘട്ടത്തിൽ അല്ലാഹുവിന് മാത്രം അർപ്പിക്കുന്നതിൽ ചെന്നു മുട്ടുന്നു. ഇന്നിവിടെ നാം കാണുന്ന വിവിധ മതങ്ങളുടെയും വേദഗ്രന്ഥങ്ങളുടെയും നാരായവേരും ഉത്ഭവ കേന്ദ്രവും ഇസ്‌ലാം ശാസിക്കുന്ന വിശ്വാസ സംഹിതയും ഏകദൈവ സിദ്ധാന്ത(തൗഹീദ്)വുമാണെന്ന് സൂചിപ്പിക്കുന്ന ധാരാളം തെളിവുകളുണ്ട്. അങ്ങനെവരുമ്പോൾ എല്ലാ മതങ്ങളുടെയും അടിവേര് ഇസ്‌ലാമാണെന്ന യാഥാർത്ഥ്യത്തിൽ നാം എത്തിച്ചേരുന്നു.

പലരും ചോദിക്കാറുണ്ട്: "എന്തുകൊണ്ട് ഇസ്‌ലാം?." ഉത്തരം വളരെ ലളിതമണ്. "അത് മനുഷ്യ കുലത്തിൻെറ പിതാവായ ആദമിൻെറ മതമാണ്." ഇക്കാര്യം വിശദമായി ഈ പുസ്തകം ചർച്ച ചെയ്യുന്നു. മാനവതയുടെ

യഥാർത്ഥ മതമായ ആദ്യ മതമാണ് ഇസ്‌ലാം. ഇതിൽ നിന്നാണ് മനുഷ്യർ നിരവധി സമൂഹങ്ങളായി വേർതിരിഞ്ഞത്.

എന്നാൽ ഇന്ന് വിചിത്രമായ രീതിയിൽ തീവ്രവാദമുന്നയിച്ചുകൊണ്ട് തെറ്റിദ്ധരിപ്പിക്കപ്പെടുകയും വികലമാക്കപ്പെടുകയും ചെയ്യുന്ന ഒരു മതമാണ് ഇസ്‌ലാം. എല്ലാ സമുദായങ്ങൾക്കും അല്ലാഹു കൈമാറിയ ഏകദൈവ വിശ്വാസത്തിൻെറ സന്ദേശമാണത്. അവൻ നിയോഗിച്ച അഖില പ്രവാചകന്മാരും ബോധവൽക്കരിക്കുകയും സംരക്ഷിക്കുകയും ചെയ്ത മതം. മനുഷ്യ മനസ്സുകളെയും ചിന്തകളെയും വിശ്വാസങ്ങളെയും അത് വിമലീകരിച്ചു ശുദ്ധമാക്കി. ബ്രഹ്മാണ്ഡ നാഥനെക്കുറിച്ച സ്മരണ നില നിർത്തുകയും മധ്യവർത്തികളില്ലാതെ അവനെ സമീപിക്കുവാനും അവനിലേക്ക് മടങ്ങുവാനും അത് പഠിപ്പിച്ചു. അത്യാചാരങ്ങളുടെയും അന്ധമായ അനുകരണങ്ങളുടെയും മുമ്പിൽ മനുഷ്യ മനീഷ മരവിച്ചുപോയ സന്ദർഭങ്ങളിൽ അതിനെ മുന്നോട്ടു ചലിപ്പിച്ചത് ഈ ഇസ്‌ലാമാണ്. സൃഷ്ടിന്മുഖമായ പുതുമകളിലേക്ക് ജനമനസ്സുകളെ പുനർജീവിപ്പിക്കുകയും കൊട്ടിയടക്കപ്പെട്ട ഹൃദയ കവാടങ്ങളെ അത് മലർക്കെ തുറന്നിടുകയും ചെയ്തു. അങ്ങനെ അഖില ബന്ധനങ്ങളിൽ നിന്നും മുക്തമാക്കപ്പെട്ട മാനുഷ്യകത്തിന് സ്വാതന്ത്ര്യത്തിൻെറ അമൃത് ആസ്വദിപ്പിച്ച ഇസ്‌ലാമിനെ "എന്തു കൊണ്ട് ഇസ്‌ലാം?" എന്ന ഈ കൃതി പരിചയപ്പെടുത്തുന്നു.

തലമുറകളിലൂടെ വിവിധ നാഗരികതകളെയും ജന തതികളെയും ഉൾക്കൊള്ളാനുള്ള ഇസ്‌ലാമിൻെറ പഴ ക്കവും പ്രത്യേകതയും, സംഭവങ്ങളോടുള്ള ആനുകാലിക സമീപനവും, വികസനോന്മുഖമായ പരിണാമ ഘട്ടങ്ങളെ കൂട്ടി ഘടിപ്പിച്ചു കൊണ്ട് മുന്നോട്ടുള്ള പ്രയാണവും, നിഹനിക്കപ്പെടുന്ന പ്രതിച്ഛായക്കിടയിലും പിടിച്ചു നിൽക്കുന്ന അതിജീവന ശക്തിയും, നിരന്തരം കുപ്ര ചരണം നടത്തി തീവ്രവാദാഭിഷേകത്തിലൂടെ ജനങ്ങളെ ഇളക്കിവിട്ട് നശിപ്പിക്കാനുള്ള കൊടിയ ശ്രമത്തിലും തളരാത്ത നെഞ്ചൂക്കോടെ നിൽക്കുന്ന ഇസ്‌ലാമി നെക്കുറിച്ചാണ് ഈ പുസ്തകം സംസാരിക്കുന്നത്.

ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഇസ്‌ലാമിൻെറ അടിസ്ഥാന കാര്യങ്ങളോ, നിയമവിധികളോ, അതെന്തിലേക്കാണ് ജനങ്ങളെ ക്ഷണിക്കുന്നതെന്നുപോലും അറിയാതെയാണ് ഭൂരിഭാഗം ആളുകളും അതിനെതിരെ വിധി പറയുന്നത്. ഖുർആൻ പറയുന്ന ഉപദേശനിർദ്ദേശങ്ങൾ, നിയമങ്ങൾ, ജനോപകാര സന്ദേശങ്ങൾ എന്നിങ്ങനെയുള്ളവ എന്താ ണെന്ന് പോലും വിമർശകരിൽ നിന്നൊരാളും മനസ്സി ലാക്കുന്നില്ല. തീർച്ചയായും ഈ വിഷയത്തിലുള്ള ജന ങ്ങളുടെ അജ്ഞത, ഇസ്‌ലാമിൻെറ യാഥാർത്ഥ്യം വെളി പ്പെടുത്തിക്കൊടുക്കുക എന്ന വലിയ ഉത്തരവാദിത്തമാണ് നമുക്കുള്ളത് എന്ന് ബോധ്യപ്പെടുത്തുന്നു. അതിനാൽ സത്യത്തെ തമസ്കരിക്കുന്നവരും, യാഥാർത്ഥ്യത്തിനു നേരെ കണ്ണടക്കുന്നവരുമായവരെ പുനർവിചിന്തനത്തിനും ഖുർആൻ വായിച്ചു മനസ്സിലാക്കുന്നതിനും അന്ധമായി

വിധിക്കും മുമ്പ് ഇസ്‌ലാമിൻെറ ബാലപാഠങ്ങളെങ്കിലും അറിയുന്നതിനും നാം ക്ഷണിക്കുന്നു.

ഈ പുസ്തകം സത്യാന്വേഷികളുടെയും, ചിന്തിക്കു ന്നവരുടെയും, മനസ്സ് തുറക്കാൻ ആഗ്രഹിക്കുന്നവരു ടെയും മുമ്പിൽ പ്രകാശം ചൊരിയുന്ന വിളക്കു മാടമാ ക്കേണമേയെന്നും, ഇസ്‌ലാമിൻെറ സമാധാന സന്ദേ ശവും സഹിഷ്ണുതയും എല്ലാവർക്കും മനസ്സിലാക്കാൻ ഇത് സഹായകമാകേണമേ എന്നും ഞാൻ സർവ്വശ ക്തനായ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു.

# I. ആമുഖം

ഭൂമിയിൽ മനുഷ്യാരംഭം മുതൽ തന്നെ സ്രഷ്ടാവിൻെറ സന്ദേശം എത്തിയിട്ടുണ്ട്. ആദിമ മനുഷ്യനായ ആദം (അ) മുതൽ അന്തിമ പ്രവാചകൻ മുഹമ്മദ് നബി (സ്വ) വരെയുള്ള വിവിധ കാലഘട്ടങ്ങളിലെ മുഴുവൻ മനുഷ്യരിലേക്കും എത്തിയ ദൈവീക സന്ദേശമാണ് ഏകനായ ലോകരക്ഷിതാവിനെ മാത്രം ആരാധിക്കുക എന്നത്. അവൻ ഏകനാകുന്നു. അവനിലേക്കടുക്കാൻ മധ്യവർത്തികളുടെ ആവശ്യമില്ല. ഏകനായ അവനെ നിഷ്കളങ്കമായി ആരാധിക്കുക. അവനിലേക്ക് മടങ്ങുക. അവൻെറ വിധിതീരുമാനങ്ങൾ തൃപിതിപ്പെട്ട് സ്വീകരിക്കുക, അവൻ നൽകിയ വേദങ്ങളിലും അവൻ നിയോഗിച്ച ദൂതന്മാരിലും, അവൻെറ മലക്കുകളിലും, അന്ത്യനാളിലും വിശ്വസിക്കുക.

എല്ലാ സമുദായങ്ങളിലേക്കും ലോകരക്ഷിതാവ് ഒരൊറ്റ സന്ദേശവുമായിട്ടാണ് ദൂതന്മാരെ നിയോഗിച്ചത്. അതത്രെ മോക്ഷത്തിൻെറ ഏക മാർഗ്ഗം. അത് വ്യക്തവും സരളവുമായ സന്ദേശമാകുന്നു. അത് ഏകനായ ഒരു ആരാധ്യനിൽ വിശ്വസിക്കുകയും അവനെ മാത്രം ആരാധിക്കുകയും അന്ത്യ

നാളിൽ വിശ്വസിക്കുകയും ചെയ്യുക എന്നതാകു ന്നു. അന്ത്യനാൾ എന്നു പറഞ്ഞാൽ സ്രൃഷ്ടി കർത്താവ് തന്റെ അടിമകളെ കർമ്മങ്ങളുടെ അടി സ്ഥാനത്തിൽ വിചാരണക്ക് വിധേയമാക്കുന്ന ദിന മാകുന്നു. അനന്തരം അവർ സ്വർഗത്തിലേക്കോ അല്ലെങ്കിൽ നരകത്തിലേക്കോ എത്തിച്ചേരുന്നാണ്. ദൈവദൂതന്മാർക്ക് സ്രഷ്ടാവ് വേദഗ്രന്ഥങ്ങൾ നൽകി. അതിൽ ഭൂമിയിലെ സകല മനുഷ്യർക്കും ആവശ്യമായിട്ടുള്ള നിയമങ്ങളും വിധിവിലക്കുകളും മാർഗ്ഗനിർദ്ദേശങ്ങളും വ്യക്തമാക്കിക്കൊടുത്തു. അതി നാൽ എല്ലാ വിഭാഗം മനുഷ്യർക്കുമുള്ള ബാധ്യത അത് പിൻതുടർന്നു ജീവിക്കുക എന്നതാകുന്നു. അതിന്റെ അടിസ്ഥാനത്തിൽ അവർ വിചാരണക്ക് വിധേയമാക്കപ്പെടുന്നതാണ്.

ഓരോ ജനതയിലേക്കും നിയുക്തരാക്കപ്പെട്ട ദൈവ ദൂതന്മാരുടെ സാന്നിധ്യം അവരെ പിൻപറ്റുന്നവർക്ക് സത്യത്തിന്റെയും, മോക്ഷത്തിന്റെയും മാർഗ്ഗം കണ്ടെ ത്താൻ ഉതകുന്ന ഒരു വിളക്കുമാടമായി വർത്തിക്കു ന്നു. അപ്രകാരം ജനങ്ങൾ ഏകനായ സ്രഷ്ടാവിനെ മാത്രം ആരാധിക്കുന്നതിലൂടെ പ്രസ്തുത പ്രവാച കന്റെ അധ്യാപനങ്ങളും പ്രവർത്തനങ്ങളും സ്വജീ വിതത്തിൽ പിൻപറ്റുന്നു. ലോകൈക നാഥൻ ഓരോ കാലഘട്ടത്തിലെ ജനങ്ങളിൽ നിന്നും ഏറ്റവും ഭക്ത രും സൂക്ഷ്മത പുലർത്തുന്നവരുമായ ആളുകളെ പ്രവാ

ചകനും വിധികർത്താവുമായി തെരഞ്ഞെടുത്തിരുന്നു. അവരോട് തങ്ങളുടെ സ്രഷ്ടാവിനെ മാത്രം ആരാധിക്കണമെന്ന കാര്യം ഉണർത്തുകയും ചെയ്തിരുന്നു. എന്നിരുന്നാലും കാലക്രമേണ ജനങ്ങൾ ശരിയായ ഈ പാതയിൽ നിന്നും വ്യതിചലിക്കുകയും അവർ അവരുടെ ദേഹേച്ഛകളെ പിൻപറ്റുകയും ചെയ്തു. ലോക രക്ഷിതാവിനെ വിട്ട് അവർ മറ്റുള്ളവരെ ആരാധിച്ചു. അവർക്കും അവരുടെ രക്ഷിതാവിനുമിടയിൽ മധ്യവർത്തികളെ ഉണ്ടാക്കുകയും എന്നിട്ടവരെ ദൈവങ്ങളായി സ്വീകരിക്കുകയും ചെയ്തു. എന്നാൽ ഏതുയുഗപ്പകർച്ചയിലും ഇസ്‌ലാമിക സമൂഹം എന്നറിയപ്പെടുന്ന, അന്തിമ പ്രവാചകനായ മുഹമ്മദ് നബിയുടെ ഏക സമൂഹം മാത്രം ഇസ്‌ലാമിൻെറയും ഏകദൈവ വിശ്വാസത്തിൻെറയും സന്ദേശം യാതൊരു മാറ്റമില്ലാതെ സംരക്ഷിച്ചുപോന്നു. കൈകടത്തലുകൾക്കും മാറ്റത്തിരുത്തലുകൾക്കും വിധേയമാകാതെ അവതരിച്ച അതേ രൂപത്തിൽ തന്നെ നിലനിൽക്കുന്ന ഏക വേദഗ്രന്ഥവും മുഹമ്മദ് നബിക്ക് ലഭിച്ച ഖുർആൻ മാത്രമാണ്. മനുഷ്യൻെറ കൈക്രിയകളിലൂടെ വികലവും വിരൂപവുമായ മുഴുവൻ മുൻവേദങ്ങളെയും അസ്ഥിരപ്പെടുത്തിക്കൊണ്ട് സ്രഷ്ടാവിൽ നിന്നുള്ള സന്ദേശമായി വന്ന വിശുദ്ധ ഖുർആൻ അവൻ തൃപ്തിപ്പെട്ട

ശരിയായ അവസാന വേദ പതിപ്പാണ് എന്നത് തർക്ക രഹിതവുമായ കാര്യമാണ്.

“......... ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എൻെറ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു...” (5 അൽമാഇദ:3)

## ഇസ്ലാമിൻെറ അധ്യാപനങ്ങളിൽ നിന്നുള്ളവ:

- നമസ്ക്കാരത്തിലൂടെ ലേകരക്ഷിതാവുമായി നിരന്തര ബന്ധം പുലർത്തുക.

- നോമ്പിലൂടെ മനുഷ്യൻെറ ഇശ്ചാശക്തിയും ആത്മ നിയന്ത്രണവും ശക്തിപ്പെടുത്തുക; മറ്റുള്ളവരോടുള്ള കരുണ, ദയാവായ്പ് തുടങ്ങിയ വികാരങ്ങൾ പരിപോഷിപ്പിക്കുക.

- പിശുക്ക് ലുബ്ധ് എന്നീ ദുർഗുണങ്ങളെ അതിജയിക്കാൻ കഴിവുള്ള സൽഗുണങ്ങളായ ഔദാര്യം, ദാനധർമ്മം എന്നിവ വളർന്നു വരാൻ മനുഷ്യനെ സഹായിക്കുന്ന ഒന്നാണ് സകാത്ത്

എന്ന ആരാധന അഥവാ ഇബാദത്ത്. അതു കൊണ്ട് തൻെറ വരുമാനത്തിൽ നിന്ന് മിച്ചം വരുന്ന സ്വത്തിൻെറ ഒരു വിഹിതമായ നിശ്ചിത ഓഹരി സാധുക്കൾക്കും അഗതികൾക്കും നിർദ്ദി ഷ്ട സകാത്തെന്ന നിലയിൽ നൽകുക.

- സ്രഷ്ടാവിനുവേണ്ടി ഭക്തിപൂർവ്വം പ്രത്യേകമായ സമയത്ത് പ്രത്യേകമായ സ്ഥലത്ത് "ഹജ്ജ്" എന്ന ആരാധനക്കായി മുഴുവൻ മുസ്ലിംകളും ഒരുപോലെ സംഗമിക്കുക; അഥവാ തീർത്ഥാടന ത്തിനായി എല്ലാവരും വിശുദ്ധ മക്കയിൽ സമ്മേ ളിക്കുക. മനുഷ്യരുടെ സംസ്കാരങ്ങളും, ഭാഷ കളും, രീതികളും, പദവികളും, നിറങ്ങളും എല്ലാം വിഭിന്നമാണെങ്കിലും സ്രഷ്ടാവിൻെറ മുമ്പിൽ സമമാണ് എന്ന ഏകത്വത്തിൻെറ പ്രതീകമാണ് ഈ ഹജ്ജ് കർമ്മം.

- അല്ലാഹു മനുഷ്യരിലേക്ക് നിയോഗിച്ച സകല പ്രവാചകന്മാരിലും വ്യത്യാസങ്ങൾ കൽപ്പിക്കാതെ വിശ്വസിക്കുകയും അവരെ പൂർണ്ണമായി ഉൾക്കൊ ള്ളുകയും വേണം എന്നതാണ് ഇസ്ലാം കല്പി ക്കുന്ന മറ്റൊരു കാര്യം. അവരിൽ ഏതെങ്കിലും ഒരു പ്രവാചകനെ നിരാകരിക്കലും നിഷേധിക്കലും ഇസ്ലാമിക വിശ്വാസത്തിന് വിരുദ്ധമാകുന്നു. ഇത്

മുൻകഴിഞ്ഞ വേദങ്ങളിൽ വിശ്വസിക്കുന്നവരുമായി മുസ്‌ലിംകളുടെ ബന്ധം ശക്തിപ്പെടുത്തുന്നു.

- “തൻെറ രക്ഷിതാവിങ്കൽ നിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ റസൂൽ വിശ്വസിച്ചിരിക്കുന്നു. (അതിനെ തുടർന്ന്) സത്യവിശ്വാസികളും. അവരെല്ലാം അല്ലാഹുവിലും അവൻെറ മലക്കുകളിലും അവൻെറ ദൂതന്മാരിലും വിശ്വസിച്ചിരിക്കുന്നു. അവൻെറ ദൂതന്മാരിൽ ആർക്കുമിടയിൽ ഒരു വിവേചനവും ഞങ്ങൾ കൽപിക്കുന്നില്ല. (എന്നതാണ് അവരുടെ നിലാപാട്) അവർ പറയുകയും ചെയ്തു. ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ ഞങ്ങളോട് പൊറുക്കേണമേ. നിന്നിലേക്കാകുന്നു (ഞങ്ങളുടെ) മടക്കം.” (2 അൽബഖറ:285)

- വിവിധ സമുദായങ്ങളിലേക്ക് അല്ലാഹു നിയോഗിച്ച നിരവധി പ്രവാചകന്മാരുടെ പേരുകൾ ഖുർആൻ പറയുന്നുണ്ട്. നൂഹ്, ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, യൂസുഫ്, മൂസാ, ദാവൂദ്, സുലൈമാൻ ഈസാ മുതലായവർ ഇതിൽപെടുന്നു. അതേപോലെ വിശുദ്ധ ഖുർആൻ പ്രത്യേകമായി പേരെടുത്ത് പറയാത്ത പ്രവാചകന്മാരുമുണ്ട്. ഹിന്ദുമതത്തിലെയും ബുദ്ധമതത്തിലെയും പ്രതി

പുരുഷന്മാരായ ശ്രീരാമൻ, ശ്രീകൃഷ്ണൻ, ഗൗതമ ബുദ്ധൻ പോലെയുള്ളവർ അല്ലാഹു നിയോഗിച്ച പ്രവാചകന്മാരായിരിക്കാൻ സാധ്യതയുണ്ട് എന്ന ചിന്ത തള്ളിക്കളയാവതല്ല. ചില ജനവിഭാഗങ്ങൾ അവകാശപ്പെടുന്നത് അറബികളിലേക്ക് മുഹമ്മദ് നബിയെ നിയോഗിച്ചതുപോലെ തങ്ങളിലേക്ക് ഒരു ദൈവദൂതനെ സ്രഷ്ടാവ് അയച്ചിട്ടില്ല എന്നാണ്.

“നിനക്ക് മുമ്പ് നാം പല ദൂതന്മാരെയും അയച്ചിട്ടുണ്ട്. അവരിൽ ചിലരെപ്പറ്റി നാം നിനക്ക് വിവരിച്ചു തന്നിട്ടുണ്ട്. അവരിൽ ചിലരെപ്പറ്റി നാം നിനക്ക് വിവരിച്ച് തന്നിട്ടില്ല. യാതൊരു ദൂതനും അല്ലാഹുവിൻെറ അനുമതിയോടുകൂടിയല്ലാതെ ഒരു ദൃഷ്ടാന്തം കൊണ്ടുവരാനാകില്ല. എന്നാൽ അല്ലാഹുവിൻെറ കൽപ്പന വന്നാൽ ന്യായപ്രകാരം വിധിക്കപ്പെടുന്നതാണ്. അസത്യവാദികൾ അവിടെ നഷ്ടത്തിലാവുകയും ചെയ്യും.” (40 മുഅ്മിൻ: 78)

ഇസ്‌ലാം മാനുഷിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് മനുഷ്യൻെറ അന്തസ്സും അഭിമാനവും കാത്തുസൂക്ഷിക്കുന്നു. അവകാശങ്ങളിലും കടമകളിലും മനുഷ്യർ തുല്യരാണെന്ന് അത് നമ്മെ പഠിപ്പിക്കുന്നു. എല്ലാവർക്കും സുരക്ഷയും സമാധാനവും നീതിയും നൽകാൻ കൽപ്പിക്കുന്നു.

സാമൂഹിക ഐക്യം, സഹകരണം, സ്വത്ത് സംരക്ഷണം, ഉടമ്പടികൾ, കരാറുകൾ മറ്റ് ഉൽകൃഷ്ട തത്വങ്ങൾ എല്ലാം അത് മാനവരാശിക്ക് ഉറപ്പു നൽകുന്നു. ഇതെല്ലാം മറ്റുമതങ്ങളുടെയും അടിസ്ഥാനാശയങ്ങളാണ്. അപ്പോൾ മതങ്ങളുടെയെല്ലാം ഉത്ഭവ ശ്രോതസ്സ് ഒന്നാണെന്ന് നമുക്ക് വ്യക്തമാക്കിത്തരുന്നു.

അതുപോലെ ഇസ്‌ലാം മറ്റുള്ളവരെ ആദരിക്കണമെന്ന് വളരെ ഊന്നിപ്പറയുകയും അവരോട് ഗുണകാംക്ഷയോടും സദുപദേശത്തോടും കൂടിയേ പ്രബോധനം നടത്താവൂ എന്നും അറിയിക്കുന്നു.

“യുക്തിദീക്ഷയോടുകൂടിയും, സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗ്ഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. തീർച്ചയായും നിന്റെ രക്ഷിതാവ് തന്റെ മാർഗ്ഗം വിട്ട് പിഴച്ചുപോയവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ. സന്മാർഗ്ഗം പ്രാപിച്ചവരെപ്പറ്റിയും അവൻ നല്ലവണ്ണം അറിയുന്നവനത്രെ.” (16 നഹ്ൽ: 125)

ഇതുപോലെ ആശയാവിഷ്കാരത്തിലും മാർഗ്ഗനിർദ്ദേശത്തിലുമെല്ലാം പാരുഷ്യത്തിന്റെയും കാഠി

ന്യത്തിന്റെയും വെറുപ്പിന്റെയും ശൈലികൾ ഉപയോഗിക്കുന്നതിനെയും ഇസ്‌ലാം എതിർക്കുന്നു.

“(നബിയേ,) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷ സ്വഭാവിയും കഠിന ഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞുപോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പു കൊടുക്കുകയും, അവർക്കുവേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്തു കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപ്പിക്കുക. തന്നിൽ ഭരമേൽപ്പിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്.” (3 ആലു ഇംറാൻ:159)

“ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല.” (21 അൽഅമ്പി യാഅ്:107)

ജനങ്ങൾ കരാറുകളും ഉടമ്പടികളും ആദരവോടെ കൈകാര്യം ചെയ്യണമെന്നും അതിൽ വിശ്വാസ വഞ്ചന കാണിക്കരുതെന്നും ഇസ്‌ലാം കണിശമായി നിർദ്ദേശിക്കുന്നു. എതിരാളികൾ അടക്ക

മുള്ള മുഴുവൻ ആളുകളോടും വ്യക്തമായും സുതാര്യമായും ഇടപെടണമെന്നും ഇസ്‌ലാം നിർദ്ദേശിക്കുന്നു.

"വല്ല ജനവിഭാഗത്തിൽ നിന്നും വഞ്ചനയുണ്ടാകുമെന്ന് നീ ഭയപ്പെടുന്ന പക്ഷം തത്തുല്യമായി നീ അവരിലേക്ക് എറിഞ്ഞു കൊടുത്തേക്കുക. തീർച്ചയായും അല്ലാഹു വഞ്ചകന്മാരെ ഇഷ്ടപ്പെടുകയില്ല." (8 അൽ അൻ ഫാൽ:58)

"സത്യവിശ്വാസികളേ, നിങ്ങൾ കരാറുകൾ നിറവേറ്റുക......" (5 അൽമാഇദ:1)

"നിങ്ങൾ കരാറ് ചെയ്യുന്ന പക്ഷം അല്ലാഹുവിൻെറ കരാറ് നിങ്ങൾ നിറവേറ്റുക. അല്ലാഹുവെ നിങ്ങളുടെ ജാമ്യക്കാരനാക്കിക്കൊണ്ട് നിങ്ങൾ ഉറപ്പിച്ചു സത്യം ചെയ്ത ശേഷം അത് ലംഘിക്കരുത്. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് അറിയുന്നു." (16 അന്നഹ്ൽ: 91)

ഇസ്‌ലാം ജീവന് വിലകൽപ്പിക്കുന്നു. സമാധാനം ആഗ്രഹിച്ച് സന്ധി ചെയ്തവരോടും സാധാരണ ജനങ്ങളോടും യുദ്ധം ചെയ്യുന്നത് ഇസ്‌ലാം

അംഗീകരിക്കുന്നില്ല. യുദ്ധ സമയത്തുപോലും സമ്പത്തും സ്ത്രീകളും കുട്ടികളും സംരക്ഷിക്കപ്പെടണമെന്ന് ഇസ്‌ലാം നിർബ്ബന്ധമായും പറയുന്നു. കൂടാതെ യുദ്ധക്കളത്തിൽ വധിക്കപ്പെട്ടവരുടെ ശരീരങ്ങൾ വികൃതമാക്കാനോ അവയവങ്ങൾ ഛേദിക്കുവാനോ ഇസ്‌ലാം അനുവദിക്കുന്നില്ല. കാരണം അത് ഇസ്‌ലാമിൻെറ ധാർമ്മികതക്ക് നിരക്കുന്നതല്ല.

"നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ നിങ്ങൾ പരിധിവിട്ട് പ്രവർത്തിക്കരുത്. പരിധിവിട്ട് പ്രവർത്തിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകതന്നെയില്ല." (2 അൽബഖറ: 190)

"മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും, നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നന്മ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു. മത കാര്യങ്ങളിൽ നിങ്ങളോട് യുദ്ധം ചെയ്യുകയും നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങ

ളെ പുറത്താക്കുകയും, നിങ്ങളെ പുറത്താക്കുന്നതിൽ പരസ്പരം സഹകരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചു മാത്രമാണ് - അവരോട് മൈത്രി കാണിക്കുന്നത്- അല്ലാഹു നിരോധിക്കുന്നത്. വല്ലവരും അവരോട് മൈത്രീബന്ധം പുലർത്തുന്ന പക്ഷം അവർ തന്നെയാകുന്നു അക്രമകാരികൾ." (60 അൽ മുംതഹന:8-9)

"അക്കാരണത്താൽ ഇസ്രാഈൽ സന്തതികൾക്ക് നാം ഇപ്രകാരം വിധി നൽകുകയുണ്ടായി. മറ്റൊരാളെ കൊന്നതിന്നു പകരമായോ ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിൻെറ പേരിലോ അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ, അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ, അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു. നമ്മുടെ ദൂതന്മാർ വ്യക്തമായ തെളിവുകളുമായി അവരുടെ (ഇസ്രഈല്യരുടെ) അടുത്ത് ചെന്നിട്ടുണ്ട്. എന്നിട്ട് അതിനു ശേഷവും അവരിൽ ധാരാളം പേർ ഭൂമിയിൽ അതിക്രമം പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്." (5 അൽമാഇദ: 32)

ഇസ്‌ലാം മനുഷ്യൻെറ മുഴുവൻ സ്വഭാവ പെരുമാറ്റങ്ങളിലും ഇടപെട്ടുകൊണ്ട് നിയന്ത്രിക്കുന്നു; അതിലൂടെ ചരിത്രത്തിലുടനീളം ശക്തമായ സമൂഹങ്ങളെയും അതിമഹത്തായ നാഗരികതകളെയും കെട്ടിപ്പടുക്കുന്നു. ശാസ്ത്രീയ ഗവേഷണത്തിന് അടിത്തറയിടാനും മനുഷ്യൻെറ ചിന്താസ്വാതന്ത്ര്യം അംഗീകരിച്ചു കൊടുക്കാനും അതിന് സാധിച്ചു. നീതി, സഹിഷ്ണുത, മാനുഷിക മൂല്യങ്ങളോടുള്ള ആദരവ്, നേട്ടങ്ങളിൽ പങ്കാളികളാകാൻ മുസ്‌ലിംകളല്ലാത്ത മറ്റുള്ള സമൂഹങ്ങളെക്കൂടി പ്രോൽസാഹിപ്പിക്കൽ തുടങ്ങിയ ഭൂമികയിൽ ശക്തമായ അടിത്തറ പാകിക്കൊണ്ടാണ് ഇസ്‌ലാം പടുത്തുയർത്തപ്പെട്ടത്. ഇതെല്ലാം കൂടിവന്നപ്പോൾ വ്യത്യസ്ത വംശങ്ങളും വർഗങ്ങളും ഒത്തുകൂടി ഒരു മഹത്തായ നാഗരികതക്കും സംസ്കാരത്തിനും അടിത്തറ പാകുന്നതിൽ പങ്കാളികളായി.

സമകാലിക ലോകത്ത് നൂതനാശയമായി ജന്മം കൊണ്ടതും, ആക്രമണോത്സുകവുമായ ഭീകരതയുടെ നുഴഞ്ഞുകയറ്റത്തെ ഇസ്‌ലാം അപലപിക്കുന്നു. കാരണം അത് സാധാരണക്കാരെയും, സമാധാനം ആഗ്രഹിക്കുന്നവരെയും ആക്രമിക്കുകയും ഭയപ്പെടുത്തുകയും ചെയ്യുന്നതാണ്. പരിക്കേറ്റവരെയും, തടവുകാരെയും, സ്ത്രീകളെയും കൊല്ലുക എന്നതും, സ്വത്ത് നശിപ്പിക്കുക എന്ന

തും, ലക്ഷ്യങ്ങൾ സാധിക്കുന്നതിന് അനീതിയുടെ മാർഗ്ഗങ്ങൾ സ്വീകരിക്കുക എന്നതും ഇസ്ലാം അപലപിക്കുന്ന കാര്യങ്ങളാകുന്നു. 'ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുന്നു' എന്ന തത്വം ഇസ്ലാമിക സങ്കൽപ്പത്തിൽ പെട്ടതല്ല.

"(നബിയേ,) പറയുക: നിങ്ങൾ വരൂ! നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയത് നിങ്ങൾക്ക് ഞാൻ പറഞ്ഞു കേൾപ്പിക്കാം. അവനോട് യാതൊന്നിനെയും നിങ്ങൾ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നന്മ ചെയ്യണം. ദാരിദ്ര്യം കാരണമായി സ്വന്തം മക്കളെ നിങ്ങൾ കൊന്നുകളയരുത്. നാമാണ് നിങ്ങൾക്കും അവർക്കും ആഹാരം തരുന്നത്. പ്രത്യക്ഷവും പരോക്ഷവുമായ നീചവൃത്തികളെ നിങ്ങൾ സമീപിച്ചു പോകരുത്. അല്ലാഹു പരിപാവനമാക്കിയ ജീവനെ ന്യായപ്രകാരമല്ലാതെ നിങ്ങൾ ഹനിച്ചു കളയരുത്. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കാൻ വേണ്ടി അവൻ (അല്ലാഹു) നിങ്ങൾക്ക് നൽകിയ ഉപദേശമാണത്." (6 അൽ-അൻആം: 151)

ഇക്കാര്യം നാം വഴിയേ വിവരിക്കുന്നുണ്ട്. അരക്ഷിതത്വം, അക്രമം, പീഢനം തുടങ്ങിയ ദുരിതങ്ങളിലേക്ക് നയിക്കുന്ന അസൂയ, അഹങ്കാരം, ലുബ്ധ് എന്നിങ്ങനെയുള്ള ദുർഗുണങ്ങളിൽ

നിന്നും ആത്മാവിനെ ശുദ്ധീകരിക്കുകയും സ്വഭാവത്തെ സംസ്കരിക്കുകയും ചെയ്യുന്ന അതിശക്തമായ ഒരു വ്യവസ്ഥയും അവക്രമമായ മാർഗരേഖയും ഇസ്‌ലാം നമുക്ക് സമർപ്പിക്കുന്നു.

നിഖില നിലപാടുകളിലും സൃഷ്ടികളോടുള്ള പെരുമാറ്റത്തിലും സ്നേഹം, ഉദാരത, കാരുണ്യം, സമാധാനം എന്നിവയെ നിദാന മാക്കിക്കൊണ്ട് സൗമ്യമായ നിലപാട് സ്വീകരിക്കണമെന്നും അതാവശ്യപ്പെടുന്നു. സഹനം, വിവേകം, വിട്ടുവീഴ്ച തുടങ്ങിയ വിശിഷ്ട ഗുണങ്ങളിലൂടെ വിഭൂഷിതനാകാനും ഇസ്‌ലാം പ്രോൽസാഹിപ്പിക്കുന്നു. സ്രഷ്ടാവായ അല്ലാഹുവിനെ അറിഞ്ഞ് കണ്ടെത്തുന്ന, ഗ്രഹിച്ച് ബോധ്യപ്പെടുന്ന, ദോഷബാധയെ സൂക്ഷിക്കുക എന്ന ലക്ഷ്യത്തോടെ സദാ കർമ്മനിരതനാകുന്ന ഒരു വ്യക്തിയായി ഇസ്‌ലാം മനുഷ്യനെ സൃഷ്ടിക്കുന്നു; അസത്യത്തോടും വിനാശങ്ങളോടും അവൻ ഒരിക്കലും രാജിയാകില്ല; ഭൂമിയിൽ അല്ലാഹുവിൻെറ ഉന്നതമായ നിയമ വ്യവസ്ഥയുടെ പ്രയോക്താവെന്ന നിലയിൽ പ്രതിനിധിയാകാൻ ആത്മ സമർപ്പണം ചെയ്യും; താൻ കഴിഞ്ഞു കൂടുന്ന മണ്ണിനെ പരിചരിച്ച് നിവാസ യോഗ്യമാക്കിത്തീർക്കും. അവിടെയുള്ള ജനങ്ങൾക്കെല്ലാം അവൻ ഒരു ഉപകാരിയായി മാറും.

## II. മാധ്യമങ്ങൾ തെറ്റായ പ്രചാരണങ്ങൾ നൽകിയിട്ടും ഇസ്‌ലാം പ്രചരിക്കുന്നത് എന്തുകൊണ്ട്?

മുഹമ്മദ് നബി(സ്വ)ക്ക് വിശുദ്ധ വേദഗ്രന്ഥമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട നാളുമുതൽ അദ്ദേഹവും അവിടുത്തെ അനുയായികളും കടുത്ത പ്രതിരോധത്തിന് വിധേയരായിത്തീർന്നു. ദൈവദൂതർക്കെതിരെ തൻെറ പ്രബോധന കാലമത്രയും ശത്രുക്കളിൽ നിന്നുള്ള ആക്രമണം തുടർന്നുപോന്നു. ഇസ്‌ലാമിൻെറ ചിത്രം വികൃതമാക്കാനുള്ള അവരുടെ നിരവധി ശ്രമങ്ങൾ നിരന്തരം നടന്നിട്ടുണ്ട്. എന്നിരുന്നാലും ഇസ്‌ലാം അതെല്ലാം മറികടന്ന് വ്യാപിക്കുകയും വികസിക്കുകയും ചെയ്തു. ശത്രുക്കളെ അത്ഭുതപ്പെടുത്തുന്ന തരത്തിൽ അതിൻെറ എതിരാളികളിൽ നിന്നുള്ള ധാരാളം ആളുകളെ അതിലേക്കത് കുട്ടിച്ചേർത്തു. അവർ തിരുദൂതരെയും വിശുദ്ധഖുർആനിനെയും 'സിഹ്ർ' (ആഭിചാരം) എന്നാണ് വിശേഷിപ്പിച്ചത്. അവരുടെ അഹങ്കാരമാണ് തങ്ങളുടെ ഹൃദയങ്ങളെ സത്യത്തിനെതിരെ അന്ധമാക്കിയതെതെന്ന് ഈ ശത്രുക്കൾ അറിഞ്ഞില്ല. അതവരുടെ കണ്ണുകളിൽ മറയിട്ടു. ഇസ്‌ലാം ആകർഷിക്കപ്പെടാനുള്ള പ്രധാന കാരണം യുക്തിയെയും

ബുദ്ധിയെയും അത് ഉപയോഗപ്പെടുത്തി; സത്യ ത്തിനും നീതിക്കും വേണ്ടി അത് നിലക്കൊണ്ടതാണ് കാരണം എന്നവർ മനസ്സിലാക്കിയില്ല. ഇസ്‌ലാമിന് മുമ്പുള്ള അജ്ഞാന കാലഘട്ടത്തിലെ ചിന്തകളിൽ നിന്നും, മനുഷ്യനെ ബന്ദിയാക്കുന്ന പാരമ്പര്യാചാര ങ്ങളിൽ നിന്നും മോചനം നേടാൻ അത് ആഹ്വാനം ചെയ്തു. വർഗ വർണ്ണ വ്യത്യാസമില്ലാതെ എല്ലാ വിഭാഗം ജനങ്ങളുടെയും അവകാശങ്ങൾ ഇസ്‌ലാം സംരക്ഷിച്ചു. പ്രത്യേകിച്ച് സ്ത്രീകളുടെ സ്വാത ന്ത്ര്യവും അന്തസ്സും ഉയർത്തിക്കൊണ്ടുവരേണ്ട ബാധ്യത അതേറ്റെടുക്കുകയും ചെയ്തു. ഇസ്‌ലാ മിൻെറ തനതും ആകർഷണീയവുമായ ചില സവിശേഷതകളുടെ രത്നച്ചുരുക്കം താഴെ പറയാം.

## 1. ഇസ്‌ലാം സ്രഷ്ടാവിൻെറ ഏകത്വ ഗ്രാഹ്യ തക്ക് കാവൽ നിന്നു.

ദൈവികതയെക്കുറിച്ചുള്ള ഇസ്‌ലാമിൻെറ വിശ്വാസ സിദ്ധാന്തം തത്വചിന്തകളിൽ നിന്നും സങ്കീർണ്ണമായ കെട്ടിക്കുടുക്കുകളിൽ നിന്നും മുക്തമായ ലളിതവും പ്രകൃതിപരവുമായ അടിത്തറയിൽ നിലകൊള്ളുന്ന ഒന്നാകുന്നു. കുട്ടികൾക്കും, മുതിർന്നവർക്കും, പണ്ഡിതനും, നിരക്ഷരനും ഒരുപോലെ അത് മന

സ്സിലാക്കുവാൻ സാധിക്കുന്നു. സ്രഷ്ടാവും രാജാധിരാജനും ലോക രക്ഷിതാവുമായവൻ ഏകനാകുന്നു; അവനെപ്പോലെ മറ്റൊന്നുമില്ല; അവൻെറ സൃഷ്ടികളിൽ നിന്ന് ഒന്നും അവനോട് സാദൃശ്യമുള്ളവയല്ല. അവന് പങ്കുകാരോ, സന്താനങ്ങളോ, സഹധർമ്മിണിയോ ഇല്ല. അവന് നിഷ്കളങ്കമായി ആരാധനയർപ്പിക്കലും, മധ്യവർത്തിയില്ലാതെ നേരിട്ട് അവനിലേക്ക് തിരിയലും, അവൻെറ വിധിനിർണ്ണയം (ക്വദാ-ക്വദ്ർ) അംഗീകരിക്കലും നിർബ്ബന്ധമാകുന്നു.

"പറയുക കാര്യം അല്ലാഹു ഏകനാകുന്നു എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവനു തുല്ല്യനായി ആരും ഇല്ലതാനും." (വിശുദ്ധ ഖുർആൻ അധ്യായം 112)

വിശുദ്ധ ക്വുർആനിലെ 2-ാം അധ്യായം 255-ാമത്തെ വചനം ശ്രദ്ധിക്കുക. "അല്ലാഹു- അവനല്ലാതെ വേറെ ആരാധ്യനില്ല. ജീവനുള്ളവൻ; സ്വയം പര്യാപ്തനായ സർവ്വ നിയന്താവ്. അവനെ ഒരു വിധ മയക്കവും ഉറക്കവും ബാധിക്കുകയില്ല. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവൻേറതാണ്. അവൻെറ അനുവാദമില്ലാതെ അവൻെറയടുത്ത്

ശുപാർശ ചെയ്യുന്നവൻ ആരുണ്ട്?. അവരുടെ മുമ്പി ലുള്ളതും പിമ്പിലുള്ളതും അവന് അറിയാം. അവ ൻെറ അറിവിൽ നിന്ന് അവനുദ്ദേശിച്ചതല്ലാതെ അവർ യാതൊന്നും അറിയുന്നില്ല. അവൻെറ പീഠം ആകാശഭൂമികളെ ഉൾക്കൊണ്ടിരിക്കുന്നു. അവയുടെ സംരക്ഷണം അവന് ഭാരമുള്ളതല്ല. അവൻ അത്യു ന്നതനും മഹത്വമേറിയവനുമാകുന്നു."

## 2. കൂട്ടിച്ചേർത്തോ, വെട്ടിച്ചുരുക്കിയോ വിശുദ്ധ ക്വുർആനിനെ ശത്രുക്കൾ നശിപ്പിക്കുന്നതിൽ നിന്ന് ഇസ്‌ലാം സംരക്ഷിച്ചു.

വിശുദ്ധ ക്വുർആൻ ജിബ്‌രീൽ(അ) എന്ന മലക്ക് മുഖേന മുഹമ്മദ് നബി(സ്വ)ക്ക് ഇറക്കപ്പെട്ട അതേ രൂപത്തിൽ സമ്പൂർണ്ണമായി അതിൻെറ യഥാർത്ഥ ഭാഷയിൽതന്നെ യാതൊരു മാറ്റത്തിരുത്തലുകൾക്കും ഏറ്റക്കുറച്ചിലുകൾക്കും വിധേയമാകാതെ ഇന്നു വരെ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ലോക രക്ഷിതാവിൻെറ കരാറനുസരിച്ച് അതേ നിലയിൽ അവശേഷിക്കു കയും ചെയ്യും. ഈ വിവരം രഹസ്യമായതോ പൂഴ്ത്തിവെക്കപ്പെട്ടതോ അല്ല. മറിച്ച്, മുഴുവൻ മുസ്‌ലിംകളിലൂടെയും പ്രസ്തുത വിവരം സമൂഹ ത്തിന് കൈമാറ്റം ചെയ്യപ്പെട്ടുകൊണ്ടേയിരിക്കുന്നു.

അക്കാര്യം ഏതൊരാൾക്കും ഖുർആനിന്റെ പതിപ്പ് എടുത്ത് നോക്കി പരിശോധിച്ച് ബോധ്യപ്പെടാവുന്നതാണ്.

"തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്. (15-അൽഹിജ്ർ: 09)

## 3. ഇസ്ലാം മുൻകഴിഞ്ഞ വേദങ്ങളും ഏടുകളും അംഗീകരിക്കുന്നു; പൂർവ്വ പ്രവാചകന്മാരെയും ദൈവദൂതന്മാരെയും ആദരിക്കുന്നു.

ഇസ്ലാമിന്റെ പ്രത്യേകതകളിൽ ഒന്നാണ് അത് മുൻകഴിഞ്ഞ വേദങ്ങളെയും ഏടുകളെയും സത്യപ്പെടുത്തുന്നു എന്നത്. മാത്രമല്ല ഇക്കാര്യം വിശ്വാസത്തിന്റെ അടിത്തറയായി ഇസ്ലാം പ്രഖ്യാപിക്കുകയും ചെയ്തു. എല്ലാ ദൈവദൂതന്മാരെയും ആദരിക്കുകയും കുറവുകളിൽ നിന്നും സമൂഹത്തിൽ പ്രചരിപ്പിക്കപ്പെട്ട തെറ്റിദ്ധാരണകളിൽ നിന്നും അവരെ സംരക്ഷിക്കുകയും ചെയ്തു. ലോകരക്ഷിതാവിനു വേണ്ടിയുള്ള അവരുടെ നിഷ്കളങ്കതയും ദിവ്യദൗത്യത്തിലുള്ള ഏകത്വവും പ്രമാണ ബന്ധിതമായി ഇസ്ലാം അംഗീകരിച്ചു.

“നിങ്ങൾ പറയുക: അല്ലഹുവിലും, അവങ്കൽ നിന്ന് ഞങ്ങൾക്ക് അവതരിപ്പിച്ചു കിട്ടിയതിലും, ഇബ്റാഹീമിനും, ഇസ്മാഈലിനും, ഇസ്ഹാഖിനും, യഅ്ഖൂബിനും, യഅ്ഖൂബ് സന്തതികൾക്കും അവതരിപ്പിച്ചു കൊടുത്തതിലും, മൂസാ, ഈസാ എന്നിവർക്ക് നൽകപ്പെട്ടതിലും, സർവ്വ പ്രവാചകന്മാർക്കും അവരുടെ രക്ഷിതാവിങ്കൽ നിന്ന് നൽകപ്പെട്ടതിലും (സന്ദേശങ്ങളിലും) ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപ്പിക്കുന്നില്ല. ഞങ്ങൾ അവന് (അല്ലാഹുവിന്) കീഴ്പ്പെട്ടു ജീവിക്കുന്നവരാകുന്നു.” (2- അൽബഖറ: 136)

## 4. ഇസ്‌ലാം എല്ലാവരുടെയും വിശ്വാസ സ്വാതന്ത്ര്യം അംഗീകരിക്കുകയും എന്നാൽ ഇതരവിശ്വാസികളെ സംവാദത്തിന് ക്ഷണിക്കുകയും ചെയ്യുന്നു.

വേദക്കാരായ ജൂത ക്രൈസ്തവ സമൂഹത്തോട് സംവദിക്കാനുള്ള വാതിൽ വിശുദ്ധഖുർആൻ എക്കാലവും തുറന്നുവെച്ചിട്ടുണ്ട്. വിശുദ്ധ ഖുർആനിൽ വിവിധ സ്ഥലങ്ങളിൽ അത് നമുക്ക് കാണാവുന്നതാണ്. ഇസ്‌ലാം ചിന്താസ്വാതന്ത്ര്യവും വിട്ടുവീഴ്ചയും വേദക്കാരോട് ഏറ്റവും നല്ല നിലയിൽ സംവദി

ക്കാനുമുള്ള അവസരവും നൽകുന്നു. വിശുദ്ധ ഖുർആൻ അവസാന വേദഗ്രന്ഥവും മുഹമ്മദ് നബി (സ്വ) അന്തിമ പ്രവാചകനും ഇസ്ലാമിക ശരീഅത്ത് അവസാന മതനിയമവുമാണെന്നിരിക്കെ മതത്തിൻെറ അടിസ്ഥാന വിഷയങ്ങളിൽ സംവാദ ത്തിനും ചർച്ചക്കുമുള്ള അവസരങ്ങൾ എല്ലാവർക്കും തുറന്നുവെച്ചിട്ടുണ്ട്. “മതത്തിൽ ബലാൽക്കാരമില്ല” എന്ന ക്വുർആനിക സൂക്തത്തിലൂടെ വിശ്വാസ സ്വാതന്ത്ര്യം ഇസ്ലാമിൻെറ തണലിൽ സംരക്ഷി ക്കപ്പെട്ടിട്ടുണ്ട്. മറ്റുള്ളവരുടെ പവിത്ര ചിഹ്നങ്ങളെ ആദരിക്കണമെന്ന വിശുദ്ധ ക്വുർആനിൻെറ ശാസന യുടെ അടിസ്ഥാനത്തിൽ ഇസ്ലാം അതിൻെറ ശുദ്ധ പ്രകൃതിയിലധിഷ്ടിതമായ വിശ്വാസ സംഹിത ആ രിലും അടിച്ചേൽപ്പിക്കുന്നില്ല. ഇസ്ലാമേതര വിശ്വാ സികളുമായുള്ള കരാറുകളും ഉടമ്പടികളും പാലിക്കു ന്നതിനെ ഇസ്ലാം ആദരണീയമായി കാണുന്നു. എന്നു മാത്രമല്ല കരാർ പാലിക്കാത്ത, പരസ്പരമുള്ള ഉടമ്പടികൾ ലംഘിക്കുന്ന ചതിയന്മാരും വഞ്ചക ന്മാരും ആയവരോട് ഗൗരവമായി പെരുമാറണമെ ന്നും അവരോട് യാതൊരു സൗഹൃദവും വേണ്ടതില്ല എന്നും മറ്റും മുസ്ലിംകളെ ഇസ്ലാം ഉണർത്തി യിട്ടുണ്ട്.

“നിനക്ക് അല്ലാഹു കാണിച്ചുതന്നതനുസരിച്ച് ജന ങ്ങൾക്കിടയിൽ നീ വിധി കൽപ്പിക്കുവാൻ വേണ്ടി

യാണ് സത്യപ്രകാരം നാം നിനക്ക് വേദഗ്രന്ഥം അവതരിപ്പിച്ചു തന്നിട്ടുള്ളത്. നീ വഞ്ചകന്മാർക്ക് വേണ്ടി വാദിക്കുന്നവനാകരുത്. അല്ലാഹുവോട് പാപ മോചനം തേടുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. ആത്മ വഞ്ചന നടത്തിക്കൊണ്ടിരിക്കുന്ന ആളുകൾക്കു വേണ്ടി നീ തർക്കിക്കരുത്. മഹാവഞ്ചകനും അധർമ്മകാരിയുമായ ഒരാളെയും അല്ലാഹു ഇഷ്ടപ്പെടുകയേ ഇല്ല." (4. അന്നിസാഅ്: 105-107)

"മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങൾ അവർക്ക് നന്മചെയ്യുന്നതും നിങ്ങൾ അവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു." (60.അൽ-മുംതഹന:8)

"സത്യവിശ്വാസികളെ, നിങ്ങൾക്ക് മുമ്പ് വേദഗ്രന്ഥം നൽകപ്പെട്ടവരിൽ നിന്ന് നിങ്ങളുടെ മതത്തെ തമാശയും വിനോദ വിഷയവുമാക്കിത്തീർത്തവരെയും സത്യനിഷേധികളെയും നിങ്ങൾ ഉറ്റമിത്രങ്ങളായി സ്വീകരിക്കരുത്. നിങ്ങൾ സത്യവിശ്വാസികളാണെ

ങ്കിൽ അല്ലാഹുവെ സൂക്ഷിക്കുവിൻ." (5. അൽമാഇദ: 57)

വിശുദ്ധ ഖുർആൻ വിവിധ സ്ഥലങ്ങളിലായി മുസ്‌ലിംകളോട് യുദ്ധം ചെയ്യുകയും, തങ്ങളുടെ ഭവനങ്ങളിൽ നിന്നും തങ്ങളെ പുറത്താക്കുകയും ചെയ്യുന്നവരോട് മൈത്രി വേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

"മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യുകയും നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കുകയും നിങ്ങളെ പുറത്താക്കുന്നതിൽ പരസ്പരം സഹകരിക്കുകയും ചെയ്തവരെ സംബന്ധിച്ചു മാത്രമാണ്- അവരോട് മൈത്രി കാണിക്കുന്നത്- അല്ലാഹു നിരോധിക്കുന്നത്. വല്ലവരും അവരോട് മൈത്രീബന്ധം പുലർത്തുന്ന പക്ഷം അവർ തന്നെയാകുന്നു അക്രമകാരികൾ." (60. അൽമുംതഹന: 9)

വേദക്കാരായ ജൂത ക്രൈസ്തവർ ഒന്നടങ്കം ശത്രുത വെച്ചു പുലർത്തുന്നവരല്ല എന്നും അവരിൽ വിശ്വാസികളും നല്ലവരും നന്മ കൽപ്പിക്കുകയും തിന്മ വിരോധിക്കുകയും സുകൃതങ്ങൾക്കായി പരിശ്രമിക്കുകയും ചെയ്യുന്നവരുണ്ട് എന്നും അല്ലാഹു പറയുന്നു. അവരുടെ പരിശ്രമങ്ങൾ അവൻ പാഴാക്കില്ല എന്നും വിശുദ്ധ ഖുർആനിൽ ഒന്നിലധികം സ്ഥലങ്ങളിൽ വ്യക്തമാക്കുന്നു.

“അവരെല്ലാം ഒരു പോലെയല്ല. നേർമാർഗ്ഗത്തിൽ നിലകൊള്ളുന്ന ഒരു സമൂഹവും വേദക്കാരിലുണ്ട്. രാത്രി സമയങ്ങളിൽ സുജൂദിൽ (അഥവാ നമസ്കാരത്തിൽ) ഏർപ്പെട്ടുകൊണ്ട് അവർ അല്ലാഹുവിൻെറ വചനങ്ങൾ പാരായണം ചെയ്യുന്നു. അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും, സദാചാരം കല്പിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, നല്ല കാര്യങ്ങളിൽ അത്യുത്സാഹം കാണിക്കുകയും ചെയ്യും. അവർ സജ്ജനങ്ങളിൽ പെട്ടവരാകുന്നു.” (3. ആലുഇംറാൻ 113-114)

“തീർച്ചയായും വേദക്കാരിൽ ഒരു വിഭാഗമുണ്ട്. അല്ലാഹുവിലും നിങ്ങൾക്കവതരിപ്പിക്കപ്പെട്ട വേദത്തിലും അവർക്കവതരിപ്പിക്കപ്പെട്ട വേദത്തിലും അവർ വിശ്വസിക്കും. (അവർ) അല്ലാഹുവോട് താഴ്മയുള്ളവരായിരിക്കും. അല്ലാഹുവിൻെറ വചനങ്ങൾ വിറ്റ് അവർ തുച്ഛമായ വില വാങ്ങുകയില്ല. അവർക്കാകുന്നു തങ്ങളുടെ രക്ഷിതാവിങ്കൽ അവരർഹിക്കുന്ന പ്രതിഫലമുള്ളത്. തീർച്ചയായും അല്ലാഹു അതിവേഗം കണക്കുനോക്കുന്നവനാകുന്നു.” (3. ആലുഇംറാൻ: 199)

“(മുഹമ്മദ് നബിയിൽ) വിശ്വസിച്ചവരോ, യഹൂദമതം സ്വീകരിച്ചവരോ, ക്രൈസ്തവരോ, സ്വാബിഉകളോ ആരാകട്ടെ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വ

സിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവർക്ക് അവരുടെ രക്ഷിതാവിങ്കൽ അവർ അർഹിക്കുന്ന പ്രതിഫലമുണ്ട്. അവർക്ക് ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല.” (2. അൽബഖറഃ 62)

## 5. ഇസ്‌ലം ബുദ്ധി-വിചാരങ്ങളുടെ ന്യായശാസ്ത്രങ്ങൾ പരാജയപ്പെടുത്തുന്നു; പ്രപഞ്ചത്തെക്കുറിച്ച് ചിന്തിക്കാനും ആലോചിക്കാനും ആവശ്യപ്പെടുന്നു.

ഇസ്‌ലാം അന്ധമായ വിശ്വാസം സ്വീകരിക്കാൻ ആവശ്യപ്പെടുകയോ അതിലേക്ക് ക്ഷണിക്കുകയോ ചെയ്യുന്നില്ല. മറിച്ച് അത് മനുഷ്യരോട് അല്ലാഹുവിൻെറ ദൃഷ്ടാന്തത്തെക്കുറിച്ച് ചിന്തിക്കുവാനും അവൻെറ മുൻമാതൃകയില്ലാത്ത സൃഷ്ടിവൈഭവത്തെപ്പറ്റി ആലോചിക്കുവാനും ഭൂമിയിലൂടെ സഞ്ചരിച്ച് കാര്യങ്ങൾ നോക്കിക്കാണുവാനും പ്രാപഞ്ചിക പ്രതിഭാസങ്ങളിലേക്ക് കണ്ണയക്കുവാനും പ്രസ്തുത വിഷയത്തിൽ ബുദ്ധി ഉപയോഗിക്കുവാനും ചിന്തയെയും യുക്തിബോധത്തെയും തട്ടിയുണർത്താനും വക്രമനസ്സിലൂടെയല്ലാതെ കാര്യങ്ങളെ നേരാംവണ്ണം നോക്കിക്കാണുവാനും മനുഷ്യരോട് ആവശ്യപ്പെടുന്നു. മനുഷ്യ

ശരീരത്തിലേക്കും ചക്രവാളത്തിലേക്കും ആവർത്തിച്ചാവർത്തിച്ച് നോക്കുവാനും അത് മനുഷ്യരോട് പറയുന്നു. അങ്ങനെചെയ്താൽ അവൻ തേടിക്കൊണ്ടിരിക്കുന്ന ചോദ്യത്തിൻെറ ഉത്തരം കണ്ടെത്താൻ അവന് സാധിക്കും. സ്രഷ്ടാവിൻെറ അസ്തിത്വത്തെക്കുറിച്ച് അവന് സ്വയം ബോധ്യപ്പെടും എന്ന കാര്യത്തിൽ സംശയത്തിനവകാശമില്ല. ഈ അണ്ഡകടാഹം വെറുതെ ഉണ്ടായതല്ലെന്നും അതിനെല്ലാം കൃത്യമായ ലക്ഷ്യമുണ്ടെന്നും ഇതൊന്നും പാഴ്പ്ര വർത്തനങ്ങളല്ലെന്നും അവന് ബോധ്യപ്പെടും. പൂർണ്ണമായ സ്തൃപ്തിയും ഉറപ്പും ലഭിക്കുകയും ചെയ്യും. അങ്ങനെ അവൻെറ പര്യവേഷണ യാത്രയുടെ അവസാനം **"ആരാധനക്ക് അർഹനായി അല്ലാഹു അല്ലാതെ മറ്റാരും ഇല്ല"** എന്ന ഇസ്‌ലാമിൻെറ മുഖ്യമായ ആത്യന്തിക സത്യത്തിലേക്കെത്തിച്ചേരും.

“ഏഴു ആകാശങ്ങളെ അടുക്കുകളായി സൃഷ്ടിച്ചവനാകുന്നു അവൻ. പരമകാരുണികൻെറ സൃഷ്ടിപ്പിൽ യാതൊരു ഏറ്റക്കുറവും നീ കാണുകയില്ല. എന്നാൽ നീ ദൃഷ്ടി ഒന്നുകൂടി തിരിച്ചുകൊണ്ടുവരൂ വല്ല ‘വിടവും’ നീ കാണുന്നുണ്ടോ? പിന്നീട് രണ്ട് തവണ നീ കണ്ണിനെ തിരിച്ചു കൊണ്ടുവരൂ. നിൻെറ അടുത്തേക്ക് ആ കണ്ണ് പരാജയപ്പെട്ട നിലയിലും പരവശമായിക്കൊണ്ടും മടങ്ങി വരും.” (67. അൽ-മുൽക് :3-4)

“ഇത് (ഖുർആൻ) സത്യമാണെന്ന് അവർക്ക് വ്യക്ത മാകത്തക്കവണ്ണം വിവിധ ദിക്കുകളിലും അവരിൽ തന്നെയും നമ്മുടെ ദൃഷ്ടാന്തങ്ങൾ വഴിയെ നാം അവർക്ക് കാണിച്ചുകൊടുക്കുന്നതാണ്. നിൻെറ രക്ഷി താവ് ഏതു കാര്യത്തിനും സാക്ഷിയാണ് എന്നതു തന്നെ മതിയാകുന്നതല്ലേ?” (41. ഹാമീം സജദ: 53)

“ആകാശഭൂമികളുടെ സൃഷ്ടിപ്പിലും, രാപ്പകലുകളുടെ മാറ്റത്തിലും, മനുഷ്യർക്കുപകാരമുള്ള വസ്തുക്കളു മായി കടലിലൂടെ സഞ്ചരിക്കുന്ന കപ്പലിലും, ആകാ ശത്ത് നിന്ന് അല്ലാഹു മഴ ചൊരിഞ്ഞുതന്നിട്ട് നിർജ്ജീ വാവസ്ഥയ്ക്കു ശേഷം ഭൂമിക്ക് അത് മുഖേന ജീവൻ നൽകിയതിലും, ഭൂമിയിൽ എല്ലാത്തരം ജന്തു വർഗ്ഗങ്ങളെയും വ്യാപിപ്പിച്ചതിലും കാറ്റുകളുടെ ഗതി ക്രമത്തിലും ആകാശ ഭൂമികൾക്കിടയിലൂടെ നിയന്ത്രിച്ച് നയിക്കപ്പെടുന്ന മേഘത്തിലും ചിന്തിക്കുന്ന ജനങ്ങ ൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്: തീർച്ച. (2 അൽ-ബഖറ:164)

“രാവിനെയും പകലിനെയും സൂര്യനെയും ചന്ദ്രനെ യും അവൻ നിങ്ങൾക്ക് വിധേയമാക്കി തന്നിരിക്കു ന്നു. നക്ഷത്രങ്ങളും അവൻെറ കൽപനയാൽ വിധേ യമാക്കപ്പെട്ടവ തന്നെ. ചിന്തിക്കുന്ന ആളുകൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തമുണ്ട്.” (16. അന്നഹ്ൽ: 12)

“ആകാശമാകട്ടെ നാം അതിനെ ശക്തിയാൽ നിർമ്മിച്ചിരിക്കുന്നു. തീർച്ചയായും നാം വികസിപ്പിച്ചെടുക്കുന്നവനാകുന്നു.” (51 അദ്ദാരിയാത്ത്:47)

“ആകാശത്തു നിന്ന് നാം ഒരു നിശ്ചിത അളവിൽ വെള്ളം ചൊരിയുകയും എന്നിട്ട് നാം അതിനെ ഭൂമിയിൽ തങ്ങിനിൽക്കുന്നതാക്കുകയും ചെയ്തിരിക്കുന്നു. അത് വറ്റിച്ചുകളയാൻ തീർച്ചയായും നാം ശക്തനാകുന്നു. അങ്ങനെ അത്(വെള്ളം)കൊണ്ട് നാം ഈത്തപ്പനകളുടെയും മുന്തിരിവള്ളികളുടെയും തോട്ടങ്ങൾ വളർത്തിത്തന്നു. അവയിൽ നിങ്ങൾക്ക് ധാരാളം പഴങ്ങളുണ്ട്. അവയിൽ നിന്ന് നിങ്ങൾ തിന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു.” (23 അൽ-മുഅ്മിനൂൻ: 18-19)

“നീ കണ്ടില്ലേ, അല്ലാഹു ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞു. എന്നിട്ട് ഭൂമിയിലെ ഉറവിടങ്ങളിൽ അതവൻ പ്രവേശിപ്പിച്ചു. അനന്തരം അതു മുഖേന വ്യത്യസ്ത വർണ്ണങ്ങളിലുള്ള വിള അവൻ ഉൽപാദിപ്പിക്കുന്നു. പിന്നെ അത് ഉണങ്ങിപ്പോകുന്നു. അപ്പോൾ അത് മഞ്ഞനിറം പൂണ്ടതായി നിനക്ക് കാണാം. പിന്നീട് അവൻ അതിനെ വൈക്കോൽ തുരുമ്പാക്കുന്നു. തീർച്ചയായും അതിൽ ബുദ്ധിമാന്മാർക്ക് ഒരു ഗുണപാഠമുണ്ട്.” (39 അസ്സുമർ 21)

“ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നു വെന്നും എന്നിട്ട് നാം അവയെ വേർപെടുത്തുക യാണുണ്ടായതെന്നും സത്യനിഷേധികൾ കണ്ടില്ലേ? വെള്ളത്തിൽ നിന്ന് എല്ലാ വസ്തുക്കളെയും നാം ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും അവർ വിശ്വ സിക്കുന്നില്ലേ?” (21 അൽഅമ്പിയാഅ്: 30)

“ഭൂമി അവരെയും കൊണ്ട് ഇളകാതിരിക്കാനായി അതിൽ നാം ഉറച്ചു നിൽക്കുന്ന പർവ്വതങ്ങളുണ്ടാ ക്കുകയും ചെയ്തിരിക്കുന്നു. അവർ വഴി കണ്ടെ ത്തേണ്ടതിനായി അവയിൽ (പർവ്വതങ്ങളിൽ) നാം വിശാലമായ പാതകളേർപ്പെടുത്തുകയും ചെയ്തിരി ക്കുന്നു.” (21 അൽഅമ്പിയാഅ്: 31)

“തീർച്ചയായും മനുഷ്യനെ കളിമണ്ണിൻെറ സത്ത യിൽ നിന്ന് നാം സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഒരു ബീജമായിക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥാനത്ത് വെച്ചു. പിന്നെ ആ ബീജത്തെ നാം ഒരു ഭ്രൂണമായി രൂപപ്പെടുത്തി. അനന്തരം ആ ഭ്രൂണത്തെ നാം ഒരു മാംസപിണ്ഡമായി രൂപപ്പെടുത്തി. തുടർന്ന് നാം ആ മാംസപിണ്ഡത്തെ അസ്ഥി കൂടമായി രൂപ പ്പെടുത്തി. എന്നിട്ട് നാം അസ്ഥി കൂടത്തെ മാംസം കൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു. അപ്പോൾ ഏറ്റവും

നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹ പൂർണ്ണനായിരിക്കുന്നു." (23 അൽമുഅ്മിനൂൻ:12-14)

"മനുഷ്യരെ, ഉയിർത്തെഴുന്നേൽപിനെപ്പറ്റി നിങ്ങൾ സംശയത്തിലാണെങ്കിൽ (ആലോചിച്ചു നോക്കുക:) തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽ നിന്നും, പിന്നീട് ബീജത്തിൽ നിന്നും, പിന്നീട് ഭ്രൂണത്തിൽ നിന്നും, അനന്തരം രൂപം നൽകപ്പെട്ടതും രൂപം നൽകപ്പെടാത്തതുമായ മാംസപിണ്ഡത്തിൽ നിന്നും സൃഷ്ടിച്ചത്. നാം നിങ്ങൾക്ക് കാര്യങ്ങൾ വിശദമാക്കിത്തരാൻ വേണ്ടി (പറയുകയാകുന്നു.) നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരവധി വരെ നാം ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്തുകൊണ്ടുവരുന്നു. അനന്തരം നിങ്ങൾ നിങ്ങളുടെ പൂർണ്ണശക്തി പ്രാപിക്കുന്നതുവരെ (അവൻ നിങ്ങളെ വളർത്തുന്നു.) (നേരത്തെ) ജീവിതം അവസാനിപ്പിക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. അറിവുണ്ടായിരുന്നതിന് ശേഷം യാതൊന്നും അറിയാതാകും വിധം ഏറ്റവും അവശമായ പ്രായത്തിലേക്ക് മടക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. ഭൂമി വരണ്ടു നിർജീവമായി കിടക്കുന്നതായി നിനക്ക് കാണാം. എന്നിട്ട് അതിന്മേൽ നാം വെള്ളം ചൊരിഞ്ഞാൽ അത് ഇളകുകയും വികസിക്കുകയും, കൗതുകമുള്ള എല്ലാ തരം

ചെടികളെയും അത് മുളപ്പിക്കുകയും ചെയ്യുന്നു." (22 അൽഹജ്ജ്: 5)

"സൃഷ്ടിച്ചവനായ നിൻെറ രക്ഷിതാവിൻെറ നാമത്തിൽ നീ വായിക്കുക"(96 അൽഅലഖ്:1)

"അതല്ല, പരലോകത്തെപ്പറ്റി ജാഗ്രത പുലർത്തുകയും തൻെറ രക്ഷിതാവിൻെറ കാരുണ്യം ആശിക്കുകയും ചെയ്തുകൊണ്ട് സാഷ്ടാംഗം ചെയ്തും, നിന്നു പ്രാർത്ഥിച്ചും രാത്രി സമയങ്ങളിൽ കീഴ്വണക്കം ചെയ്യുന്നവനോ (അതല്ല സത്യനിഷേധിയോ ഉത്തമൻ?) പറയുക അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ? ബുദ്ധിമാന്മാർ മാത്രമേ ആലോചിച്ചു മനസ്സിലാക്കുകയുള്ളൂ." (39 അസ്സുമർ:9)

"മനുഷ്യരിലും മൃഗങ്ങളിലും കന്നുകാലികളിലും അതുപോലെ വിഭിന്ന വർണ്ണങ്ങളുള്ളവയുണ്ട്. അല്ലാഹുവെ ഭയപ്പെടുന്നത് അവൻെറ ദാസന്മാരിൽ നിന്ന് അറിവുള്ളവർ മാത്രമാകുന്നു. തീർച്ചയായും അല്ലാഹു പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു." (35 അൽഫാത്വിർ: 28)

# 6. ഇസ്‌ലാം ആദ്യപാപത്തിൽ നിന്ന് മനുഷ്യനെ മോചിപ്പിച്ചു

ഓരോ കുഞ്ഞും ജനിക്കുന്നത് നിഷ്കളങ്കനായും പാപരഹിതനുമായാകുന്നു. ആദിമ മനുഷ്യനായ ആദമിൻെറ ആദ്യപാപം അദ്ദേഹത്തിൻെറ രക്ഷിതാവ് പൊറുത്തുകൊടുത്തതിലൂടെ മനുഷ്യനോട് വിട്ടുവീഴ്ചയും അവൻെറ പാപങ്ങൾക്ക് മാപ്പു നൽകുകയും ചെയ്യുന്ന ഒരു രക്ഷിതാവ് ഉണ്ട് എന്ന കാര്യമാണ് നമ്മെ ആദ്യം പഠിപ്പിക്കുന്നത്. തൻെറ പാപത്തിന് ഉത്തരവാദി ഓരോ മനുഷ്യനും ആകുന്നു. "ഓരോ വ്യക്തിയും താൻ പ്രവർത്തിച്ചു വെച്ചതിന് പണയപ്പെട്ടവനാകുന്നു" (74 അൽമുദ്ദസിർ:38) അതാണ് ലോകരക്ഷിതാവിൻെറ നീതി. ഒരു മനുഷ്യനെയും അവൻ ചെയ്യാത്ത തെറ്റിൻെറ പേരിൽ വിചാരണ ചെയ്യുകയോ ശിക്ഷിക്കുകയോ ചെയ്യില്ല. അതേപോലെ അവന് മോക്ഷം ലഭിക്കുന്നത് അവൻെറ വിശ്വാസവും അവൻെറ തന്നെ സൽകർമ്മങ്ങളുമനുസരിച്ചുമാകുന്നു. അല്ലാഹു മനുഷ്യന് ഭൗതിക ജീവിതം നൽകുകയും ജീവിത പരീക്ഷണങ്ങളിൽ തെരഞ്ഞെടുക്കാനുള്ള അവസരം അവന് നൽകുകയും ചെയ്തിട്ടുണ്ട്. അതിനാൽ അവൻെറ ചെയ്തികൾക്ക് അവൻ തന്നെയാണ് ഉത്തരവാദി.

“പാപഭാരം വഹിക്കുന്ന യാതൊരാളും മറ്റൊരാളുടെ പാപഭാരം ഏറ്റെടുക്കുകയില്ല. ഭാരം കൊണ്ട് ഞെരുങ്ങുന്ന ഒരാൾ തന്റെ ചുമട് താങ്ങുവാൻ (ആരെയെങ്കിലും) വിളിക്കുന്ന പക്ഷം അതിൽ നിന്ന് ഒട്ടും തന്നെ ഏറ്റെടുക്കപ്പെടുകയില്ല. (വിളിക്കുന്നത്) അടുത്ത ബന്ധുവിനെയാണെങ്കിൽ പോലും. തങ്ങളുടെ രക്ഷിതാവിനെ അദൃശ്യമായ വിധത്തിൽ ഭയപ്പെടുകയും നമസ്ക്കാരം മുറപോലെ നിർവ്വഹിക്കുകയും ചെയ്യുന്നവർക്ക് മാത്രമേ നിന്റെ താക്കീത് ഫലപ്പെടുകയുള്ളൂ. വല്ലവനും വിശുദ്ധി പാലിക്കുന്ന പക്ഷം തന്റെ സ്വന്തം നന്മക്കായി തന്നെയാണ് അവൻ വിശുദ്ധി പാലിക്കുന്നത്. അല്ലാഹുവിങ്കലേക്കാണ് മടക്കം.” (35 ഫാത്വിർ: 16)

മുഹമ്മദ് നബി (സ്വ) പറഞ്ഞു: “ഏതൊരു കുഞ്ഞും പിറന്നു വീഴുന്നത് ശുദ്ധപ്രകൃതിയിലാകുന്നു. അവന്റെ രക്ഷിതാക്കളാണ് അവനെ ജൂതനോ ക്രൈസ്തവനോ മജൂസിയോ ആക്കുന്നത്.” (ബുഖാരി)

## 7. ഇസ്‌ലാം മനുഷ്യനെ പ്രപഞ്ചത്തിൻെറ സ്വര-താളത്തിൽ സന്തുലിതമാക്കുന്നു.

പ്രപഞ്ചത്തിലെ സകല സൃഷ്ടി ജാലങ്ങളും അവയുടെ സ്രഷ്ടാവിനെ സ്തുതിക്കുകയും അവന് സ്തോത്രം അർപ്പിക്കുകയും ചെയ്യുന്നു. ഇസ്‌ലാം സ്രഷ്ടാവിനും സൃഷ്ടിയായ മനുഷ്യനുമിടയിലുള്ള ബന്ധത്തെ തുറന്നുകൊടുക്കുമ്പോൾതന്നെ അതിൻെറ പ്രകൃതിപരമായ ചേർച്ചയെ ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു. സർവ്വലോക രക്ഷിതാവിലേക്കെത്തിക്കുന്ന അവക്രമായ ഒരു സരണിയിലേക്ക് അവനെ നയിക്കുകയും ചെയ്യുന്നു.

“അപ്പോൾ അല്ലാഹുവിൻെറ മതമല്ലാത്ത മറ്റുവല്ല മതവുമാണോ അവരാഗ്രഹിക്കുന്നത്. (വാസ്തവത്തിൽ) ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം അനുസരണയോടെയോ നിർബന്ധിതരായോ അവന് കീഴ്പ്പെട്ടിരിക്കുകയാണ്. അവനിലേക്ക് തന്നെയാണ് അവർ മടക്കപ്പെടുന്നതും.” (3 ആലുഇംറാൻ: 83)

“അല്ലാഹുവിനാണ് ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം പ്രണാമം ചെയ്തുകൊണ്ടിരിക്കുന്നത്. സുമനസ്സോടെയും നിർബന്ധിതരായിട്ടും പ്രഭാതങ്ങളിലും സായാഹ്നങ്ങളിലും അവരുടെ നിഴലുകളും (അവന് പ്രണാമം ചെയ്യുന്നു)” (13 അർറഅ്ദ്:15)

## 8. ഇസ്‌ലാം പാതിവ്രത്യവും വിശുദ്ധിയും കൽപ്പിക്കുന്നു

ധാർമ്മിക സദാചാര മൂല്യങ്ങൾക്ക് ശോഷണം സംഭവിക്കുകയും കുടുംബ ജീവിതം തകർന്നു കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ വിഷയങ്ങളിലുള്ള പ്രശ്ന പരിഹാരത്തിന് മുഴുവൻ മാർഗനിർദ്ദേശങ്ങളും നിരവധി അധ്യായങ്ങളിലൂടെ വിശുദ്ധ ക്വുർആൻ മുന്നോട്ടു വെക്കുന്നു.

“ആദം സന്തതികളേ, നിങ്ങൾക്കു നാം നിങ്ങളുടെ ഗോപ്യസ്ഥാനങ്ങൾ മറയ്ക്കാനുതകുന്ന വസ്ത്രവും അലങ്കാര വസ്ത്രവും നൽകിയിരിക്കുന്നു. ധർമ്മ നിഷ്ഠയാകുന്ന വസ്ത്രമാകട്ടെ അതാണ് കൂടുതൽ ഉത്തമം. അവർ ശ്രദ്ധിച്ചു മനസ്സിലാക്കുവാൻ വേണ്ടി അല്ലാഹു അവതരിപ്പിക്കുന്ന തെളിവുകളിൽ പെട്ട തത്രേ അത്.” (7 അൽഅഅ്റാഫ്: 26)

“(നബിയേ,) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തു സൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു. സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും,

അവരുടെ ഗുഹ്യാവയവങ്ങൾ കാത്തു സൂക്ഷിക്കുവാനും അവരുടെ ഭംഗിയിൽ നിന്ന് പ്രത്യക്ഷമായതൊഴിച്ച് മറ്റൊന്നും വെളിപ്പെടുത്താതിരിക്കുവാനും നീ പറയുക. അവരുടെ മക്കനകൾ കുപ്പായമാറുകൾക്ക് മീതെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ. അവരുടെ ഭർത്താക്കന്മാർ, അവരുടെ പിതാക്കൾ, അവരുടെ ഭർതൃപിതാക്കൾ, അവരുടെ പുത്രന്മാർ, അവരുടെ ഭർതൃപുത്രന്മാർ, അവരുടെ സഹോദരന്മാർ, അവരുടെ സഹോദര പുത്രന്മാർ, അവരുടെ സഹോദരീ പുത്രന്മാർ, മുസ്ലിംകളിൽ നിന്നുള്ള സ്ത്രീകൾ, അവരുടെ വലംകൈകൾ ഉടമപ്പെടുത്തിയവർ (അടിമകൾ), ലൈംഗികാസക്തി ഉള്ളവരല്ലാത്ത പുരുഷന്മാരായ പരിചാരകർ, സ്ത്രീകളുടെ രഹസ്യങ്ങൾ മനസ്സിലാക്കിയിട്ടില്ലാത്ത കുട്ടികൾ എന്നിവരൊഴിച്ച് മറ്റാർക്കും തങ്ങളുടെ ഭംഗി അവർ വെളിപ്പെടുത്തരുത്. തങ്ങൾ മറച്ചുവെക്കുന്ന തങ്ങളുടെ അലങ്കാരം അറിയപ്പെടുവാൻ വേണ്ടി അവർ കാലിട്ടടിക്കുകയും ചെയ്യരുത്. സത്യവിശ്വാസികളെ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് ഖേദിച്ചു മടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം." (24 അന്നൂർ: 30-31)

"നബിയേ, നിൻെറ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെ മേൽ താഴ്ത്തിയിടാൻ പറയുക. അവർ തിരിച്ചറിയപ്പെടുവാനും അങ്ങനെ

അവർ ശല്യം ചെയ്യപ്പെടാതിരിക്കാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു." (23 അൽ അഹ്സാബ് 59)

## 9. ഇസ്ലാം സമീകരണം, നിഷ്പക്ഷത, മധ്യമ നിലപാട്, വിട്ടുവീഴ്ച എന്നിവയിൽ നിലകൊള്ളുന്നു.

"അപ്രകാരം നാം നിങ്ങളെ ഒരു ഉത്തമ സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും, റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനും വേണ്ടി." (2 അൽബഖറ142)

"നിങ്ങൾക്ക് നിങ്ങളുടെ മതം എനിക്ക് എന്റെ മതം". (109 അൽകാഫിറൂൻ 6)

"ആദം സന്തതികളെ, എല്ലാ ആരാധനാലയത്തിങ്കലും (അഥവാ എല്ലാ ആരാധനാ വേളകളിലും) നിങ്ങൾക്കലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചു കൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല." (7 അൽഅഅ്റാഫ്:31)

“നിൻെറ കൈകൾ നീ പിരടിയിലേക്ക് ബന്ധിക്കപ്പെട്ടതാക്കരുത്. അത് (കൈ) മുഴുവനായങ്ങ് നീട്ടിയിടുകയും ചെയ്യരുത്. അങ്ങനെ ചെയ്യുന്നപക്ഷം നിന്ദിതനും കഷ്ടപ്പെട്ടവനുമായിരിക്കേണ്ടിവരും.” (17 അൽ ഇസ്റാഅ്:29)

ജാബിർ (റ) നിവേദനം. നബി(സ്വ) പറഞ്ഞു: “വാങ്ങുമ്പോഴും, വിൽക്കുമ്പോഴും, കടം തിരികെ ചോദിക്കുമ്പോഴും വിട്ടുവീഴ്ച ചെയ്യുന്നയാൾക്ക് അല്ലാഹു കരുണ ചൊരിയട്ടെ” (ബുഖാരി)

## 10. ഇസ്‌ലാം: ലോക രക്ഷിതാവിൻെറ കാരുണ്യത്തെക്കുറിച്ച് ഒരിക്കലും നിരാശയില്ല.

“പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ”. (1. അൽഫാത്തിഹ: 1)

“പറയുക, സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചുപോയ എൻെറ ദാസന്മാരേ അല്ലാഹുവിൻെറ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും.” (39 അസ്സുമർ:53)

“ഭൂമിയിൽ നന്മ വരുത്തിയതിന് ശേഷം നിങ്ങളവിടെ നാശമുണ്ടാക്കരുത്. ഭയപ്പാടോടുകൂടിയും പ്രതീക്ഷ യോടു കൂടിയും നിങ്ങൾ അവനെ വിളിച്ച് പ്രാർത്ഥി ക്കുക. തീർച്ചയായും അല്ലാഹുവിൻെറ കാരുണ്യം സൽക്കർമ്മകാരികൾക്ക് സമീപസ്ഥമാകുന്നു.” (7 അൽഅഅ്റാഫ് 56)

“നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവർ നിൻെറ അടുക്കൽ വന്നാൽ നീ പറയുക നിങ്ങൾക്ക് സമാ ധാനമുണ്ടായിരിക്കട്ടെ. നിങ്ങളുടെ രക്ഷിതാവ് കാരു ണ്യത്തെ തൻെറമേൽ (ബാധ്യതയായി) നിശ്ചയിച്ചി രിക്കുന്നു. അതായത് നിങ്ങളിൽ നിന്നാരെങ്കിലും അവിവേകത്താൽ വല്ല തിന്മയും ചെയ്തു പോകുക യും എന്നിട്ടതിനുശേഷം പശ്ചാത്തപിക്കുകയും നിലപാട് നന്നാക്കിത്തീർക്കുകയും ചെയ്യുന്നപക്ഷം അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയു മാകുന്നു.” (6 അൽഅൻആം :54)

അബൂഹുറൈറ (റ) നിവേദനം: നബി (സ്വ) പറഞ്ഞു: അല്ലാഹു സൃഷ്ടിപ്പ് നടത്തിയ സന്ദർഭത്തിൽ തൻെറ അടുക്കൽ സിംഹാസനത്തിലുള്ള തൻെറ ഗ്രന്ഥ ത്തിൽ അവൻ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "നിശ്ചയം എൻെറ കാരുണ്യം എൻെറ കോപത്തെ മുൻകടന്നിരിക്കുന്നു.” (ബുഖാരി മുസ്‌ലിം)

## 11. ഇസ്‌ലാം സമത്വത്തിലേക്കും ഏകത്വത്തിലേക്കും ക്ഷണിക്കുന്നു; വർഗ്ഗീയതക്കെതിരെ പോരാടുകയും ചെയ്യുന്നു.

മനുഷ്യനെ അവനല്ലാത്ത ധാരാളം സൃഷ്ടികളെക്കാൾ അല്ലാഹു ആദരിച്ചു. അതേസമയം മനുഷ്യരെല്ലാം സമന്മാരാണെന്ന കാര്യത്തിലേക്ക് അവൻ ക്ഷണിക്കുകയും ചെയ്തു.

“തീർച്ചയായും ആദം സന്തതികളെ നാം ആദരിക്കുകയും കടലിലും കരയിലും അവരെ നാം വാഹനത്തിൽ കയറ്റുകയും വിശിഷ്ടമായ വസ്തുക്കളിൽ നിന്ന് നാമവർക്ക് ഉപജീവനം നൽകുകയും നാം സൃഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരെക്കാളും അവർക്ക് നാം സവിശേഷമായ ശ്രേഷ്ഠത നൽകുകയും ചെയ്തിരിക്കുന്നു.” (17 അൽഇസ്റാഅ്: 70)

മനുഷ്യർക്കിടയിൽ പരസ്പരം ആദരവിന്റെയും ശ്രേഷ്ഠതയുടെയും അളവുകോൽ ദോഷബാധയെ സൂക്ഷിക്കുക എന്ന ‘തക്വ്‌വ’യും സൽകർമ്മനിഷ്ഠയും മാത്രമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.

“ഹേ, മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരാണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കു

കയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹു വിൻെറ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീ യൻ നിങ്ങളിൽ ഏറ്റവും ധർമ്മനിഷ്ഠ പാലിക്കുന്നവ നാകുന്നു. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു." (49 അൽഹുജറാത്ത്:13)

നബി (സ്വ) പറഞ്ഞു: "ഓ മനുഷ്യരെ, അറിയുക നിങ്ങളുടെ രക്ഷിതാവ് ഒരുവനാകുന്നു. നിങ്ങളുടെ പിതാവും ഒരുവനാകുന്നു. അറിയുക, അറബിക്ക് അനറബിയെക്കാളോ, അനറബിക്ക് അറബിയെ ക്കാളോ, ചുവന്നവന് കറുത്തവനെക്കാളോ, കറുത്ത വന് ചുവന്നവനെക്കാളോ യാതൊരു ശ്രേഷ്ഠതയു മില്ല. തക്വ്വയുടെ അടിസ്ഥാനത്തിലല്ലാതെ." (അഹ്മദ്)

**ഈ പറയുന്ന സമത്വവും ഏകത്വവും ഇസ്ലാം അതിൻെറ നിരവധി ചിഹ്നങ്ങളിൽ നടപ്പിൽ വരുത്തിയതായി നമുക്ക് കാണാം.**

1. നിത്യേനയുള്ള പ്രധാന ആരാധനാ കർമ്മമായ നമസ്ക്കാരത്തിൽ വർഗ- വർണ- വംശ- സ്ഥാന വ്യത്യാസങ്ങൾ പരിഗണിക്കാതെ ഓരോ അണി യിലും എല്ലാവരും പരസ്പരം ചേർന്ന് നിൽക്കുന്നു.

2. അടിമ മോചനത്തിനായി ഇസ്‌ലാം ആഹ്വാനം ചെയ്തു. അത് പല തെറ്റുകളുടെയും പ്രായശ്ചിത്തമായി നിശ്ചയിക്കുകയും ചെയ്തു.

3. ഹജ്ജ് നോക്കൂ. ലോകത്തിൻെറ അഷ്ടദിക്കുകളിൽ നിന്നും മുസ്‌ലിം സമൂഹത്തിൻെറ വിവിധ തുറകളിൽ കഴിയുന്നവരിൽ പെട്ടവർ മക്കയിലേക്കെത്തിച്ചേരുന്നു. ഒരേ രൂപത്തിലുള്ളതും, ഒരേ നിറത്തിലുള്ളതുമായ വസ്ത്രം ധരിച്ച് ഒരേ സമത്ത്, ഒരേ സ്ഥലത്ത് അവർ ഒരുമിച്ചുകൂടുന്നു. അവിടെ സാമൂഹികമായ വേർതിരിവുകളില്ല. വിഭാഗീയതകളില്ല. തൊട്ടു കൂടായ്മയോ തീണ്ടിക്കൂടായ്മയോ ഇല്ല. ഹജ്ജ് കർമ്മത്തിൽ എല്ലാവരും തുല്യരാണ്.

തന്നെ ആരാധിക്കാനുള്ള പ്രഥമ ആലയമായി വിശുദ്ധ കഅ്ബയെ അല്ലാഹു പ്രഖ്യാപിച്ചത്, മുസ്‌ലിം ലോകം ഒന്നടങ്കം അവരുടെ നമസ്ക്കാരങ്ങളിൽ അതിൻെറ നേരെ തിരിയുമ്പോൾ ഭൂതലമാകെ സൃഷ്ടിക്കപ്പെടുന്ന മനുഷ്യവലയത്തെ അവരുടെ ഐക്യത്തിൻെറ പ്രതീകമാക്കിയത്, മക്കയെന്ന പുണ്യഭൂമിയെ ഭൗമകേന്ദ്രമായി അവൻ നിശ്ചയിച്ചത്, കഅ്ബയുടെ ചുറ്റും ഘടികാര സൂചിക്കെതിർദിശയിൽ പ്രപഞ്ച ചല

നത്തോടൊപ്പം താള-രാഗൈക്യത്തോടെ പ്രദക്ഷിണം ചെയ്യാൻ മുസ്‌ലിംകളോടാജ്ഞാപിക്കപ്പെട്ടത് തുടങ്ങിയ കാര്യങ്ങൾ ഒരു വശത്ത് നാം കാണുന്നു; അതേ സമയം തന്നെ മറുവശത്ത് ഇതുപോലെ ചില താളാത്മകതയും നമുക്ക് കാണാൻ കഴിയുന്നു. നിരന്തരമായി താരഗണങ്ങൾ അവയുടെ സഞ്ചാരപഥത്തിലൂടെ സൂര്യന് ചുറ്റും നീന്തിചലിക്കാൻ നിശ്ചയിച്ചത്, ന്യൂക്ളിയസിന് ചുറ്റും ഇലക്ട്രാണുകളെ കറങ്ങാനാക്കിയത്, ഹൃദയത്തെ കേന്ദ്രീകരിച്ചുകൊണ്ട് മനുഷ്യ ശരീരത്തിലുടനീളമുള്ള ധമനികളിൽ നിരന്തരമായി രക്തത്തെ പ്രവഹിപ്പിച്ചത്, എന്നുവേണ്ട പ്രകൃതിയിലെ കറങ്ങിത്തിരിഞ്ഞുകൊണ്ട് പ്രവർത്തന രീതി കാഴ്ചവെക്കുന്ന മുഴുവൻ ഭ്രമണ മണ്ഡലങ്ങളുമെല്ലാം ചില യാഥാർത്ഥ്യങ്ങളിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നുണ്ട്. അഥവാ അല്ലാഹുവിനെ ആരാധിക്കുന്നവരോട് തങ്ങളുടെ ചുറ്റുമുള്ള നിരവധി പ്രകൃതി വസ്തുക്കൾ ഐക്യപ്പെടുന്നതായി വിശുദ്ധ ക്വുർആൻ സ്ഥിരപ്പെടുത്തുന്നു. മഹാനായ ദാവൂദ് നബി(അ) അല്ലാഹുവിന് സ്തോത്രങ്ങളും കീർത്തനങ്ങളും നടത്തിയപ്പോൾ പ്രകൃതിയിലെ പർവ്വതങ്ങളോടും പറവകളോടും അതിൽ പങ്കുചേരാൻ അല്ലാഹു കല്പിച്ചു. “തീർച്ചയായും ദാവൂദിന് നാം

നമ്മുടെ പക്കൽ നിന്ന് അനുഗ്രഹം നൽകുകയുണ്ടായി. (നാം നിർദ്ദേശിച്ചു:) "പർവ്വതങ്ങളേ, നിങ്ങൾ അദ്ദേഹത്തോടൊപ്പം (കീർത്തനങ്ങൾ) ഏറ്റുചൊല്ലുക. പക്ഷികളേ, നിങ്ങളും. നാം അദ്ദേഹത്തിന് ഇരുമ്പ് മയപ്പെടുത്തികൊടുക്കുകയും ചെയ്തു." (34 സബഅ്: 10)

ഇസ്‌ലാം ധാരാളം രംഗങ്ങളിൽ പ്രപഞ്ചവും അതിലുള്ള സൃഷ്ടികളും ഒന്നടങ്കം ലോക രക്ഷിതാവിന് സ്തോത്രകീർത്തനം ചെയ്യുന്ന കാര്യം ഉറപ്പിച്ചു പറയുന്നു. ഭൂമിയുടെ ഗോള പ്രകൃതിയും സാങ്കൽപ്പിക അച്ചുതണ്ടിലുള്ള അതിൻെറ സ്വയം ഭ്രമണവും, അതിലൂടെ രാപ്പകലുകൾ മാറിമാറി വരുന്നതും, അതുപോലെ മുസ്‌ലിംകളുടെ കഅ്ബാ പ്രദക്ഷിണവും, കഅ്ബയെ ദിശയായി സ്വീകരിച്ചു കൊണ്ട് ഭൂമിയുടെ വിവിധ പ്രദേശങ്ങളിൽ നിന്നും നിത്യവുമുള്ള അവരുടെ അഞ്ചു നേരം നമസ്ക്കാരവുമെല്ലാം, ബ്രഹ്മാണ്ഡ നാഥനെ വാഴ്ത്തുകയും പ്രകീർത്തിക്കുകയും ചെയ്യുന്നതിലും ഇരുകൂട്ടരുടെയും അന്യോന്യ സമന്വയമായിക്കാണാവുന്നതാണ്.

## 12. ഇസ്‌ലാം സ്വാതന്ത്ര്യത്തിൻെറ മതമാകുന്നു.

വിശ്വാസ സ്വാതന്ത്ര്യവും, മതം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും അത് നൽകുന്നുണ്ട്. ഒരാൾക്ക് ഇസ്‌ലാം നൽകുന്ന പ്രധാനപ്പെട്ട അവകാശങ്ങളിൽ പെട്ടതാകുന്നു അവ.

“മതത്തിൻെറ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സന്മാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞു കഴിഞ്ഞിരിക്കുന്നു. ആകയാൽ ഏതൊ രാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാ ഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപ്പോവുകയേ ഇല്ല. അല്ലാഹു (എല്ലാം) കേൾ ക്കുന്നവനും അറിയുന്നവനുമാകുന്നു.” (2 അൽ ബഖറ:256)

### -അടിമത്തത്തിനെതിരെയുള്ള സമരം:

ഇസ്‌ലാമിന് മുമ്പ് വിവിധ ജനവിഭാഗങ്ങൾക്കി ടയിൽ സ്ഥിരപ്പെട്ട ഒരു നിയമമായിരുന്നു അടിമ സമ്പ്രദായം. അവർക്കിടിൽ ആ വിഷയത്തിൽ യാതൊരു നിയന്ത്രണങ്ങളോ വ്യവസ്ഥാപിത നിയമ ങ്ങളോ ഉണ്ടായിരുന്നില്ല. കടം വീട്ടാൻ കഴിയാതെ

വരുന്നവർ കടം കൊടുത്തയാളുകളുടെ അടിമ കളായി മാറുന്ന സാമ്പ്രദായിക നിയമങ്ങൾ. അതു പോലെ യുദ്ധത്തടവുകാർ നിരുപാധികം അടിമകളാ ക്കപ്പെടുന്ന അവസ്ഥ. ചില രാജ്യങ്ങളും ഗോത്ര ങ്ങളും അടിമകളെ മൃഗങ്ങളെപ്പോലെ വേട്ടയാടി യിരുന്നു. അടിമകൾ കച്ചവടച്ചരക്കു പോലെ കൈമാ റ്റം ചെയ്യപ്പെട്ടിരുന്നു. തൊഴിൽ കേന്ദ്രവും ആയിര ക്കണക്കിന് ആളുകൾക്കുള്ള ഉപജീവന മാർഗ്ഗവും അടിമകളായിരുന്നു. പ്രത്യേകിച്ച് വരേണ്യ വർഗ്ഗവും പ്രഭുക്കളും അവരെ ആ നിലക്കായിരുന്നു കണ്ടുപോ ന്നിരുന്നത്. അടികമകളുടെ ആധിക്യം സമ്പന്നതയു ടെയും സ്ഥാനമാനത്തിൻെറയും കുടുംബ ശക്തിയു ടെയും അടയാളമായി ഗണിച്ചു പോന്നിരുന്നു.

അടിമത്തം എന്ന പ്രതിഭാസത്തെ ഇല്ലായ്മ ചെയ്യാൻ ഇസ്‌ലാമിന് ശക്തി പ്രയോഗിക്കാമായിരുന്നു. പക്ഷെ അങ്ങനെ ചെയ്താൽ അത് ശത്രുതയിലേക്കും വിദ്വേഷത്തിലേക്കും നയിക്കും എന്നതിൽ സംശയ മില്ല. അതുപോലെ തന്നെ സമ്പദ് വ്യവസ്ഥയുടെ തകർച്ചക്കും അത് കാരണമാകും. കാരണം അന്ന ത്തെ സമ്പദ്വ്യവസ്ഥയുടെ വലിയൊരു ഭാഗം അടി മക്കച്ചവടത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. എന്നാൽ അടിമത്തത്തിനെതിരായ ഇസ്‌ലാമിൻെറ പോരാട്ടം അവരോടുള്ള സമൂഹത്തിൻെറ മുഴുവൻ കാഴ്ചപ്പാടും മനോഭാവവും മാറ്റുന്നതിനു വേണ്ടിയാ

യിരുന്നു. അവർ വിമോചനത്തിന് ശേഷം പൂർണ്ണ മായും സമൂഹത്തിൻെറ പ്രവർത്തനത്തിൽ പങ്കാളിക ളാകുന്നത് സമൂഹം ഉൾക്കൊള്ളുന്നതിനായിരുന്നു. അതാകട്ടെ പ്രകടനങ്ങളോ, പണിമുടക്കുകളോ, നിസ്സ ഹകരണങ്ങളോ, വംശീയ വിപ്ളവങ്ങളോ ഇല്ലാ തെയും ഇതിനെയൊന്നിനെപ്പോലും ആശ്രയിക്കാത്ത നിലക്കുമായിരുന്നു. വാളിനെ ആശ്രയിക്കാതെയും രക്തച്ചൊരിച്ചിൽ നടത്താതെയും അടിമത്വത്തിൻെറ ഉറവിടങ്ങൾ വറ്റിക്കാൻ ഇസ്‌ലാമിന് കഴിഞ്ഞു. അതോടൊപ്പം ഏത് വിധത്തിലുള്ള അടിമത്വത്തി നെയും തടയിടാനും ഇസ്‌ലാമിന് സാധിച്ചു.

**ഇസ്‌ലാമിനു മുമ്പുണ്ടായിരുന്ന അടിമത്വത്തിൻെറ ഉറവിടങ്ങൾ താഴെ പറയുന്നതു പോലെയാകുന്നു.**

- യുദ്ധത്തടവുകാർ അതിലൂടെ അടിമകളാക്കപ്പെട്ടു.

- ഭരണാധികാരി അധികാരത്തിലൂടെ തൻെറ പ്രജക ളിൽ നിന്നുള്ള ആരെയും അടിമകളാക്കിയിരുന്നു.

- ഒരു പിതാവ്, അല്ലെങ്കിൽ പിതാമഹന് തൻെറ സന്തതികളിൽ സമ്പൂർണ്ണ അധികാരമുള്ളയാൾ എന്ന നിലയിൽ തൻെറ സന്തതികളിൽ ഒരാളെ വിൽക്കാനോ, അല്ലെങ്കിൽ സമ്മാനമായി നൽകാനോ അതുമല്ലെങ്കിൽ കടം വീട്ടാൻ മറ്റൊരാളെ പകരം വയ്ക്കാനോ കഴിയും. ആ നിലയിലും അടിമയാക്കപ്പെട്ടിരുന്നു.

മുകളിൽ നാം പറഞ്ഞ അവസാനത്തെ രണ്ട് ഉറവിടങ്ങളെയും ഇസ്‌ലാം എന്നെന്നേക്കുമായി ഇല്ലാതാക്കി. ഭരണാധികാരിക്ക് തൻെറ പ്രജകളെ അടിമകളാക്കാനോ ആ നിലക്കുള്ള സമീപനം സ്വീകരിക്കാനോ ഇസ്‌ലാം അനുവദിക്കുന്നില്ല. എല്ലാവർക്കും ഉറപ്പുനൽകുന്ന സ്വാതന്ത്ര്യത്തിൻെറയും നീതിയുടെയും പരിധിക്കുള്ളിൽ ഇസ്‌ലാം ഭരണാധികാരികൾക്കും ഭരണീയർക്കും അവകാശങ്ങളും കടമകളും നൽകി. അതേസമയം നാം ആദ്യം പറഞ്ഞ യുദ്ധത്തടവുകാരുടെ വിഷയത്തിൽ ശത്രുതാമനോഭാവത്തോടുകൂടി പെറുമാറുന്നതിൽ ഇസ്‌ലാം നിയന്ത്രണമേർപ്പെടുത്തുകയും ചെയ്തു. എന്നിരുന്നാലും അവസാനം അടിമത്തം ഇല്ലായ്മ ചെയ്യുന്നതിനായി പാപപരിഹാരാർത്ഥമുള്ള പ്രായശ്ചിത്തത്തിന് അടിമമോചനം നിയമമാക്കുകയും, ദാനധർമ്മത്തിൻെറ വാതിൽ തുറക്കുകയും, അടിമ മോചനത്തിലൂടെ നന്മയെ പ്രോൽസാഹിപ്പിക്കുകയും അതെല്ലാം ലോക

രക്ഷിതാവിൻെറ സാമീപ്യം സിദ്ധിക്കുന്നതിനുള്ള കാരണമായി പ്രഖ്യാപിക്കുകയും ചെയ്തു. ഇതെല്ലാം കണക്കിലെടുക്കുമ്പോൾ ഇങ്ങനെ പടിപടിയായി അടിമ സമ്പ്രദായം ഇല്ലായ്മ ചെയ്യാനാണ് ഇസ്ലാം ശ്രമിച്ചത് എന്ന് വ്യക്തമാകും.

കൊളോണിയലിസ രണാങ്കണത്തിൽ പാശ്ചാത്യർ പ്രവേശിച്ചപ്പോൾ യുദ്ധം ചെയ്തത് ആളുകളെ അടിമകളായി പിടിച്ചെടുക്കാനായിരുന്നു. അതേ സമയം, ഒരാളുടെ മതം, ജീവൻ, സമ്പത്ത് എന്നിവ സംരക്ഷിക്കുവാനല്ലാതെ ഇസ്ലാം യുദ്ധം അനുവദിച്ചിട്ടില്ല.

മുസ്ലിംങ്ങൾ യുദ്ധം ചെയ്യാൻ നിർബ്ബന്ധിതരായ സന്ദർഭങ്ങളിൽ, തടവുകാരോട് നന്നായി പെരുമാറണമെന്ന് മുഹമ്മദ് നബി (സ്വ) തൻെറ അനുയായികളോട് കൽപ്പിച്ചു. അതോടൊപ്പം തടവുകാരിൽ നിന്ന് മോചനദ്രവ്യം വാങ്ങിയും അതില്ലാത്തവർക്ക് മുസ്ലിം സമൂഹത്തിലെ കുട്ടികൾക്ക് എഴുത്തും വായനയും അഭ്യസിപ്പിച്ചും സ്വാതന്ത്ര്യം നേടാൻ അനുവാദം നൽകുകയും കൊടുത്തു. ബന്ധികളാക്കുന്നതിനും ഇസ്ലാമിൽ ചില വ്യവസ്ഥകളുണ്ട്. മാതാവിൽ നിന്ന് കുട്ടിയെ വേർപിരിക്കാനോ, ഭർത്താവിൽ നിന്ന് ഭാര്യയെ വേർപിരിക്കാനോ,

അല്ലെങ്കിൽ സഹോദരനിൽ നിന്ന് മറ്റൊരു സഹോദരനെ വേർപെടുത്താനോ അനുവാദം നൽകുന്നില്ല.

പ്രായശ്ചിത്ത നടപടികളിലൂടെ അടിമകളെ മോചിപ്പിക്കാനുള്ള ഇസ്‌ലാമിൻെറ നിയമനിർമ്മാണം അതിശക്തമായ ഒരു യുദ്ധ പ്രഖ്യാപനമായിരുന്നു. ഉദാഹരണമായി റമദാനിൻെറ പകലിൽ നോമ്പുള്ളവനായിരിക്കെ തൻെറ ഭാര്യയെ പ്രാപിച്ചയാൾ പ്രസ്തുത പാപത്തിനുള്ള വിവിധ പരിഹാരങ്ങളിൽ ഒന്നാമത്തെ പ്രായശ്ചിത്തം ഒരു അടിമയെ മോചിപ്പിക്കുക എന്നതാണ്. അതുപോലെ അബദ്ധത്തിൽ കൊല നടത്തിയവനും അതിനുള്ള പ്രായശ്ചിത്തം അടിമ മോചനമാകുന്നു. സത്യത്തിൽ നിന്നോ, ശപഥത്തിൽ നിന്നോ പിന്മാറുന്നതിനും പ്രായശ്ചിത്തമായി അടിമ മോചനം നിയമമാക്കി. അതുപോലെ ഇസ്‌ലാം വിലക്കിയ "ദിഹാർ" ("ഇനിമേൽ നീയുമായുള്ള ലൈംഗിക ബന്ധം എനിക്ക് എൻെറ മാതാവുമായുള്ള ലൈംഗിക ബന്ധം പോലെ നിഷിദ്ധമാകുന്നു" എന്ന് പ്രഖ്യാപിച്ചുകൊണ്ട് ഒരാൾ തൻെറ ഭാര്യയുമായി ബന്ധം വിഛേദിക്കുന്ന സമ്പ്രദായം) എന്ന ദുരാചാരത്തിനും അതല്ലാത്തതിനും പ്രായശ്ചിത്തമായിട്ടുള്ളതും അടിമ മോചനം തന്നെയാണ്. ഇസ്‌ലാമിൻെറ നിർബ്ബന്ധ ദാനമായ സകാത്തിൽ നിന്നും ഒരു വിഹിതം ഈ ആവശ്യത്തി

നായി വിനിയോഗിക്കാനും ഇസ്‌ലാം അനുവാദം നൽകി.

സമാധാനപരമായ മാർഗ്ഗത്തിലൂടെ കഴിയുന്നത്ര വേഗത്തിൽ ഈ ജുഗുപ്സാ ജനകമായ വ്യവസ്ഥിതിയുടെ അന്ത്യം കുറിക്കുക എന്നതായിരുന്നു ഇസ്‌ലാമിൻെറ ലക്ഷ്യം. അങ്ങനെ തൻെറ യജമാനൻെറ കുഞ്ഞിന് ജന്മം കൊടുക്കുന്നവൾ കൈമാറ്റം ചെയ്യപ്പെടാൻ പാടില്ല എന്നും, യജമാനൻ മരണപ്പെട്ടാൽ സ്വയംതന്നെ അവൾ സ്വാതന്ത്ര്യയായിത്തീരുകയും ചെയ്യും എന്നും ഇസ്‌ലാം പ്രഖ്യാപിച്ചു. മുൻപ് നടന്നുവന്നിരുന്ന മുഴുവൻ പാരമ്പര്യങ്ങൾക്കും വിരുദ്ധമായി ഒരു അടിമ സ്ത്രീ യജമാനനാൽ പ്രസവിച്ച കുഞ്ഞിൻെറ പിതാവിലേക്ക് ചേർത്ത് കൊണ്ട് സ്വതന്ത്രനായി മാറുന്ന നിയമവും ഇസ്‌ലാം നടപ്പിലാക്കി. അതുപോലെ ഒരു അടിമക്ക് പണം കൊടുത്തോ നിശ്ചിത അവധിവരെ ജോലി നിശ്ചയിച്ചോ തൻെറ യജമാനനിൽ നിന്ന് സ്വതന്ത്രനാകാം എന്ന നിയമവും ഇസ്‌ലാം പ്രഖ്യാപിച്ചു.

“.......നിങ്ങളുടെ വലതു കൈകൾ ഉടമപ്പെടുത്തിയവരിൽ (അടിമകളിൽ) നിന്ന് മോചനക്കരാറിൽ ഏർപ്പെടാൻ ആഗ്രഹിക്കുന്നവരാരോ അവരുമായി നിങ്ങൾ മോചനക്കരാറിൽ ഏർപ്പെടുക. അവരിൽ നന്മയുള്ളതായി നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ.

അല്ലാഹു നിങ്ങൾക്ക് നൽകിയിട്ടുള്ള സമ്പത്തിൽ നിന്ന് അവർക്ക് നിങ്ങൾ നൽകി സഹായിക്കുകയും ചെയ്യുക. നിങ്ങളുടെ അടിമസ്ത്രീകൾ ചാരിത്ര്യ ശുദ്ധിയോടെ ജീവിക്കാനാഗ്രഹിക്കുന്നുണ്ടെങ്കിൽ ഐഹിക ജീവിതത്തിൻെറ വിഭവം ആഗ്രഹിച്ചു കൊണ്ട് നിങ്ങൾ അവരെ വേശ്യാവൃത്തിക്ക് നിർബ്ബന്ധിക്കരുത്. വല്ലവനും അവരെ നിർബ്ബന്ധിക്കുന്ന പക്ഷം അവർ നിർബ്ബന്ധിതരായി തെറ്റുചെയ്ത ശേഷം തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണ കാണിക്കുന്നവനുമാകുന്നു." (24 അന്നൂർ: 33)

ഒരടിമ തൻെറ യജമാനനിൽ നിന്ന് സ്വതന്ത്രനാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഉഭയകക്ഷി കരാറടിസ്ഥാനത്തിൽ അക്കാര്യം ആവശ്യപ്പെടാവുന്നതും അപ്പോൾ യജമാനൻ അതിനോട് യോജിക്കേണ്ടതും, സ്വാതന്ത്ര്യം ലഭിക്കുന്നതിന് അയാൾക്ക് ആവശ്യമുള്ള സഹായം ചെയ്തുകൊടുക്കേണ്ടതുമാണ്.

മാത്രമല്ല അടിമ മോചനത്തിന് സാധ്യമായ എല്ലാ സഹായങ്ങളും മുസ്ലിംകളുടെ പൊതു സ്വത്തിൽ നിന്നോ, രാജ്യത്തിൻെറ പൊതു ഖജനാവിൽ നിന്നോ നൽകി സഹായിക്കണമെന്നും ഇസ്ലാം നിർദ്ദേശിച്ചു. പൊതു ഖജനാവിലേക്ക് വന്ന "ഫിദ്യകൾ"

(പ്രായശ്ചിത്തം) ഈ ലക്ഷ്യത്തിനായി നബിയും സ്വഹാബികളും നൽകിയിരുന്നു.

## 13. ഇസ്‌ലാം നീതിയുടെ മതം

നീതിയെന്ന മൂലതത്ത്വത്തിനും മറ്റുള്ളവരുടെ അവകാശ സംരക്ഷണത്തിനും ഇതിൻെറ അഭാവത്തിൽ ഭൂമിയിൽ പൊട്ടിപ്പുറപ്പെടുന്ന കുഴപ്പങ്ങളെ പരിഹരിക്കാനും നിരവധി സൂക്തങ്ങളിലൂടെ വിശുദ്ധ ക്വുർആൻ വളരെ ഗൗരവമായി ഉണർത്തിയിട്ടുണ്ട്.

“മദ്‌യൻകാരിലേക്ക് അവരുടെ സഹോദരനായ ശുഐബിനെയും (അയച്ചു.) അദ്ദേഹം പറഞ്ഞു: എൻെറ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുക നിങ്ങൾക്ക് അവനല്ലാതെ ഒരു ആരാധ്യനില്ല. നിങ്ങൾക്ക് നിങ്ങളുടെ രക്ഷിതാവിൽ നിന്ന് വ്യക്തമായ തെളിവ് വന്നിട്ടുണ്ട്. അതിനാൽ നിങ്ങൾ അളവും തൂക്കവും തികച്ചുകൊടുക്കണം. ജനങ്ങൾക്കു അവരുടെ സാധനങ്ങളിൽ നിങ്ങൾ കമ്മി വരുത്തരുത് ഭൂമിയിൽ നന്മ വരുത്തിയതിന് ശേഷം നിങ്ങൾ വിശ്വാസികളാണെങ്കിൽ അതാണ് നിങ്ങൾക്ക് ഉത്തമം.” (7 അൽഅഅ്റാഫ്: 85)

“സത്യവിശ്വാസികളേ, നിങ്ങള്‍ അല്ലാഹുവിന് വേണ്ടി നിലകൊള്ളുന്നവരും നീതിക്ക് സാക്ഷ്യം വഹിക്കുന്ന വരുമായിരിക്കുക. ഒരു ജനതയോടുള്ള അമര്‍ഷം നീതി പാലിക്കാതിരിക്കാന്‍ നിങ്ങള്‍ക്ക് പ്രേരക മാകരുത്. നിങ്ങള്‍ നീതി പാലിക്കുക. അതാണ് ധര്‍മ്മ നിഷ്ഠയോട് ഏറ്റവും അടുത്തത് നിങ്ങള്‍ അല്ലാഹുവെ സൂക്ഷിക്കുക. തീര്‍ച്ചയായും നിങ്ങള്‍ പ്രവര്‍ത്തിക്കുന്നതിനെക്കുറിച്ചെല്ലാം അല്ലാഹു സൂക്ഷ്മ മായി അറിയുന്നവനാകുന്നു.” (5 അല്‍മാഇദ:8)

“വിശ്വസിച്ചേല്‍പ്പിക്കപ്പെട്ട അമാനത്തുകള്‍ അവയുടെ അവകാശികള്‍ക്ക് നിങ്ങള്‍ കൊടുത്തു വീട്ടണ മെന്നും, ജനങ്ങള്‍ക്കിടയില്‍ നിങ്ങള്‍ തീര്‍പ്പുകല്‍പ്പി ക്കുകയാണെങ്കില്‍ നീതിയോടെ തീര്‍പ്പ് കല്‍പ്പിക്ക ണമെന്നും അല്ലാഹു നിങ്ങളോട് കല്‍പ്പിക്കുന്നു. എത്രയോ നല്ല ഉപദേശമാണ് അവന്‍ നിങ്ങള്‍ക്ക് നല്‍കുന്നത്. തീര്‍ച്ചയായും എല്ലാം കേള്‍ക്കുന്ന വനും കാണുന്നവനുമാകുന്നു അല്ലാഹു.” (4 അന്നിസാഅ്: 58)

“തീര്‍ച്ചയായും അല്ലാഹു കല്‍പ്പിക്കുന്നത് നീതി പാലിക്കുവാനും നന്മ ചെയ്യുവാനും കുടുംബ ബന്ധമുള്ളവര്‍ക്ക് (സഹായം) നല്‍കുവാനുമാണ്. അവന്‍ വിലക്കുന്നത് നീചവൃത്തിയില്‍ നിന്നും ദുരാ ചാരത്തില്‍ നിന്നും അതിക്രമത്തില്‍ നിന്നുമാണ്.

നിങ്ങൾ ചിന്തിച്ചു ഗ്രഹിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് ഉപദേശം നൽകുന്നു.” (16 അന്നഹ്ൽ:90)

## 14. ഇസ്‌ലാം അവകാശങ്ങളെ സംരക്ഷിക്കുന്നു:

### - മറ്റുള്ളവരുടെ സാമൂഹികമായ അവകാശങ്ങൾ:

സാമൂഹിക കടമകൾ മറ്റുള്ളവരോടുള്ള വാത്സല്യം, ദയ, ആദരവ് എന്നിവ അടിസ്ഥാനമാക്കിയുള്ള തായിരിക്കണം എന്ന് ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നു. സമൂഹത്തെ ബന്ധിപ്പിക്കുന്ന എല്ലാ ബന്ധങ്ങളിലും ഇസ്‌ലാം അടിസ്ഥാനങ്ങളും മാനദണ്ഡങ്ങളും നിയന്ത്രണങ്ങളും നിർവ്വചിക്കുകയും അവകാശ ങ്ങളും കടമകളും നിർണ്ണയിക്കുകയും ചെയ്തു.

“സത്യവിശ്വാസികളേ, നിങ്ങൾ സദസ്സുകളിൽ സൗകര്യ പ്പെടുത്തി കൊടുക്കുക എന്ന് നിങ്ങളോട് പറയ പ്പെട്ടാൽ നിങ്ങൾ സൗകര്യപ്പെടുത്തി കൊടുക്കണം. എങ്കിൽ അല്ലാഹു നിങ്ങൾക്കും സൗകര്യപ്പെടുത്തി ത്തരുന്നതാണ്. നിങ്ങൾ എഴുന്നേറ്റ് പോകണമെന്ന് പറയപ്പെട്ടാൽ നിങ്ങൾ എഴുന്നേറ്റ് പോകണം. നിങ്ങളിൽ നിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പല പടികൾ ഉയർത്തു

ന്നതാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു." (58 മുജാദില: 11)

"…….അവരോട് നിങ്ങൾ മര്യദയോടെ സഹവർത്തി ക്കേണ്ടതുമാണ്. ഇനി നിങ്ങൾക്കവരോട് വെറുപ്പ് തോന്നുന്ന പക്ഷം (നിങ്ങൾ മനസ്സിലാക്കുക) നിങ്ങ ളൊരു കാര്യം വെറുക്കുകയും അതേ കാര്യത്തിൽ അല്ലാഹു ധാരാളം നന്മ നിശ്ചയിക്കുകയും ചെയ്തെന്ന് വരാം." (4 അന്നിസാഅ്: 19)

"നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവ നോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും, മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുകയും ചെയ്യുക. ബന്ധുക്കളോടും അനാഥകളോടും പാവ ങ്ങളോടും കുടുംബബന്ധമുള്ള അയൽക്കാരോടും സഹവാസിയോടും വഴിപോക്കനോടും നിങ്ങളുടെ വലതുകൈ ഉടമപ്പെടുത്തിയ അടിമകളോടും നല്ല നിലയിൽ വർത്തിക്കുക. പൊങ്ങച്ചക്കാരനും ദുരഭിമാ നിയുമായിട്ടുള്ള ആരെയും അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല." (4 അന്നിസാഅ്:36)

"ഹേ: സത്യവിശ്വാസികളെ, നിങ്ങളുടേതല്ലാത്ത വീടു കളിൽ നിങ്ങൾ കടക്കരുത്. നിങ്ങൾ അനുവാദം തേടുകയും ആ വീട്ടുകാർക്ക് സലാം പറയുകയും

ചെയ്തിട്ടല്ലാതെ. അതാണ് നിങ്ങൾക്ക് ഗുണകരം. നിങ്ങൾ ആലോചിച്ചു മനസ്സിലാക്കാൻ വേണ്ടിയത്രെ (ഇത് പറയുന്നത്)" (24 അന്നൂർ:27)

"ഇനി നിങ്ങൾ അവിടെ ആരെയും കണ്ടെത്തിയില്ലെങ്കിൽ നിങ്ങൾക്ക് സമ്മതം കിട്ടുന്നതുവരെ നിങ്ങൾ അവിടെ കടക്കരുത്. 'നിങ്ങൾ തിരിച്ചു പോകൂ' എന്ന് നിങ്ങളോട് പറയപ്പെട്ടാൽ നിങ്ങൾ തിരിച്ചു പോകണം. അതാണ് നിങ്ങൾക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അറിവുള്ളവനാകുന്നു." (24 അന്നൂർ: 28)

"സത്യവിശ്വാസികളേ, ഒരു അധർമ്മകാരി വല്ല വാർത്തയും കൊണ്ട് നിങ്ങളുടെ അടുത്ത് വന്നാൽ നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അറിയാതെ ഏതെങ്കിലും ജനതയ്ക്ക് നിങ്ങൾ ആപത്ത് വരുത്തിവെക്കുകയും എന്നിട്ട് ആ ചെയ്തതിന്റെ പേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്യാതിരിക്കാൻ വേണ്ടി." (49 അൽഹുജുറാത്ത്:6)

"സത്യവിശ്വാസികളിൽ നിന്നുള്ള രണ്ടു വിഭാഗങ്ങൾ പരസ്പരം പോരടിച്ചാൽ അവർക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കണം. എന്നിട്ടു രണ്ടിൽ ഒരു വിഭാഗം മറു വിഭാഗത്തിനെതിരിൽ അതിക്രമം കാണിച്ചാൽ അതിക്രമം കാണിക്കുന്ന വിഭാഗത്തോട് അവർ അല്ലാഹുവിന്റെ കൽപ്പനയിലേക്ക് മടങ്ങിവരുന്നത്

വരെ നിങ്ങൾ സമരം നടത്തണം. അങ്ങനെ ആ വിഭാഗം മടങ്ങിവരികയാണെങ്കിൽ നിങ്ങൾ നീതി പൂർവ്വം ആ രണ്ടു വിഭാഗങ്ങൾക്കിടയിൽ നിങ്ങൾ രജ്ഞിപ്പുണ്ടാക്കുകയും നിങ്ങൾ നീതിപാലിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു നീതിപാലിക്കു ന്നവരെ ഇഷ്ടപ്പെടുന്നു." (49 അൽഹുജുറാത്ത്:9)

"സത്യവിശ്വാസികൾ (പരസ്പരം) സഹോദരങ്ങൾ തന്നെയാകുന്നു. അതിനാൽ നിങ്ങളുടെ രണ്ടു സഹോദരങ്ങൾക്കിടയിൽ നിങ്ങൾ രജ്ഞിപ്പുണ്ടാ ക്കുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾക്കു കാരുണ്യം ലഭിച്ചേക്കാം." (49 അൽഹുജുറാത്ത്: 10)

"സത്യവിശ്വാസികളേ, ഒരു ജനവിഭാഗവും മറ്റൊരു ജനവിഭാഗത്തെ പരിഹസിക്കരുത്. ഇവർ (പരിഹസി ക്കപ്പെടുന്നവർ) അവരെക്കാൾ നല്ലവരായിരുന്നേക്കാം. ഒരു വിഭാഗം സ്ത്രീകൾ മറ്റൊരു വിഭാഗം സ്ത്രീക ളെയും പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെ ടുന്ന സ്ത്രീകൾ) മറ്റെവരെക്കാൾ നല്ലവരായിരു ന്നേക്കാം. നിങ്ങൾ അന്യോന്യം കുത്ത് വാക്കു പറ യരുത്. നിങ്ങൾ പരിഹാസപ്പേരുകൾ വിളിച്ച് പരസ്പരം അപമാനിക്കുകയും അരുത്. സത്യ വിശ്വാസം കൈകൊണ്ടതിനു ശേഷം അധാർമ്മി കമായ പേര് (വിളിക്കുന്നത്) എത്ര ചീത്ത! വല്ലവനും

പശ്ചാത്തപിക്കാത്ത പക്ഷം അത്തരക്കാർ തന്നെയാകുന്നു അക്രമികൾ." (49 അൽഹുജുറാത്ത്:11)

"സത്യവിശ്വാസികളേ, ഊഹത്തിൽ നിന്ന് മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും അരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചു പറയുകയും അരുത്. തൻെറ സഹോദരൻ മരിച്ചു കിടക്കുമ്പോൾ അവൻെറ മാംസം ഭക്ഷിക്കുവാൻ നിങ്ങളിൽ ആരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണ് ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു." (49 അൽഹുജുറാത്ത്: 12)

നബി (സ്വ) പറഞ്ഞു: "സ്വന്തത്തിന് വേണ്ടി ഇഷ്ടപ്പെടുന്ന കാര്യങ്ങൾ തൻെറ സഹോദരന് വേണ്ടിയും ഇഷ്ടപ്പെടാത്തിടത്തോളം നിങ്ങളിൽ ഒരാൾക്കും മുസ്‌ലിമാകാൻ കഴിയില്ല." (ബുഖാരി മുസ്‌ലിം)

## - മാതാപിതാക്കളെ ആദരിക്കൽ:

“തന്നെയല്ലാതെ മറ്റാരെയും നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ, അവരിൽ രണ്ട് പേരും തന്നെയോ നിന്റെ അടുക്കൽ വെച്ച് വാർദ്ധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ ‘ഛെ’ എന്ന് പറയുകയോ, കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക. കാരുണ്യത്തോട് കൂടി എളിമയുടെ ചിറക് നീ അവർ ഇരുവർക്കും താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റി വളർത്തിയതു പോലെ ഇവരോട് നീ കരുണ കാണിക്കേണമേ എന്ന് പറയുകയും ചെയ്യുക.” (17 അൽഇസ്റാഅ്:23-24)

“തന്റെ മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കണമെന്ന് നാം മനുഷ്യനോട് അനുശാസിച്ചിരിക്കുന്നു. അവന്റെ മാതാവ് പ്രയാസപ്പെട്ടുകൊണ്ട് അവനെ ഗർഭം ധരിക്കുകയും, പ്രയാസപ്പെട്ടുകൊണ്ട് അവനെ പ്രസവിക്കുകയും ചെയ്തു. അവന്റെ ഗർഭകാലവും മുലകുടി നിർത്തലും കൂടി മുപ്പത് മാസമാകുന്നു. അങ്ങനെ അവൻ തന്റെ പൂർണ്ണശക്തി പ്രാപിക്കുകയും നാൽപ്പതു വയസ്സി

ലെത്തുകയും ചെയ്താൽ ഇപ്രകാരം പറയും: എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തുതന്നിട്ടുള്ള അനുഗ്രഹത്തിന് നന്ദി കാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമ്മം പ്രവർത്തിക്കുവാനും നീ എനിക്ക് പ്രചോദനം നൽകേണമേ, എന്റെ സന്തതികളിൽ നീ എനിക്ക് നന്മയുണ്ടാക്കിത്തരികയും ചെയ്യേണമേ, തീർച്ചയായും ഞാൻ നിന്നിലേക്ക് ഖേദിച്ചു മടങ്ങിയിരിക്കുന്നു. തീർച്ചയായും ഞാൻ കീഴ്പ്പെടുന്നവരുടെ കൂട്ടത്തിലാകുന്നു." (46 അൽഅഹ്ഖാഫ്:15)

## - ബന്ധുക്കളോടുള്ള കടമകൾ:

"കുടുംബബന്ധമുള്ളവന് അവന്റെ അവകാശം നീ നൽകുക. അഗതിക്കും വഴിപോക്കനും (അവരുടെ അവകാശവും). നീ ധനം ദുർവ്യയം ചെയ്തു കളയരുത്." (17 അൽഇസ്റാഅ്: 26)

## - അയൽക്കാരോടുള്ള കടമകൾ:

നബി (സ്വ) പറഞ്ഞു: "അല്ലാഹു സത്യം അയാൾ വിശ്വാസിയാവുകയില്ല, അല്ലാഹു സത്യം അയാൾ വിശ്വാസിയാവുകയില്ല, അല്ലാഹു സത്യം അയാൾ വിശ്വാ

സിയാവുകയില്ല." അപ്പോൾ അയാൾ ആരാണ്? അല്ലാഹുവിൻെറ ദൂതരേ എന്ന് ചോദിക്കപ്പെട്ടു. അവിടുന്ന് പറഞ്ഞു: "തൻെറ ഉപദ്രവങ്ങളിൽ നിന്ന് അയൽവാസിക്ക് സുരക്ഷ കിട്ടാത്തവനാണവൻ." (ബുഖാരി, മുസ്‌ലിം)

നബി (സ്വ) പറഞ്ഞു: "അയൽക്കാരനാണ് ശുഫ്അത്തിന് ഏറ്റവും അർഹൻ. അയാൾ സ്ഥലത്തില്ലെങ്കിൽ എത്തിച്ചേരുന്നതു വരെ കാത്തിരിക്കേണ്ടതാണ്. അവരിരുവർക്കും (ഭൂസ്വത്തിൽ പ്രവേശിക്കാനുള്ള) വഴി ഒന്നുതന്നെയാണെങ്കിൽ." (അഹ്മദ്)

(ശുഫ്അത്ത് എന്നാൽ കൂട്ടുസ്വത്ത് വാങ്ങാൻ അതിൽ പങ്കാളിത്തമുള്ളവർക്ക് ഇസ്‌ലാം നൽകുന്ന മുൻഗണനാവകാശമാകുന്നു. വിവ.)

നബി (സ്വ) പറഞ്ഞു: ഓ അബൂദർറേ, നീ ഒരു കറിയുണ്ടാക്കിയാൽ അതിൽ വെള്ളം ചേർത്തിട്ടാണെങ്കിലും നിൻെറ അയൽക്കാരന് നൽകുക." (മുസ്‌ലിം)

നബി (സ്വ) പറഞ്ഞു: ഒരാൾ തൻെറ കൈവശമുള്ള ഭൂമി വിൽക്കാനുദ്ദേശിച്ചാൽ അവൻ അത് തൻെറ അയൽക്കാരനോട് അന്വേഷിക്കട്ടെ." (ഇബ്നുമാജ:)

- **അനാഥകളുടെ അവകാശങ്ങൾ:**

“എന്നിരിക്കെ അനാഥയെ നീ അടിച്ചമർത്തരുത്.” (93 അദ്ദുഹാ: 9)

“അനാഥകളെപ്പറ്റിയും അവർ നിന്നോട് ചോദിക്കുന്നു. പറയുക അവർക്ക് നന്മ വരുത്തുന്നതെന്തും നല്ലതാകുന്നു. അവരോടൊപ്പം നിങ്ങൾ കൂട്ടുജീവിതം നയിക്കുകയാണെങ്കിൽ (അതിൽ തെറ്റില്ല) അവർ നിങ്ങളുടെ സഹോദരങ്ങളാണല്ലോ? നാശമുണ്ടാക്കുന്നവനെയും നന്മ വരുത്തുന്നവനെയും അല്ലാഹു വേർതിരിച്ചറിയുന്നതാണ്. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവൻ നിങ്ങൾക്ക് ക്ളേശമുണ്ടാക്കുമായിരുന്നു. തീർച്ചയായും അല്ലാഹു പ്രതാപശാലിയും യുക്തിമാനുമാകുന്നു.” (2 അൽ ബഖറ: 220)

“(സ്വത്ത്) ഭാഗിക്കുന്ന സന്ദർഭത്തിൽ (മറ്റു) ബന്ധുക്കളോ, അനാഥകളോ, പാവപ്പെട്ടവരോ, ഹാജറുണ്ടായാൽ അതിൽ നിന്ന് അവർക്ക് നിങ്ങൾ വല്ലതും നൽകുകയും അവരോട് മര്യാദയുള്ള വാക്ക് പറയുകയും ചെയ്യേണ്ടതാകുന്നു.” (4 അന്നിസാഅ്: 8)

## - ജീവികളോടുള്ള കടമകൾ:

“ഭൂമിയിലുള്ള ഏതൊരു ജന്തുവും രണ്ടു ചിറകുകൾ കൊണ്ട് പറക്കുന്ന ഏതൊരു പക്ഷിയും നിങ്ങളെ പ്പോലെയുള്ള ചില സമൂഹങ്ങൾ മാത്രമാകുന്നു. ഗ്രന്ഥത്തിൽ നാം യാതൊന്നും വീഴ്ച വരുത്തിയി ട്ടില്ല. പിന്നീട് തങ്ങളുടെ രക്ഷിതാവിങ്കലേക്ക് അവർ ഒരുമിച്ച് കൂട്ടപ്പെടുന്നതാണ്.” (6 അൻആം 38)

നബി (സ്വ) പറഞ്ഞു: “ഒരു പൂച്ചയുടെ കാര്യത്തിൽ ഒരു സ്ത്രീ ശിക്ഷിക്കപ്പെട്ടു. അവൾ അത് ചാകും വരെ അതിനെ കെട്ടിയിട്ടു. അതുമൂലം അവൾ നരകത്തിൽ പ്രവേശിച്ചു. അവൾ അതിന് തീറ്റ കൊടുത്തില്ല. അതിനെ കെട്ടിയിട്ടപ്പോൾ അതിന് കുടിക്കാനും ഒന്നും കൊടുത്തില്ല. ഭൂമിയിലൂടെ നടന്ന് ഏതെങ്കിലും പ്രാണികളെ പിടിച്ചു തിന്നാനും അതിനെ അനുവദിച്ചില്ല.” (ബുഖാരി, മുസ്‌ലിം)

നബി (സ്വ) പറഞ്ഞു: “ഒരു മനുഷ്യൻ ദാഹിച്ചു വലഞ്ഞ് മണ്ണ് കപ്പിക്കൊണ്ടിരിക്കുന്ന ഒരു നായയെ കണ്ടു. അയാൾ തൻെറ പാദരക്ഷ അഴിച്ചു അതിൽ വെള്ളം നിറച്ച് നായക്ക് കുടിക്കാൻ കൊടുത്തു. അത് കാരണമായി അല്ലാഹു അയാൾക്ക് സ്വർഗ്ഗം നൽകി.” (ബുഖാരി മുസ്‌ലിം)

നബി (സ്വ) പറഞ്ഞു: “എല്ലാ കാര്യങ്ങളും നന്നായി ചെയ്യുക എന്നത് അല്ലാഹു നിർബ്ബന്ധമാക്കിയിരിക്കുന്നു. അതിനാൽ നിങ്ങൾ കൊല്ലുകയാണെങ്കിൽ നന്നായി കൊല്ലുക. നിങ്ങൾ അറുക്കുകയാണെങ്കിൽ നന്നായി അറുക്കുക. നിങ്ങളിലൊരാൾ അറുക്കുമ്പോൾ കത്തിക്ക് മൂർച്ച കൂട്ടി ഉരുവിന് ആശ്വാസം നൽകുകയും ചെയ്യട്ടെ.” (മുസ്‌ലിം)

## 15. ഇസ്‌ലാം: സമകാലിക പാരിസ്ഥിതിക പ്രശ്നങ്ങളുടെ പരിഹാരം

“ഭൂമിയിൽ നന്മ വരുത്തിയതിന് ശേഷം നിങ്ങളവിടെ നാശമുണ്ടാക്കരുത്. ഭയപ്പാടോടു കൂടിയും പ്രതീക്ഷയോടു കൂടിയും നിങ്ങൾ അവനെ വിളിച്ച് പ്രാർത്ഥിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹുവിൻെറ കാരുണ്യം സൽകർമ്മകാരികൾക്ക് സമീപസ്ഥമാകുന്നു.” (7 അൽഅഅ്റാഫ്:56)

“മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു. അവർ പ്രവർത്തിച്ചതിൽ ചിലതിൻെറ ഫലം അവർക്ക് ആസ്വദിപ്പിക്കുവാൻ വേണ്ടിയത്രെ അത്. അവർ ഒരുവേള മടങ്ങിയേക്കാം.” (30 റൂം: 41)

## 16. ഇസ്‌ലാം: യുദ്ധത്തടവുകാരുടെ അവകാശങ്ങൾ സംബന്ധിച്ച കാര്യത്തിൽ ജനീവ കരാറിനേക്കാൾ ഉയർന്നു

ബന്ധികളോട് നല്ല നിലയിൽ വർത്തിക്കണമെന്നും അവർക്ക് ഭക്ഷണവും വസ്ത്രവും നൽകണമെന്നും മുഹമ്മദ് നബി (സ്വ) തന്റെ അനുയായികളോട് കൽപ്പിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് വിശുദ്ധ ക്വുർആൻ പറഞ്ഞു:

“ആഹാരത്തോട് പ്രിയമുള്ളതോടൊപ്പം തന്നെ അഗതിക്കും അനാഥയ്ക്കും തടവുകാരനും അവരത് നൽകുകയും ചെയ്തു. (അവർ പറയും) അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്ക് ആഹാരം നൽകുന്നത്. നിങ്ങളുടെ പക്കൽ നിന്ന് യാതൊരു പ്രതിഫലവും നന്ദിയും ഞങ്ങൾ ആഗ്രഹിക്കുന്നില്ല.” (76 അൽഇൻസാൻ: 8-9)

ഇസ്‌ലാം മുസിംകളോട് ശത്രുപക്ഷത്ത് നിന്നും കീഴ്പ്പെട്ട യുദ്ധത്തടവുകാരോട് കരുണകാണിക്കണമെന്നും കൽപ്പിച്ചു.

“ബഹുദൈവ വിശ്വാസികളിൽ ആരെങ്കിലും നിന്റെയടുക്കൽ അഭയം തേടി വന്നാൽ അല്ലാഹുവിന്റെ വചനം അവൻ കേട്ടു ഗ്രഹിക്കാൻ വേണ്ടി അവന് അഭയം നൽകുക. എന്നിട്ട് അവന് സുരക്ഷിതത്വ

മുള്ള സ്ഥലത്ത് അവനെ എത്തിച്ചുകൊടുക്കുകയും ചെയ്യുക. അവർ അറിവില്ലാത്ത ഒരു ജനവിഭാഗമാണ് എന്നതുകൊണ്ടാണ്.” (9 അത്തൗബ:6)

ഇസ്ലാം സ്ത്രീകളെയും, കുട്ടികളെയും, അന്ധരെയും, അശക്തരെയും, വൃദ്ധരെയും, പുരോഹിതരെയും വധിക്കുന്നത് വിലക്കി. കാരണം അവർ യുദ്ധത്തിൽ പങ്കെടുക്കുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടാത്തവരാകുന്നു.

## 17. ഇസ്ലാമിൻെറ സാമ്പത്തിക വ്യവസ്ഥ സമ്പദ്വ്യവസ്ഥയെ സുസ്ഥിരമാക്കാൻ സഹായിക്കുന്നു

ഇസ്ലാം സമ്പത്ത് കൊണ്ടു ലക്ഷ്യമിടുന്നത് വ്യാപാരം, ചരക്കു കൈമാറ്റം, സേവന- വേതനം, രാഷ്ട്ര നിർമ്മാണം, നഗരവൽക്കരണം തുടങ്ങി എന്തെങ്കിലും ഒന്നിൽ ഉപയോഗപ്പെടുത്താനുള്ളതായിട്ടാണ്. എന്നിരിക്കെ ഒരാൾ പണം സമ്പാദിക്കുക എന്ന ലക്ഷ്യത്തോടെ മറ്റൊരാൾക്ക് പണം കടം കൊടുക്കുമ്പോൾ രണ്ട് കാര്യങ്ങൾ സംഭവിക്കുന്നു: ഒന്ന്: ധനം കൈമാറ്റത്തിൻെയും വികസനത്തിൻെറയും ഉപാധിയാണെന്ന ഇസ്ലാമിൻെറ അടിസ്ഥാന ലക്ഷ്യത്തിൽ നിന്ന് അതിനെ പുറത്താക്കുന്നു. രണ്ട്:

ധനം സമൂഹത്തിന് എന്നത് പോയി ധനം ധന ത്തിനു വേണ്ടി എന്നായി മാറുന്നു.

വായ്പകൾക്ക് പലിശ നടപ്പിലാക്കിയതിലൂടെ സംഭ വിച്ചതെന്ത്? ഋണദാതാവയ തനിക്ക് ഒന്നും നഷ്ട പ്പെടുന്നില്ല; മറിച്ച് പലിശയിനത്തിൽ നേട്ടമുണ്ട് താനും എന്ന സമാധാനമാണല്ലോ. തൽഫലമായി ഉത്തമർണ്ണർക്ക് വർഷങ്ങളായി ലഭിക്കുന്ന കുന്നു കൂടിയ ലാഭം മുഖേന സമ്പന്നരും ദരിദ്രരും തമ്മി ലുള്ള അന്തരം വർദ്ധിക്കുന്നു. സമീപ ദശകങ്ങളിൽ സർക്കാരുകളും സ്ഥാപനങ്ങളും ഈ വിഷയത്തിൽ വ്യാപകമായ രീതിയിൽ അതിരു കടന്നു പോയി ട്ടുണ്ട്. അക്കാരണത്താൽ ചില രാജ്യങ്ങളുടെ സാമ്പ ത്തിക വ്യവസ്ഥ തകർന്നതിന്റെ നിരവധി ഉദാഹര ണങ്ങൾ നാം കണ്ടുകഴിഞ്ഞു. സമൂഹത്തിൽ അഴിമതി വ്യാപിപ്പിക്കാൻ പലിശയ്ക്കുള്ള കഴിവ് മറ്റേതൊരു കുറ്റകൃത്യത്തിനുമില്ല എന്നതാണ് യാഥാർത്ഥ്യം. വിശുദ്ധ ഖുർആൻ പറയുന്നു:

“സത്യവിശ്വാസികളേ, നിങ്ങൾ ഇരട്ടിയിരട്ടിയായി പലിശ തിന്നാതിരിക്കുകയും അല്ലാഹുവെ സൂക്ഷിക്കു കയും ചെയ്യുക. നിങ്ങൾ വിജയികളായേക്കാം.” (3 ആലു ഇംറാൻ:130)

“ജനങ്ങളുടെ സ്വത്തുക്കളിലൂടെ വളർച്ച നേടുവാ നായി നിങ്ങൾ വല്ലതും പലിശയ്ക്ക് കൊടുക്കുന്ന

പക്ഷം അല്ലാഹുവിങ്കൽ അത് വളരുകയില്ല. അല്ലാഹുവിൻെറ പ്രീതി ലക്ഷ്യമാക്കികൊണ്ട് നിങ്ങൾ വല്ലതും സകാത്തായി നൽകുന്ന പക്ഷം അങ്ങനെ ചെയ്യുന്നവരത്രെ ഇരട്ടി സമ്പാദിക്കുന്നവർ." (30 അർറും: 39)

## 18. ഇസ്‌ലാം സമ്പത്തും ആരോഗ്യവും സംരക്ഷിക്കുന്നു:

സൃഷ്ടികളോടുള്ള അല്ലാഹുവിൻെറ കാരുണ്യവും ഔദാര്യവും കൊണ്ട് നല്ലത് ഭക്ഷിക്കുവാൻ അവൻ നമുക്ക് അനുവാദം നൽകുകയും മ്ളേച്ഛമായത് ഭക്ഷിക്കുന്നതിൽ നിന്ന് നമ്മെ വിലക്കുകയും ചെയ്തു.

"(അതായത്) തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ് നബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തപ്പെടുന്നതാണ്) അവരോട് അദ്ദേഹം സദാചാരം കൽപ്പിക്കുകയും ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അദ്ദേഹം അനുവദനീയമാക്കുകയും, ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും

ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ." (7 അൽഅഅ്റാഫ്: 157)

"(നബിയേ,) നിന്നോടവർ മദ്യത്തെയും ചൂതാട്ടത്തെയും പറ്റി ചോദിക്കുന്നു. പറയുക: അവ രണ്ടിലും ഗുരുതരമായ പാപമുണ്ട്. ജനങ്ങൾക്ക് ചില പ്രയോജനങ്ങളുമുണ്ട്. എന്നാൽ അവയിലെ പാപത്തിൻെറ അംശമാണ് പ്രയോജനത്തിൻെറ അംശത്തെക്കാൾ വലുത്. എന്തൊന്നാണവർ ചെലവ് ചെയ്യേണ്ടതെന്നും അവർ നിന്നോട് ചോദിക്കുന്നു. നീ പറയുക (അത്യാവശ്യം കഴിച്ച്) മിച്ചമുള്ളത്. അങ്ങനെ ഇഹപരജീവിതങ്ങളെപ്പറ്റി നിങ്ങൾ ചിന്തിക്കുവാൻ വേണ്ടി അല്ലാഹു നിങ്ങൾക്ക് തെളിവുകൾ വിവരിച്ചുതരുന്നു." (2 അൽബഖറ: 219)

"സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെച്ചുനോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ളേച്ഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജ്ജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം." (5 അൽമാഇദ:90)

## 19. ഇസ്‌ലാം സ്ത്രീകളുടെ അവകാശ സംരക്ഷണത്തിൽ ഐക്യരാഷ്ട്ര സഭയേക്കാൾ മേന്മ പുലർത്തുന്നു.

അധികമാളുകൾക്കും അറിയാത്ത ഒരു കാര്യമുണ്ട്; തൻെറ അവകാശങ്ങൾ ഇസ്‌ലാമിക നിയമത്തിലൂടെ വേണ്ട, പകരം ഐക്യരാഷ്ട്ര സഭയുടെ തീരുമാനത്തിലൂടെ മതി എന്ന് ഒരു മുസ്‌ലിം സ്ത്രീ പറയുകയാണെങ്കിൽ അത് അവൾക്ക് വലിയ നഷ്ടമായിരിക്കും ഉണ്ടാക്കുക എന്നതാണത്. അവളുടെ അവകാശങ്ങൾ ഇസ്‌ലാമിലാണ് ഏറ്റവും കൂടുതൽ സംരക്ഷിക്കപ്പെടുന്നത് എന്നത് തന്നെയാണ് അതിന് കാരണം.

ഇസ്‌ലാമിന് മുമ്പ് സ്ത്രീയെ ഒരു വിൽപ്പനച്ചരക്ക് പോലെയാണ് പരിഗണിച്ചിരുന്നത്. അവളെ കച്ചവടത്തിനായി വെക്കുകയോ അല്ലെങ്കിൽ അവളുടെ സമ്മതമോ, അഭിപ്രായമോ പരിഗണിക്കാതെ വിവാഹം കഴിക്കപ്പെടുകയോ ചെയ്തിരുന്നു.

ഇന്ന് ഒരു പുരുഷൻ ചെയ്യുന്നതെന്തും തനിക്കും ചെയ്യാൻ കഴിയുമെന്ന് തെളിയിക്കാനാണ് സ്ത്രീയുടെ മത്സരം. വാസ്തവത്തിൽ അവളുടെ പ്രത്യേകതയും വേറിട്ട വ്യക്തിത്വവും നഷ്ടപ്പെടുത്താനാണ് അവൾ ഇതിലൂടെ ശ്രമിക്കുന്നത്. എന്തെന്നാൽ ഒരു

പുരുഷന് ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ ചെയ്യാനുള്ള കഴിവുകൾ നൽകിയാണ് അല്ലാഹു അവളെ സൃഷ്ടിച്ചിരിക്കുന്നത്. മഹിതവും മനുഷ്യ നിലനിൽപ്പിന് അനിവാര്യവുമായ, എന്നാൽ അവൾക്ക് മാത്രം നിർവ്വഹിക്കാൻ കഴിയുന്നതുമായ കാര്യങ്ങളാണ് പ്രസവം, പ്രകൃതിപരമായ മുലയൂട്ടൽ, സന്താന പരിപാലനം തുടങ്ങിയവ. അല്ലാഹുവിൻെറ മുമ്പിൽ ഉത്തവാദിത്വത്തിൻെറ കാര്യത്തിലാകട്ടെ സ്ത്രീയും പുരുഷനും തുല്യവുമാണെന്നും ഇസ്‌ലാം അറിയിക്കുന്നു. നമസ്ക്കാരം, സകാത്ത്, നോമ്പ്, മക്കയിലേക്കുള്ള ഹജ്ജ് തീർത്ഥാടനം തുടങ്ങിയ നിർബ്ബന്ധമായ ആരാധനാ കാര്യങ്ങളെല്ലാം എല്ലാവർക്കും ഒരുപോലെയാകുന്നു.

പൗരാണിക അറേബ്യൻ സംസ്കാരവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇസ്‌ലാം സ്ത്രീകളുടെ സ്ഥാനവും നിലവാരവും വളരെയധികം മെച്ചപ്പെടുത്തി എന്ന് നമുക്ക് കാണാം. പെൺകുഞ്ഞുങ്ങളെ ജീവനോടെ കുഴിച്ചുമൂടുന്ന സമ്പ്രദായത്തെ ഇസ്‌ലാം വിലക്കി. സ്ത്രീക്ക് സ്വതന്ത്രമായ വ്യക്തിത്വം ഉണ്ടെന്ന് പ്രഖ്യാപിച്ചു; വിവാഹ ഉടമ്പടി പോലെ അവളുമായി ബന്ധപ്പെട്ട വിഷയത്തിൽ അവളുടെ അവകാശത്തെ സംരക്ഷിച്ചു; വിവാഹം നടക്കുന്നതിന് മഹ്ർ (വിവാഹ സമയത്ത് വരൻ വധുവിന് കൊടുക്കേണ്ട നിർബ്ബന്ധ അവകാശം) അവളുടെ

അവകാശമായി പ്രഖ്യാപിച്ചു; അനന്തരാവകാശം, സ്വകാര്യ ഉടമസ്ഥാവകാശം, പണം സ്വയം കൈ കാര്യം ചെയ്യൽ എന്നിവയെല്ലാം ഇസ്‌ലാം അംഗീ കരിച്ചു.

ഇസ്‌ലാമിന് മുമ്പ് സ്ത്രീക്ക് അനന്തരാവകാശം നിഷേധിക്കപ്പെട്ടിരുന്നു. ഇസ്‌ലാം കടന്നുവന്നപ്പോൾ അവളെയും അനന്തരാവകാശത്തിൽ ഉൾപ്പെടുത്തി. മാത്രവുമല്ല മുപ്പതിലധികം സന്ദർഭങ്ങളിൽ പുരുഷ നെക്കാൾ കൂടുതൽ വിഹിതം സ്ത്രീക്ക് ലഭിക്കുന്നു. അതേസമയം രക്തബന്ധത്തിൻെറയും കുടുംബ ബന്ധത്തിൻെറയും പേരിൽ നാല് സന്ദർഭങ്ങളിൽ മാത്രമാണ് പുരുഷന് സ്ത്രീയെക്കാൾ കൂടുതൽ വിഹിതം ലഭിക്കുന്നത്. അതുപോലെ വിവാഹ മോചന ഘട്ടത്തിലും, പ്രിയതമൻെറ മരണത്തിലും ഭർതൃ ഭവനത്തിൽ തുടരാൻ ഇസ്‌ലാം അവൾക്കവകാശം കൊടുത്തു. ഇതിലൂടെ അവൾക്കും കുട്ടികൾക്കും വേറെയും പ്രത്യേക സാമ്പത്തിക സഹായം ലഭിക്കു കയും ചെയ്യുന്നു.

ആദം ചെയ്ത തെറ്റിന് ഇണയായ ഹവ്വയാണ് ഉത്തരവാദിയെന്ന് വിശുദ്ധ ഖുർആനിൽ എവിടെയും ഒരു സൂചന പോലുമില്ല. നേരെമറിച്ച് പ്രസ്തുത വിഷയ സംബന്ധമായി വിശുദ്ധ ക്വുർആനിൽ വന്ന പരാമർശങ്ങളും സൂചനകളും അതിൻെറ മുഴുവൻ

ഉത്തരവാദിത്തവും ആദമിനാണ് എന്ന് വ്യക്തമാക്കുന്നു. ആദം മാത്രമാണ് കുറ്റം ഏറ്റെടുക്കുകയും മാനസാന്തരപ്പെട്ട് പശ്ചാത്തപിച്ചു മടങ്ങാൻ പറ്റുന്ന വചനങ്ങൾ ലോകനാഥനിൽ നിന്ന് സ്വീകരിക്കുകയും ചെയ്തത്. വിശുദ്ധ ക്വുർആൻ പറഞ്ഞു:

"അനന്തരം ആദം തന്റെ രക്ഷിതാവിങ്കൽ നിന്ന് ചില വചനങ്ങൾ സ്വീകരിച്ചു (ആ വചനങ്ങൾ മുഖേന പശ്ചാത്തപിച്ച) ആദമിന് അല്ലാഹു പാപമോചനം നൽകി. അവൻ പശ്ചാത്താപം ഏറെ സ്വീകരിക്കുന്നവനും കരുണാനിധിയുമത്രെ." (2 അൽബഖറ:37)

തീർച്ചയായും ആദം ചെയ്ത പാപത്തിന്റെ യാതൊരു പങ്കും സ്ത്രീകൾ വഹിക്കേണ്ടിവരില്ല. എന്നുമാത്രമല്ല ഇസ്‌ലാം സ്ത്രീയുടെ അന്തസ്സ് ഉയർത്തുന്നതിൽ താൽപര്യം കാട്ടുകയും ചെയ്തു.

നബി (സ്വ) പറഞ്ഞു: "നിങ്ങളിൽ ഏറ്റവും ഉത്തമന്മാർ തങ്ങളുടെ സ്ത്രീകളോട് നന്നായി പെറുമാറുന്നവരാകുന്നു." (തിർമിദി) വിശുദ്ധ ക്വുർആൻ സ്ത്രീകൾക്ക് നൽകിയ പദവി കാണുക:

"(അല്ലാഹുവിന്) കീഴ്പ്പെടുന്നവരായ പുരുഷന്മാർ, സ്ത്രീകൾ, വിശ്വാസികളായ പുരുഷന്മാർ, സ്ത്രീകൾ, ഭക്തിയുള്ളവരായ പുരുഷന്മാർ, സ്ത്രീകൾ, സത്യസന്ധരായ പുരുഷന്മാർ, സ്ത്രീകൾ, ക്ഷമാശീ

ലരായ പുരുഷന്മാർ, സ്ത്രീകൾ, വിനീതരായ പുരുഷ ന്മാർ, സ്ത്രീകൾ, ദാനം ചെയ്യുന്നവരായ പുരുഷന്മാർ, സ്ത്രീകൾ, വ്രതമനുഷ്ഠിക്കുന്നവരായ പുരുഷന്മാർ, സ്ത്രീകൾ, തങ്ങളുടെ ഗുഹ്യാവയവങ്ങൾ കാത്തു സൂക്ഷിക്കുന്നവരായ പുരുഷന്മാർ, സ്ത്രീകൾ, ധാരാള മായി അല്ലാഹുവെ ഓർമ്മിക്കുന്നവരായ പുരുഷന്മാർ, സ്ത്രീകൾ ഇവർക്ക് തീർച്ചയായും അല്ലാഹു പാപ മോചനവും മഹത്തായ പ്രതിഫലവും ഒരുക്കി വെച്ചി രിക്കുന്നു.” (33 അൽ അഹ്സാബ്:35)

“സത്യവിശ്വാസികളേ, സ്ത്രീകളെ ബലാൽക്കാരമാ യിട്ട് അനന്തരാവകാശ സ്വത്തായി എടുക്കൽ നിങ്ങൾക്കനുവദനീമല്ല. അവർക്ക് (ഭാര്യമാർക്ക്) നിങ്ങൾ കൊടുത്തിട്ടുള്ളതിൽ ഒരു ഭാഗം തട്ടിയെടു ക്കാൻ വേണ്ടി നിങ്ങളവരെ മുടക്കിയിടുകയും ചെയ്യ രുത്. അവർ പ്രത്യക്ഷമായ വല്ല നീചവൃത്തിയും ചെയ്തെങ്കിലല്ലാതെ. അവരോട് നിങ്ങൾ മര്യാദ യോടെ സഹവർത്തിക്കേണ്ടതുമാണ്. ഇനി നിങ്ങൾ ക്കവരോട് വെറുപ്പ് തോന്നുന്ന പക്ഷം (നിങ്ങൾ മനസ്സിലാക്കുക) നിങ്ങളൊരു കാര്യം വെറുക്കുകയും അതേകാര്യത്തിൽ അല്ലാഹു ധാരാളം നന്മ നിശ്ച യിക്കുകയും ചെയ്തെന്ന് വരാം.” (4 അന്നിസാഅ്: 19)

“മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽ നിന്ന് സൃഷ്ടിക്കുകയും, അതിൽ നിന്ന് അതിൻെറ ഇണ

യെയും സൃഷ്ടിക്കുകയും, അവർ ഇരുവരിൽ നിന്നുമായി ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ. ഏതൊരു അല്ലാഹുവിൻെറ പേരിൽ നിങ്ങൾ അന്യോന്യം ചോദിച്ചുകൊണ്ടിരിക്കുന്നുവോ, അവനെ നിങ്ങൾ സൂക്ഷിക്കുക. കുടുംബ ബന്ധങ്ങളെയും (നിങ്ങൾ സൂക്ഷിക്കുക) തീർച്ചയായും അല്ലാഹു നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു." (4അന്നിസാഅ്: 1)

"ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും." (16 അന്നഹ്ൽ: 97)

"………. അവർ (ഭാര്യമാർ) നിങ്ങൾക്കൊരു വസ്ത്രമാകുന്നു. നിങ്ങൾ അവർക്കും ഒരു വസ്ത്രമാകുന്നു. ………..." (2അൽബഖറ:187)

"നിങ്ങൾക്ക് സമാധാനപൂർവ്വം ഒത്തുചേരേണ്ടതിനായി നിങ്ങളിൽ നിന്ന് തന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേ

ഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്." (30 അർറൂം: 21)

"സ്ത്രീകളുടെ, കാര്യത്തിൽ അവർ നിന്നോട് വിധി തേടുന്നു. പറയുക: അവരുടെ കാര്യത്തിൽ അല്ലാഹു നിങ്ങൾക്ക് വിധി നൽകുന്നു. സ്ത്രീകൾക്ക് നിശ്ചയിക്കപ്പെട്ട അവകാശം നിങ്ങൾ നൽകാതിരിക്കുകയും, എന്നാൽ നിങ്ങൾ വിവാഹം കഴിക്കാൻ മോഹിക്കുകയും ചെയ്യുന്ന അനാഥസ്ത്രീകളുടെ കാര്യത്തിലും ബലഹീനരായ കുട്ടികളുടെ കാര്യത്തിലും ഈ ഗ്രന്ഥത്തിൽ നിങ്ങൾക്ക് വായിച്ചു കേൾപ്പിക്കപ്പെടുന്നത് (നിങ്ങൾ ശ്രദ്ധിക്കുകയും ചെയ്യുക) അനാഥകളോട് നിങ്ങൾ നീതിയോടെ വർത്തിക്കണമെന്ന കൽപനയും (ശ്രദ്ധിക്കുക). നിങ്ങൾ ചെയ്യുന്ന ഏതൊരു നല്ല കാര്യവും അല്ലാഹു (പൂർണ്ണമായി) അറിയുന്നവനാകുന്നു." "ഒരു സ്ത്രീ തന്റെ ഭർത്താവിൽ നിന്ന് പിണക്കമോ അവഗണനയോ ഭയപ്പെടുന്നുവെങ്കിൽ അവർ പരസ്പരം വല്ല ഒത്തുതീർപ്പും ഉണ്ടാക്കുന്നതിൽ അവർക്ക് കുറ്റമില്ല. ഒത്തുതീർപ്പിലെത്തുന്നതാണ് കുടുതൽ നല്ലത്. പിശുക്ക് മനസ്സുകളിൽ നിന്ന് വിട്ടുമാറാത്തതാകുന്നു. നിങ്ങൾ നല്ല നിലയിൽ വർത്തിക്കുകയും സൂക്ഷ്മത പാലിക്കുകയുമാണെങ്കിൽ തീർച്ചയായും അല്ലാഹു നിങ്ങൾ ചെയ്തു

കൊണ്ടിരിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്ന വനാകുന്നു.” (4അന്നിസാഅ്: 127-128)

സ്ത്രീകളുടെ സാമ്പത്തിക ബാധ്യത ഏറ്റെടുത്തു കൊണ്ട് തൻെറ സ്വത്തിൽ നിന്ന് ചെലവു ചെയ്യാൻ ഇസ്ലാം പുരുഷന്മാരോട് കൽപ്പിച്ചു. അതുപോലെ അവരുടെ സമ്പത്തുകൾ സംരക്ഷിക്കണമെന്നും സ്ത്രീക്ക് കുടുംബത്തിൽ യാതൊരു സാമ്പത്തിക ബാധ്യതകളും നിർബ്ബന്ധങ്ങളും ഇല്ലെന്നും ഇസ്ലാം കൽപ്പിച്ചു. അതുപോലെ ഇസ്ലാം ഏതൊരു സ്ത്രീ യുടെയും വ്യക്തിത്വവും അവരുടേതായ അഭിജ്ഞാ നവും സംരക്ഷിക്കുകയും വിവാഹ ശേഷവും അവരുടെ കുടുംബത്തിലേക്ക് ചേർത്ത് അറിയപ്പെടാ നുള്ള അവകാശവും ഇസ്ലാം നൽകി.

അനിഷ്ടത്തോടു കൂടിയാണെങ്കിലും ഇസ്ലം വിവാഹ മോചനം (ത്വലാഖ്) അനുവദിച്ചു. വിവാഹം ദമ്പതി കൾക്കിടയിലെ ശക്തമായ ഉടമ്പടിയാകുന്നു. എന്നി രുന്നാലും ദമ്പതികൾക്കിടയിൽ ഇണക്കമില്ലായ്മയും ജീവിത യാത്ര സുഖകരമായി ഒരുമിച്ചു മുന്നോട്ടു പോകില്ല എന്നും തിരിച്ചറിയുമ്പോൾ വീണ്ടു വിചാര ത്തിനും വേർപിരിയലിൻെറ ആദ്യപടി എന്ന നില യിലും വിവാഹമോചനത്തിന് മുമ്പായി ഇസ്ലാം മൂന്ന് കാര്യങ്ങൾ നിർദ്ദേശിച്ചു. ഉപദേശം, മധ്യസ്ഥ

ചർച്ച, മനസ്സുകൾ ശാന്തമാകുന്നതിന് നിശ്ചിത കാല കാത്തിരിപ്പ് എന്നിവയാണവ.

“ഇനി അവർ (ദമ്പതിമാർ) തമ്മിൽ ഭിന്നിച്ചു പോകുമെന്ന് നിങ്ങൾ ഭയപ്പെടുന്നപക്ഷം അവൻെറ ആൾക്കാരിൽ നിന്ന് ഒരു മധ്യസ്ഥനെയും അവളുടെ ആൾക്കാരിൽ നിന്ന് ഒരു മധ്യസ്ഥനെയും നിങ്ങൾ നിയോഗിക്കുക. ഇരു വിഭാഗവും അനുരജ്ഞന മാണ് ഉദ്ദേശിക്കുന്നതെങ്കിൽ അല്ലാഹു അവർക്കിട യിൽ യോജിപ്പുണ്ടാക്കുന്നതാണ്. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു.” (4 അന്നിസാഅ്:35)

ഖുർആനിൽ പേര് പ്രതിപാദിക്കപ്പെട്ട ഏക സ്ത്രീ ഈസാ നബി (അ)യുടെ മാതാവായ മർയമാണ്. എന്നിരുന്നാലും അതിൽ പരാമർശിച്ചിട്ടുള്ള പല ചരിത്ര സംഭവങ്ങളിലും സ്ത്രീകൾ പ്രധാന പങ്കുവ ഹിച്ചിട്ടുള്ളതായി കാണാം. സബഇലെ രാജ്ഞിയായ ബൽഖീസിൻെറ സുലൈമാൻ നബിയുമായി ബന്ധ പ്പെട്ട ചരിത്രവും, അവസാനം അവർ സത്യവിശ്വാസം സ്വീകരിച്ച് ലോകരക്ഷിതാവിന് കീഴ്പ്പെട്ടു മുസ്‌ലിമായ കാര്യവും ഖുർആൻ പറയുന്നുണ്ട്:

“ഒരു സ്ത്രീ അവരെ ഭരിക്കുന്നതായി ഞാൻ കണ്ടെ ത്തുകയുണ്ടായി. എല്ലാ കാര്യങ്ങളിൽ നിന്നും അവൾക്ക്

നൽകപ്പെട്ടിട്ടുണ്ട്. അവൾക്ക് ഗംഭീരമായ ഒരു സിംഹാസനവുമുണ്ട്.” (27 അന്നംല്:23)

നബി (സ്വ) ധാരാളം രംഗങ്ങളിൽ സ്ത്രീകളുമായി കൂടിയാലോചിക്കുകയും അവരുടെ അഭിപ്രായങ്ങൾ പരിഗണിക്കുകയും ചെയ്തത് ഇസ്ലാമിക ചരിത്രം വ്യക്തമാക്കിയിട്ടുണ്ട്. പുരുഷന്മാരെപ്പോലെ സ്ത്രീകൾക്കും പള്ളിയിൽ പോയി ആരാധനകൾ നിർവ്വഹിക്കാനുള്ള അനുവാദം ഇസ്ലാം അവൾക്ക് നൽകി. സ്ത്രീകൾ പുരുഷന്മാരോടൊപ്പം യുദ്ധങ്ങളിൽ പങ്കെടുക്കുകയും, മുറിവേറ്റവരെ പരിചരിച്ചു കൊണ്ട് സഹായിക്കുകയും ചെയ്തു. അതുപോലെ വാണിജ്യ ഇടപാടുകളിൽ പങ്കെടുക്കുകയും വിദ്യാഭ്യാസ വൈജ്ഞാനിക മേഖലകളിൽ മത്സരിക്കുകയും ചെയ്തു.

1400 വർഷങ്ങൾക്ക് മുമ്പ് ഇസ്ലാം സ്ത്രീകൾക്ക് വോട്ടവകാശം നൽകുകയും അഭിപ്രായ സ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്തു. അതേസമയം പാശ്ചാത്യ രാജ്യങ്ങളിൽ കഴിഞ്ഞ നൂറ്റാണ്ട് മുതൽ മാത്രമാണ് സ്ത്രീകൾക്ക് വോട്ടവകാശം നേടാനായത്. അതാകട്ടെ നിരവധി സമരങ്ങളും തെരുവുകളിൽ അവകാശത്തിനായുള്ള മുറവിളികളും നടത്തിയതിന് ശേഷവും.

പ്രകൃതി മതമായ ഇസ്‌ലാം ബഹുഭാര്യത്വം അനുവദിച്ചു. എന്നാൽ ഇത് എല്ലാവരും അനുവർത്തിച്ചിരിക്കേണ്ട ഒരു പൊതു നിർബ്വന്ധ നിയമമെന്ന നിലക്കല്ല മറിച്ച് അനുവദിക്കപ്പെട്ട പ്രത്യേക നിയമമാണ്. ഓരോ മുസ്‌ലിമും ഒന്നിലധികം വിവാഹം കഴിക്കാൻ ബാധ്യസ്ഥരാണെന്ന് ചിലർ മനസ്സിലാക്കിയതു പോലെയല്ല ഈ നിയമം.

“അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്കു നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ (മറ്റു) സ്ത്രീകളിൽ നിന്ന് നിങ്ങൾ ഇഷ്ടപ്പെടുന്ന രണ്ടോ മൂന്നോ നാലോ പേരെ വിവാഹം ചെയ്തു കൊള്ളുക. എന്നാൽ (അവർക്കിടയിൽ) നീതി പുലർത്താനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ ഒരുവളെ മാത്രമോ, അല്ലെങ്കിൽ നിങ്ങളുടെ അധീനത്തിലുള്ള അടിമ സ്ത്രീയെയോ (ഭാര്യയായി സ്വീകരിക്കുക). നിങ്ങൾ അതിരു വിട്ടു പോകാതിരിക്കുവാൻ അതാണ് കൂടുതൽ അനുയോജ്യമായിട്ടുള്ളത്.” (4 അന്നിസാഅ്:3)

നീതി പാലിക്കാൻ കഴിയില്ലെങ്കിൽ ഒരു സ്ത്രീയെ മാത്രമേ വിവാഹം കഴിക്കാവൂ എന്ന് നിർബ്വന്ധിക്കുന്ന ഏക മതഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. ഇസ്‌ലാമിന് മുമ്പ് ഭാര്യമാരുടെ എണ്ണത്തിൽ ഒരു പരിധി ഉണ്ടായിരുന്നില്ല. നിരവധി പുരുഷന്മാർക്ക്

പത്തിലധികം ഭാര്യമാർ ഉണ്ടായിരുന്നു. അത് നൂറു വരെ പോയിരുന്നു. ഇസ്ലാം കടന്നുവന്നപ്പോൾ അതിന് പരിധി നിശ്ചയിച്ചു. ഏറ്റവും കൂടിയ പരിധി നാല് ഭാര്യമാർ എന്ന നിബന്ധന ഇസ്ലാം വെച്ചു. ഇസ്ലാം ഒരു പുരുഷന് രണ്ടോ, അല്ലെങ്കിൽ മൂന്നോ അതുമല്ലെങ്കിൽ നാല് സ്ത്രീകളെ വരെ ഭാര്യമാരായി അനുവദിച്ചു. അതോടൊപ്പം ചെലവിന് കൊടുക്കാനുള്ള കഴിവും, കാര്യ ക്ഷമതയും, പ്രാപ്തിയും ഉള്ളതോടൊപ്പം നീതി പാലിക്കാനും കഴിയുമെങ്കിലാണ് ഇതവർക്ക് അനുവദിച്ചത്. അതാകട്ടെ നടപ്പിൽ വരുത്താൻ വളരെ എളുപ്പത്തിൽ സാധിക്കുന്ന ഒരു കാര്യവുമല്ല.

“നിങ്ങൾ എത്രതന്നെ ആഗ്രഹിച്ചാലും ഭാര്യമാർക്കിടയിൽ തുല്യനീതി പാലിക്കാൻ നിങ്ങൾക്കൊരിക്കലും സാധിക്കുകയില്ല. അതിനാൽ നിങ്ങൾ (ഒരാളിലേക്ക്) പൂർണ്ണമായി തിരിഞ്ഞുകൊണ്ട് മറ്റവളെ കെട്ടിയിട്ടവളെപ്പോലെ വിട്ടേക്കരുത്. നിങ്ങൾ (പെരുമാറ്റം) നന്നാക്കിത്തീർക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്ന പക്ഷം അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.” (4 അന്നിസാഅ്: 129)

പ്രകൃതി നിയമമനുസരിച്ച് ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ജനന ശതമാനം ഒരേ പോലെയാകുന്നു. ശാസ്ത്രീയമായി അറിയപ്പെട്ട ഒരു

കാര്യമാകുന്നു ആൺകുട്ടികളെക്കാൾ ദീർഘായുസ്സും ജീവിത സുരക്ഷയും സാധിക്കുന്നത് പെൺകുട്ടികൾക്കാകുന്നു. യുദ്ധരംഗങ്ങളിൽ അധികവും വധിക്കപ്പെടുന്നതും പുരുഷന്മാരാകുന്നു. അതുപോലെ സ്ത്രീകളുടെ ശരാശരി ആയുർദൈർഘ്യം പുരുഷന്മാരുടേതിനേക്കാൾ കൂടുതലാണെന്നും ശാസ്ത്രീയമായി തെളിയിക്കപ്പെട്ട കാര്യമാകുന്നു. ഭാര്യമാർ മരണപ്പെട്ടുപോയ പുരുഷന്മാരേക്കാൾ ഭർത്താവ് മരണപ്പെട്ട വിധവകളായ സ്ത്രീകളുടെ എണ്ണത്തിലാണ് വർദ്ധനവുള്ളത് എന്നതും അറിയപ്പെട്ട കാര്യമാകുന്നു. അതുകൊണ്ട് ലോകത്തിൽ സ്ത്രീകളുടെ ജനസംഖ്യ പുരുഷന്മാരുടേതിനേക്കാൾ കൂടുതലാണെന്ന നിഗമനത്തിലെത്താൻ ഇതെല്ലാം നമ്മെ നിർബ്ബന്ധിക്കുന്നു. അങ്ങനെവരുമ്പോൾ ഒരു പുരുഷന് ഒരു സ്ത്രീ എന്നതിൽ പരിമിതപ്പെടുത്തുന്നത് പ്രായോഗികമായി ഉചിതമായിരിക്കില്ല.

ബഹുഭാര്യത്വം നിരോധിച്ചിരിക്കുന്ന സമൂഹങ്ങളിൽ പുരുഷന്മാർക്ക് ഗേൾഫ്രണ്ടുകളും, നിരവധി വിവാഹേതര ബന്ധങ്ങളും ഉണ്ട് എന്നത് പരക്കെ അറിയപ്പെട്ടതാണ്. ഈ സാഹചര്യത്തിൽ ഗേൾഫ്രണ്ട് തനിക്കോ, തൻെറ കാമുകനിലൂടെ ഉണ്ടാകുന്ന കുഞ്ഞിനോ യാതൊരു തരത്തിലുള്ള അവകാശവുമില്ലാതെ അപമാനകരവും സുരക്ഷിതമല്ലാത്തതുമായ ജീവിതം ആയിരിക്കും നയിക്കേണ്ടിവരിക. അതിലും

അത്ഭുതമായ കാര്യം ഈ സമൂഹങ്ങളിൽ വിവാഹേതര ബന്ധങ്ങൾക്കോ അല്ലെങ്കിൽ സ്വവർഗ്ഗത്തെ ഇണയായി സ്വീകരിക്കുന്ന പ്രകൃതി വിരുദ്ധ നടപടികൾക്കോ യാതൊരു കുഴപ്പങ്ങളും ഇല്ല എന്നതാണ്. അതുപോലെ വ്യക്തമായ ഉത്തരവാദിത്തമില്ലാത്തതായ ബന്ധങ്ങൾ സ്വീകരിക്കുക, അല്ലെങ്കിൽ പിതാവില്ലാത്ത സന്തതികളെ സ്വീകരിക്കുക തുടങ്ങിയവയിലും അവർ കുഴപ്പങ്ങൾ കാണുന്നില്ല. അതേസമയം ഒരു പുരുഷൻ ഒന്നിലധികം സ്ത്രീകളെ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഭാര്യമാരായി സ്വീകരിക്കുന്നതിനെ ഇവർ അനുവദിക്കുന്നുമില്ല. എന്നാൽ ഇസ്ലാം ഈ വിഷയത്തിൽ വ്യക്തവും യുക്തി ഭദ്രവുമായ ഒരു തീരുമാനമാണ് സ്വീകരിച്ചത്. ഇസ്ലാം ബഹുഭാര്യത്വം അംഗീകരിച്ചത് സമൂഹത്തിൽ സ്ത്രീയുടെ അന്തസ്സും അഭിമാനവും സംരക്ഷിക്കുന്നതിനാകുന്നു. തന്നെ വിവാഹം കഴിക്കാൻ അവിവാഹിതരായ പുരുഷന്മാരെ കിട്ടാതെവരുന്ന സാഹചര്യത്തിൽ ഒരു സ്ത്രീയുടെ മുന്നിൽ രണ്ടിലൊരു മാർഗ്ഗമേയുള്ളൂ; ഒന്നുകിൽ നാലു ഭാര്യമാരിൽ കുറഞ്ഞ വിവാഹ ജീവിതം നയിക്കുന്ന കഴിവും സന്നദ്ധതയുമുള്ള ഏതൊരു പുരുഷനെയും നിയമപരമായി തന്റെ ഭർത്താവായി സ്വീകരിക്കുക, അല്ലെങ്കിൽ തനിക്ക് ഒരു കൂട്ടായി രഹസ്യ കാമുകനെ കണ്ടെത്തുക. താരതമ്യേന

ഉപദ്രവം കുറഞ്ഞ ആദ്യ മാർഗം ഇസ്‌ലാം സ്വീകരിച്ചു എന്നുമാത്രം.

എന്നാൽ ഒരു സ്ത്രീക്ക് തന്റെ ഭർത്താവിന്റെ ഏക ഭാര്യയായി കഴിയണമെങ്കിൽ അത് വിവാഹക്കരാറിൽ നിബന്ധനയായിച്ചേർക്കാൻ ഏതവസ്ഥയിലും അവകാശമുണ്ട്. ഇത്തരത്തിലുള്ള കരാർ മുറുകെപ്പിടിക്കൽ നിർബ്ബന്ധമായതും ലംഘിക്കപ്പെടാൻ പാടില്ലാത്ത അടിസ്ഥാനപരമായ ഒരു നിബന്ധനയുമാണ്.

ആധുനിക സമൂഹത്തിൽ പലപ്പോഴും അജ്ഞാതമായ ഒരു കാര്യമാണ് ഇസ്‌ലാം സ്ത്രീകൾക്ക് നൽകിയിട്ടുള്ള അവകാശം. അത്തരം അവകാശങ്ങൾ പുരുഷന്മാർക്ക് നൽകിയിട്ടില്ല. അവർ മറ്റൊരു കുടുംബ ജീവിതം നയിക്കുന്ന സ്ത്രീകളെ വിവാഹം കഴിക്കുന്നതിൽ നിന്ന് അകന്നു നിൽക്കണം. അതേസമയം ഒരു സ്ത്രീക്ക് വിഭാര്യനേയും വിവാഹ ജീവിതം നയിക്കുന്നവനേയും ഭർത്താവായി തെരഞ്ഞെടുക്കാം. കുട്ടികൾക്ക് അവരുടെ പിതാവിലൂടെ യഥാർത്ഥ വംശാവലി ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും, പിതാവിൽ നിന്ന് ലഭിക്കേണ്ട അനന്തരാവകാശങ്ങൾ സംരക്ഷിക്കാനും ഇതിലൂടെ കഴിയും. അതിനാൽ പുരുഷന്മാരിൽ നിന്ന് തനിക്ക് അനുയോജ്യനായ ഒരാളെ തിരഞ്ഞെടുക്കാൻ സ്ത്രീ

കൾക്ക് കൂടുതൽ സൗകര്യം ലഭിക്കുന്നു. തൻെറ ഭർത്താവിൻെറ മറ്റൊരു ഭാര്യയോട് എങ്ങനെ പെരുമാറണമെന്നും കുടുംബ പ്രശ്നങ്ങളിൽ എങ്ങനെ ഇടപെടണമെന്നും ഭർത്താവിൻെറ ധാർമ്മികത എങ്ങനെയുണ്ടെന്നും മനസ്സിലാക്കാനുള്ള അവസരം അവൾക്കുണ്ടാവുകയും ചെയ്യുന്നു.

## 20. ഇസ്‌ലാം സ്നേഹത്തിൻെറയും സഹകരണത്തിൻെറയും മതമാണ്.

“നിങ്ങളൊന്നിച്ച് അല്ലാഹുവിൻെറ പാശത്തെ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിച്ചു പോകരുത്. നിങ്ങൾ അന്യോന്യം ശത്രുക്കളായിരുന്നപ്പോൾ നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹം ഓർക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ മനസ്സുകൾ തമ്മിൽ കൂട്ടിയിണക്കി. അങ്ങനെ അവൻെറ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. നിങ്ങൾ അഗ്നികുണ്ഡത്തിൻെറ വക്കിലായിരുന്നു. എന്നിട്ട് അതിൽനിന്ന് നിങ്ങളെ അവൻ രക്ഷപ്പെടുത്തി. അപ്രകാരം അല്ലാഹു അവൻെറ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ചുതരുന്നു. നിങ്ങൾ നേർമാർഗ്ഗം പ്രാപിക്കുവാൻ വേണ്ടി.” (3 ആലുഇംറാൻ:103)

“......... പുണ്യത്തിലും ധർമ്മനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങളന്യോന്യം സഹായിക്കരുത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു.” (5 മാഇദ:2)

## 21. ഈ ലോകത്തും പരലോകത്തും സന്തോഷം നേടാനുള്ള ഏക മാർഗ്ഗമാകുന്നു ഇസ്‌ലാം.

“തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്‌ലാമാകുന്നു. വേദഗ്രന്ഥം നൽകപ്പെട്ടവർ തങ്ങൾക്ക് (മതപരമായ) അറിവ് വന്നുകിട്ടിയ ശേഷം തന്നെയാണ് ഭിന്നിച്ചത്. അവർ തമ്മിലുള്ള കക്ഷിമാത്സര്യം നിമിത്തമത്രെ അത്. വല്ലവരും അല്ലാഹുവിൻെറ തെളിവുകൾ നിഷേധിക്കുന്നുവെങ്കിൽ അല്ലാഹു അതിവേഗം കണക്ക് ചോദിക്കുന്നവനാകുന്നു.” (3 ആലുഇംറാൻ:19)

“ഇസ്‌ലാം (സ്രഷ്ടാവിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും.” (3 ആലുഇംറാൻ: 85)

# III. ബുദ്ധിജീവികൾ വാഴ്ത്തിയ സർവ്വശ്രേഷ്ഠൻ.

ഇസ്ലാമിൻെറ അന്തിമ പ്രവാചകൻ മുഹമ്മദ് നബി (സ്വ)യുടെ വ്യക്തിത്വത്തെ മുസ്ലിംകളല്ലാത്ത നിരവധി ലോക നേതാക്കളും ബുദ്ധിജീവികളും പ്രശംസിച്ചിട്ടുണ്ട്. അത്തരം പ്രശംസകൾ ഇസ്ലാമിക സന്ദേശത്തിൻെറ പ്രാധാന്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. അവരിൽ ചിലരുടെ പ്രസ്താവനകൾ താഴെ കൊടുക്കുന്നു.

**- നെപ്പോളിയൻ ബോണപ്പാർട്ട്**

**(ഫ്രഞ്ച് ചക്രവർത്തി, സൈനിക മേധാവി)**

“എല്ലാ ജനവിഭാഗത്തിലും പെട്ട മുഴുവൻ ജ്ഞാനികളും വിദ്യാസമ്പന്നരും മനുഷ്യത്വത്തെ രക്ഷയിലേക്ക് നയിക്കുന്ന ഈ ലോകത്തിലെ സത്യമായ വിശുദ്ധ ഖുർആനിനെ അടിസ്ഥാനമാക്കി ഏകീകൃതവും നീതിപൂർവ്വകവുമായ ഒരു ലോകക്രമം സ്ഥാപിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.” (Quoted In Christian Cherfils Bonaparte Et Islam, Paris 1914)

-മഹാത്മാ ഗാന്ധി (ഇന്ത്യയുടെ രാഷ്ട്രപിതാവ്)

“ഇന്ന് മനുഷ്യവർഗത്തിലെ ജനലക്ഷങ്ങളുടെ ഹൃദയങ്ങളിൽ നിർവിവാദമായ ആധിപത്യം പുലർത്തുന്ന ഒരാളുടെ ജീവിതത്തിൻെറ ഏറ്റവും ഉത്തമമായ വശം അറിയുവാൻ ഞാനാഗ്രഹിച്ചു. അക്കാലത്ത് ജീവിതത്തിൻെറ സരണിയിൽ ഇസ്‌ലാമിന് അതിൻേറതായ സ്ഥാനം നേടിക്കൊടുത്തത് ഖഡ്ഗമായിരുന്നില്ല എന്ന് മുമ്പെന്നെത്തേക്കാളും എനിക്ക് ബോധ്യപ്പെട്ടിരിക്കുന്നു. പ്രവാചകൻെറ അചഞ്ചലമായ ലാളിത്യവും, ഉദാത്തമായ ആത്മലയവും, പ്രതിജ്ഞകളോടുള്ള സുദൃഢമായ പ്രതിബദ്ധതയും, കൂട്ടുകാരോടും അനുയായികളോടുമുള്ള മഹത്തായ അർപ്പണവും, നിർഭയത്വവും ദൈവത്തിലും തൻെറ സ്വന്തം ദൗത്യത്തിലുമുള്ള പരമമായ വിശ്വാസവുമായിരുന്നു. ഖഡ്ഗം ആയിരുന്നില്ല എല്ലാത്തിനെയും അവരുടെ മുമ്പിലേക്ക് നയിച്ചതും എല്ലാ തടസ്സങ്ങളെയും അതിജീവിക്കാൻ സഹായിച്ചതും. ദൈവദൂതൻെറ ജീവിതത്തിൻെറ രണ്ടാം ഭാഗം വായിച്ചു കഴിഞ്ഞപ്പോൾ ആ മഹത്തായ ജീവിതത്തെക്കുറിച്ച് കൂടുതൽ അറിയാൻ കഴിയാതെപോയതിൽ എൻെറ മനസ്സ് ഖേദിക്കുന്നു.” (Young India, 1924)

**- ലാമാർട്ടിൻ (പ്രമുഖ ഫ്രഞ്ച് ചിത്രകാരൻ, കവി, രാഷ്ട്രതന്ത്രജ്ഞൻ)**

“ലക്ഷ്യത്തിൻെറ മഹാത്മ്യവും, ഉപാധികളുടെ പരിമിതിയും, അമ്പരപ്പിക്കുന്ന ഫലങ്ങളുമാണ് മനുഷ്യ പ്രതിഭയുടെ മൂന്ന് ഉരക്കല്ലുകളെങ്കിൽ ആധുനിക ചരിത്രത്തിൽ വല്ല മഹാനെയും മുഹമ്മദിനോട് താരതമ്യം ചെയ്യാൻ ആരെങ്കിലും ധൈര്യപ്പെടുമോ? ഏറ്റവും മഹാനെയും മുഹമ്മദിനോട് താരതമ്യം ചെയ്യാൻ ആരെങ്കിലും ധൈര്യപ്പെടുമോ? ഏറ്റവും പ്രശസ്തരായ ആളുകൾ ആയുധങ്ങളോ നിയമങ്ങളോ സാമ്രാജ്യങ്ങളോ മാത്രം സൃഷ്ടിച്ചവരാണ്. അവർ വല്ലതും സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അത് മിക്കപ്പോഴും സ്വന്തം കൺമുമ്പാകെ വഴുതിപ്പോയ ഭൗതികാധികാരങ്ങളേക്കാൾ കൂടുതലൊന്നുമല്ല. ഈ മനുഷ്യനാകട്ടെ സൈന്യങ്ങളെയും നിയമനിർമ്മാണങ്ങളെയും സാമ്രാജ്യങ്ങളെയും ജനതകളെയും അധികാരപീഠങ്ങളെയും മാത്രമല്ല, അന്നത്തെ ലോകത്തിൻെറ മൂന്നിലൊന്നിൽ താമസിച്ച് കോടിക്കണക്കിന് ജനങ്ങളെക്കുടിയാണ് ചലിപ്പിച്ചത്. സർവ്വോപരി ആൾത്താരകളെയും ദൈവങ്ങളെയും വിശ്വാസങ്ങളെയും ആത്മാവുകളെയും ആദ്ദേഹം ചലിപ്പിച്ചു. അതിലെ ഓരോ അക്ഷരവും നിയമമായിത്തീർന്ന ഒരു ഗ്രന്ഥത്തിൻെറ അടിസ്ഥാന

ത്തിൽ, എല്ലാ ഭാഷക്കാരും എല്ലാ വംശക്കാരുമായ ജനതകളെ കോർത്തിണക്കിയ ഒരു ആത്മീയ ദേശീയത അദ്ദേഹം സൃഷ്ടിച്ചു. ദാർശനികൻ, പ്രസംഗകൻ, പ്രവാചകൻ, നിയമനിർമ്മാതാവ്, യോദ്ധാവ്, ജേതാവ്, **അബദ്ധസങ്കൽപ്പങ്ങളിൽ നിന്ന് മുക്തമായ ആചാരവിശേഷങ്ങളുടെയും യുക്തിബന്ധുരമായ വിശ്വാസപ്രമാണങ്ങളുടെയും പുനഃസ്ഥാപകൻ, ഭാവനകളില്ലാത്ത ഭാവത്തോടുകൂടിയവൻ, ഇരുപത് ഭൂപ്രദേശ സാമ്രാജ്യങ്ങളുടെയും ഒരു ആത്മീയ സാമ്രാജ്യത്തിൻെയും സംസ്ഥാപകൻ – അതായിരുന്നു മുഹമ്മദ്. മനുഷ്യ മാഹാത്മ്യത്തിൻെറ എല്ലാ മാനദണ്ഡങ്ങളും വെച്ചു നോക്കിയാൽ നമുക്ക് ചോദിക്കാം മുഹമ്മദിനെക്കാൾ മഹാനായ മറ്റുവല്ല മനുഷ്യനുമുണ്ടോ?"**-is there any man greater than he?" (Histoire De La Turquie, Paris 1854, Vol II, Pp. 276-77)

**- എഡ്വാർഡ് ഗിബ്ബൺ (പാശ്ചാത്യ ചരിത്രകാരൻ)**

**"അവ്യക്തതകളിൽ നിന്നും സന്ദേഹങ്ങളിൽ നിന്നും മുക്തമാണ് മുഹമ്മദ് അവതരിപ്പിച്ച വിശ്വാസങ്ങൾ. മുഹമ്മദ് കൊണ്ടുവന്ന ഖുർആൻ ദൈവത്തിൻെറ ഏകത്വത്തിനുള്ള മഹദ് സാക്ഷ്യമാണ്. നശിക്കുന്ന**

തെല്ലാം ജീർണ്ണിക്കും, ജനിച്ചതെല്ലാം മരിക്കും, ഉദിച്ചതെല്ലാം അസ്തമിക്കും, തുടങ്ങിയ യുക്തി സഹമായ തത്വങ്ങളുടെ അടിസ്ഥാനത്തിൽ മുഹമ്മദ് വിഗ്രഹാരാധനയെയും മറ്റുദേവീദേവന്മാരെ ആരാധിക്കുന്നതിൽ നിന്നും മക്കൻ ജനതയെ വിലക്കി. പ്രപഞ്ചത്തിന് സ്രഷ്ടാവായ ദൈവം സ്ഥല, കാല ആവശ്യങ്ങൾ ഇല്ലാത്ത പകർപ്പുകളോ പ്രതിരൂപങ്ങളോ ഇല്ലാത്ത അനശ്വരനായ ഒരു ഉണ്മയായിരുന്നു. സ്വയം അനിവാര്യതയിൽ തന്നെ അത് നിലനിൽക്കുന്നു. ആസ്തികനായ ദാർശനികൻ നമ്മുടെ കാലത്തിന് അനുയോജ്യമായ ഉദാത്തമായ മുഹമ്മദൻ വിശ്വാസത്തെ പുൽകുമായിരുന്നു." (The History of the Decline and Fall of the Roman Empire)

## - റവറൻറ് ബോസ്‌വർത്ത് സ്മിത്ത് (ഗ്രന്ഥ കർത്താവ്, ഓക്സ്ഫോർഡ് പ്രൊഫസർ)

"മൊത്തത്തിൽ നോക്കിയാൽ അത്ഭുതം ഇതാണ്, വ്യത്യസ്തങ്ങളായ ഏത് അവസ്ഥകളിലും മുഹമ്മദിന് മാറ്റങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. മരുഭൂമിയിലെ ആട്ടിടയൻ എന്ന നിലയിലാകട്ടെ, ഒരു വ്യാപാരി എന്ന നിലയിലാകട്ടെ, ഹിറാ ഗുഹയുടെ ഏകാന്തതയിലാകട്ടെ, ഒരു പരിഷ്കർത്താവ് എന്ന

നിലയിലാകട്ടെ മദീനിയലേക്കുള്ള പലായനത്തിലാകട്ടെ അവസാനം എല്ലാവരാലും അംഗീകരിക്കപ്പെട്ട വിജയശ്രീലാളിതൻ എന്ന നിലയിലാകട്ടെ, പേർഷ്യയിലെ കൈസറിനും ഗ്രീക്കിലെ ഹെർക്കുലീസിനും തുല്യൻ എന്ന നിലയിലാകട്ടെ ഒരു മാറാത്ത വ്യക്തിത്വത്തെ നമുക്ക് പിന്തുടരാൻ കഴിയും. ബാഹ്യ സാഹചര്യങ്ങൾ എത്രയൊക്കെ മാറിയിട്ടും അവയ്ക്കനുസൃതമായി കാര്യമായൊന്നും മാറാത്ത വേറെ ഏതെങ്കിലും വ്യക്തിത്വം ഉണ്ടോ എന്ന് ഞാൻ സംശയിക്കുന്നു.

......രാഷ്ട്രത്തിൻെയും വിശ്വാസി സമൂഹത്തിൻെറയും തലവനായിരുന്ന മുഹമ്മദ് ഒരേ സമയം സീസറും പോപ്പുമായിരിന്നു. എന്നാൽ പോപ്പിൻെറ നാട്യങ്ങളില്ലാത്ത പോപ്പും സീസറിൻെറ സൈന്യങ്ങളില്ലാത്ത സീസറുമായിരുന്നു അദ്ദേഹം. നിലവിലുള്ള ഒരു സൈന്യമോ അംഗരക്ഷകനോ കൊട്ടാരമോ നിശ്ചിത വരുമാനമോ ഇല്ലാതെ ദൈവികാധികാരം കൊണ്ട് ഭരണം നടത്തിയെന്ന് ഏതെങ്കിലും മനുഷ്യന് പറയാനുള്ള അവകാശമുണ്ടെങ്കിൽ അത് മുഹമ്മദിന് മാത്രമാണ്." (Muhammad and Muhammadanism – London, 1874)

- ശ്രീമതി ആനിബസൻറ്

(ഹോംറൂൾ ലീഗിൻെറ സ്ഥാപക, ഇന്ത്യൻ നാഷണൽ കോൺഗ്രസിൻെറ ആദ്യ വനിത പ്രസിഡൻറ്)

“അറേബ്യയുടെ മഹാനായ പ്രവാചകൻെറ ജീവിതം, സ്വഭാവം, അധ്യാപനങ്ങൾ, ജീവിത രീതി എന്നിവ മനസ്സിലാക്കിയ ആർക്കും ഉന്നതനായ ദൈവ ത്തിൻെറ ദൂതന്മാരിൽ ഒരാളായ അദ്ദേഹത്തോട് ബഹുമാനമല്ലാതെ മറ്റൊരു വികാരവും തോന്നാ നിടയില്ല. നിങ്ങളിൽ പലർക്കും അറിയാവുന്ന കാര്യം തന്നെയാണ് ഞാൻ പറയുന്നത്. എങ്കിലും എപ്പോഴെല്ലാം വീണ്ടും ആ ചരിത്രം ആവർത്തിച്ചു വായിക്കുമ്പോൾ പ്രതാപിയായ ആ അറേബ്യൻ ഗുരുവിനോട് നവ്യമായ ബഹുമാനവും ആദരവും വീണ്ടും എനിക്കനുഭവപ്പെടുകയാണ്.”

(The Life and Teachings of Muhammad, Madras 1932, പ്രവാചകൻെറ ജീവിതവും അധ്യാപനങ്ങളും- 1903-ൽ ജുനഗഡിൽ നടത്തിയ പ്രഭാഷണം. 1932-ൽ ചെന്നൈ തിയോസഫിക്കൽ സൊസൈറ്റി പുനഃപ്രസിദ്ധീകരിച്ചു)

- ജെയിംസ് ആൽബർട്ട് മിച്ചനർ

(അമേരിക്കൻ എഴുത്തുകാരൻ)

“തൻെറ അസാധാരണമായ വ്യക്തിത്വത്തിൻെറ ശക്തിയിലൂടെ മുഹമ്മദ് അറേബ്യയുടെയും മുഴുവൻ പൗരസ്ത്യ ദേശത്തിൻെറയും ജീവിതത്തിൽ വിപ്ളവം സൃഷ്ടിച്ചു. മരുഭൂമിയിലെ ആചാരങ്ങൾ ചുറ്റിവരിഞ്ഞ കെട്ടിൽ നിന്ന് അദ്ദേഹം സ്ത്രീകളെ ഉയർത്തുകയും പൊതുവായ സാമൂഹിക നീതി പ്രബോധനം നടത്തുകയും ചെയ്തു. മുഹമ്മദ് ഭോഗാസക്തമായ ഒരു മതമാണ് സ്ഥാപിച്ചതെന്ന് പാശ്ചാത്യ എഴുത്തുകാർ ആരോപിക്കുമ്പോൾ, അത് ഒരു വിരോധാഭാസമായി വിശേഷിച്ചും മുസ്‌ലിംകൾ കരുതുന്നു. മദ്യാസക്തരിൽ നിന്ന് അദ്ദേഹം മദ്യത്തെ ഉൻമൂലനം ചെയ്തു. തന്മൂലം ഇന്നും എല്ലാ നല്ല മുസ്‌ലിംകളും മദ്യവിരോധികളാണ്. മടിയന്മാർക്കിടയിൽ ദിനേന അഞ്ചു നേരത്തെ വ്യക്തിപരമായ പ്രാർത്ഥന അദ്ദേഹം ഏർപ്പെടുത്തി. സദ്യയൊരുക്കുന്നതിൽ ആഹ്ളാദിച്ചു വന്ന ഒരു ജനതയിൽ വർഷത്തിലൊരു മാസം പൂർണ്ണമായും പകൽ മുഴുവൻ നീണ്ടുനിൽക്കുന്ന കർശനമായ ഉപവാസം അദ്ദേഹം സ്ഥാപിച്ചു. സ്ത്രീകളുടെ പ്രശ്നത്തിലാണ് പാശ്ചാത്യൻ എഴുത്തുകാർ മുഖ്യമായും ഭോഗാസക്തിയെക്കുറിച്ച തങ്ങളുടെ ആരോപണങ്ങളെ അടിയുറപ്പിച്ചിരിക്കു

ന്നത്. എന്തുതന്നെയായാലും മുഹമ്മദിന് മുമ്പ് പുരുഷന്മാർ അസംഖ്യം ഭാര്യമാരെ സ്വീകരിക്കുന്നത് പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്നു. അദ്ദേഹമത് നാലാക്കി പരിമിതപ്പെടുത്തുകയാണ് ചെയ്തത്. രണ്ടോ അതിലധികമോ ഭാര്യമാർക്കിടയിൽ കണിശമായ സമത്വം പാലിക്കാൻ കഴിയാത്തവർ ഒന്നുമാത്രമാക്കി ചുരുക്കണമെന്ന് ഖുർആൻ വ്യക്തമായി അനുശാസിക്കുകയും ചെയ്യുന്നു."

('Islam: The Misunderstood Religion' In Reader's Digest - American Edition)

**- മൈക്കിൾ എച്ച്. ഹാർട്ട്**

**(ചരിത്ര ഗവേഷകൻ-അമേരിക്ക)**

***(മനുഷ്യ ചരിത്രത്തിൽ സ്വാധീനം ചെലുത്തിയ മഹത്‌വ്യക്തിത്വങ്ങളിൽ നൂറ് പേരെക്കുറിച്ച് നടത്തിയ വിശദമായ ഗവേഷണ പഠനത്തിൽ ഐസക് ന്യൂട്ടൻ, യേശുക്രിസ്തു, ശ്രീ ബുദ്ധൻ, കൺഫ്യൂഷ്യസ്, സെയിൻൻറ് പോൾ, കായ്‌ലുൻ, ജോഹന്നാസ് ഗുട്ടൻബർഗ്, ക്രിസ്റ്റഫർ കൊളംബസ്, ആൽബർട്ട് ഐൻസ്റ്റീൻ, കാറൽ മാർക്സ് എന്നിവർ യഥാക്രമം രണ്ട് മുതൽ 11 വരെയുള്ള സ്ഥാനങ്ങളിലിടം നേടിയ പട്ടികയിൽ പ്രഥമസ്ഥാ***

*നത്തേക്ക് മുഹമ്മദ് നബിയെ തെരഞ്ഞെടുക്കാനുള്ള കാരണമായി തൻെറ ഗ്രന്ഥമായ* ***'The 100: A Ranking of the Most Influential Persons in History', New York, 1978-ൽ*** *എം. എച്ച്. ഹാർട്ട് വിശദീകരിക്കുന്നതിങ്ങനെയാണ്.)*

**("My choice of Muhammed to lead the list of the world's most influential persons may surprise some readers and may be questioned by others, but he was the only man in history who was supremely successful on both the religious and secular levels")**

("ലോകത്തെ ഏറ്റവും കൂടുതൽ സ്വാധീനിച്ച മഹത് വ്യക്തിത്വങ്ങളുടെ പട്ടികയിൽ പ്രഥമസ്ഥാന ത്തേക്ക് മുഹമ്മദിനെ ഞാൻ തെരഞ്ഞെടുത്തതിൽ ചില വായനക്കാരെങ്കിലും അത്ഭുതപ്പെട്ടേക്കാം. അതുപോലെ ചിലരെങ്കിലും അതിനെ ചോദ്യം ചെയ്തേക്കാം. എന്നാൽ **മതപരവും മതേതര വുമായ മേഖലകളിൽ ഒരേപോലെ പരിപൂർണ്ണ വിജയം നേടിയ ഒരേ ഒരാൾ ചരിത്രത്തിൽ മുഹമ്മദ് മാത്രമാണ്.**")

(The 100: A Ranking Of The Most Influential Persons In History, NewYork: Hart Publishing Company, Inc. 1978, P. 33)

## മിസ്. സരോജിനി നായിഡു

## (സ്വാതന്ത്ര്യ സമര സേനാനി, ഇന്ത്യയുടെ കോകിലം)

“ലോകത്ത് ആദ്യമായി ജനാധിപത്യ സമ്പ്രദായത്തെക്കുറിച്ച് പ്രസ്താവിക്കുകയും, അതിനെ പ്രാവർത്തികമാക്കുകയും ചെയ്ത മതമാണ് ഇസ്ലാം. പാടത്ത് പണിയെടുക്കുന്ന കർഷകനും, സാമ്രാജ്യം അടക്കി ഭരിക്കുന്ന രാജാവും, ഉൾപ്പെടുന്ന മുസ്ലിം സമൂഹം ‘ദൈവമാണ് ഉന്നതൻ’ എന്ന് ഉറക്കെ പ്രഖ്യാപിച്ചു കൊണ്ട് ദിവസവും അഞ്ചു പ്രാവശ്യം പ്രാർത്ഥനക്കായി പള്ളിയിൽ സമ്മേളിക്കുന്നത് ജനാധിപത്യ പ്രക്രിയയുടെ യഥാർത്ഥ പ്രകടനമാണ് നമ്മുടെ മുന്നിൽ കാഴ്ചവെക്കുന്നത്.

ആത്മാർത്ഥമായ സാഹോദര്യം മുസ്ലിം സമൂഹത്തെ ഒരുമിച്ചു നിർത്തുന്നത് കാണുമ്പോൾ ഞാൻ വളരെയധികം അത്ഭുതപ്പെട്ടുപോകുന്നു. മാതൃഭൂമി വിഭിന്നമാണെങ്കിലും ഇന്ത്യക്കാരനും, അൾജീരിയക്കാരനും, ഈജിപ്തുകാരനും, ടർക്കിയും, ജോർഡാൻകാരനും. എല്ലാം യഥാർത്ഥ സഹോദരന്മാരാകുന്നു!” *(Opinions Of Great men- By Mohammedameen)*

- **തോമസ് കാർലൈൽ (ഇംഗ്ളീഷ് ചരിത്രകാരൻ)**

“മുഹമ്മദിനെക്കുറിച്ച് എന്തെല്ലാം പറയാൻ കഴിഞ്ഞാലും അദ്ദേഹം ഒരു വികാര ജീവിയായിരുന്നില്ല. ഏതെങ്കിലും തരത്തിലുള്ള ആസ്വാദനങ്ങളിൽ ഉൽസുകനായ വെറും വിഷയാസക്തനായിരുന്നു ഈ മനുഷ്യനെന്ന് നാം കരുതുകയാണെങ്കിൽ നമുക്ക് വലുതായ അബദ്ധം പിണയും. അദ്ദേഹത്തിൻെറ ഗൃഹജീവിതം അങ്ങേയറ്റം മിതവ്യയാധിഷ്ഠിതമായിരുന്നു. ഗോതമ്പുറൊട്ടിയും വെള്ളവുമായിരുന്നു അദ്ദേഹത്തിൻെറ സാധാരണ ഭക്ഷണം. ചിലപ്പോൾ മാസങ്ങളോളം അദ്ദേഹത്തിൻെറ അടുപ്പിൽ ഒരിക്കൽ പോലും തീ പുകയാറുണ്ടായിരുന്നില്ല. തൻെറ പാദരക്ഷകൾ അദ്ദേഹം സ്വയം തുന്നിയതും വസ്ത്രങ്ങൾ കഷ്ണം വെച്ചതും അവർ അഭിമാന പൂർവ്വം രേഖപ്പെടുത്തുന്നു. താൻ സ്വയം തുന്നിക്കൂട്ടിയ കോട്ട് ധരിച്ച് ഈ മനുഷ്യൻ അനുസരിക്കപ്പെട്ടതു പോലെ കിരീടമണിഞ്ഞ ഒരു ചക്രവർത്തിയും അനുസരിക്കപ്പെടുകയുണ്ടായില്ല. പരുഷവും യാഥാർത്ഥ്യവുമായ പരിശോധനയുടെ 23 വർഷങ്ങൾക്കുള്ളിൽ എനിക്കാവശ്യമായ ഒരു യഥാർത്ഥ ഹീറോവിനെ ഞാൻ കണ്ടെത്തുന്നു.

…..രണ്ടു ദശകങ്ങൾക്കുള്ളിൽ ഒരു മനുഷ്യന് ഒറ്റക്ക് എങ്ങനെയാണ് വിവധ ഗോത്രങ്ങളെയും പരസ്പരം

പോരടിക്കുന്ന മരുഭൂവാസികളെയും സമന്വയിപ്പിച്ച് ശക്തവും പരിഷ്കൃതവുമായ ഒരു സമൂഹമാക്കി വളർത്താൻ സാധിക്കുക?" (Heros And Heros Worship)

**- സ്റ്റാൻലി പോൾ**

**(1854-ൽ ജനിച്ച ബ്രിട്ടീഷ് ഓറിയൻറലിസ്റ്റ്, പുരാവസ്തു ഗവേഷകൻ എന്ന നിലയിൽ അറിയപ്പെട്ട വ്യക്തി)**

"മുഹമ്മദ് അനുകമ്പയുള്ള ദയാലുവായിരുന്നു. രോഗിയെ സന്ദർശിക്കുന്നു, ദരിദ്രനെ സന്ദർശിക്കുന്നു. അടിമകളുടെ വിളിക്കുത്തരം ചെയ്യുന്നു., അവിടുന്ന് തന്റെ കൈകൊണ്ട് തന്റെ വസ്ത്രം തുന്നുന്നു. എങ്കിൽ സംശയമില്ല അദ്ദേഹം പരിശുദ്ധനായ പ്രവാചകനാകുന്നു. അദ്ദേഹം അനാഥനായിട്ട് വളർന്നു. എന്നാൽ അവിടുന്ന് മഹാനായ വിജയിയാത്തീർന്നു." (Table Talk Of The Prophet)

- ജോർജ് ബർണാഡ്ഷാ
(അയർലണ്ട്- ലോക പ്രസിദ്ധ തത്വചിന്തകൻ, നാടക കൃത്ത്)

“യൂറോപ്പ്-ഇംഗ്ളണ്ട് ഭരിക്കാനുള്ള അവസരം ഏതെങ്കിലും മതത്തിന് അടുത്ത നൂറുവർഷങ്ങൾക്കകം ലഭിക്കുന്നുവെങ്കിൽ അത് ഇസ്‌ലാം മതത്തിനു മാത്രമായിരിക്കും.

ഊർജ്ജസ്വലതയും, കെട്ടുറപ്പുമുള്ള ഒരു മതമെന്ന നിലയിൽ ഇസ്‌ലാം മതത്തെ ഞാൻ ഉന്നത നിലവാരമുള്ള ഒരു മതമായി പരിഗണിക്കുന്നു. ഇന്നത്തെ കുഴഞ്ഞുമറിഞ്ഞ സാഹചര്യത്തിൽ ലോകസമാധാനത്തിന് വേണ്ടി കേഴുന്ന ലോകത്ത് മനുഷ്യൻെറ നിലനിൽപിനു ആവശ്യമായ ശക്തിയും ഊർജജവും പ്രധാനം ചെയ്യാനുള്ള കഴിവ് ഇസ്‌ലാം മതത്തിൽ മാത്രമേ ഞാൻ കാണുന്നുള്ളൂ.

ആധുനിക ലോകത്തിനാവശ്യമായ ശാന്തിയും സമാധാനവും ഊട്ടിയുറപ്പിക്കാനും, ഐശ്വര്യപൂർണ്ണമായ ഒരു നവലോകം കെട്ടിപ്പടുക്കുവാനും മുഹമ്മദിനെപ്പോലുള്ള ഒരു മഹാനുഭാവന് മാത്രമേ കഴിയൂ. മുഹമ്മദിനെപ്പോലുള്ള ഒരു മാർഗ്ഗ ദർശകനാണ് ഇന്നത്തെ ലോകത്തിനാവശ്യം.” *(Opinions Of Great men By Mohammedameen)*

# IV. രത്നച്ചുരുക്കം

ആളുകളെ നിരീശ്വരവാദത്തിലേക്ക് നയിക്കുന്ന ഒന്നും ഇസ്‌ലാമിൽ ഇല്ല. ഇസ്‌ലാമിൽ മനസ്സിനെ ആശയക്കുഴപ്പത്തിലാക്കുന്ന അവ്യക്തതയോ പുക മറയോ ഇല്ല. ഇസ്‌ലാം ലളിതവും സുദൃഢവുമാണ്.

- ഈ അണ്ഡകടാഹത്തെ അഖിലവും സൃഷ്ടിച്ച ഏകനായ ഒരു ദൈവം മാത്രമാണുള്ളത്. മുഴുവൻ സൃഷ്ടി ജാലങ്ങളും അന്ത്യനാളിൽ അവനിലേക്ക് ഒരുമിച്ചു കൂട്ടപ്പെടുന്നതാകുന്നു.
- ഏകനായ സ്രഷ്ടാവ് മുഴുവൻ സമൂഹത്തിലേക്കും ഒരൊറ്റ സന്ദേശമാണ് നൽകിയത്. രക്ഷയുടെ ഒരേ ഒരു മാർഗ്ഗം. അത് ലളിതവും വ്യക്തവുമായ ഒരു സന്ദേശമാകുന്നു. “ഒരൊറ്റ ദൈവത്തിലുള്ള വിശ്വാസവും അവനെ മാത്രം ആരാധിക്കുക” എന്നതുമാകുന്നു അത്. തൻെറ ജനതയിൽ നിന്നും തന്നെ പിൻതുടരുന്നവർക്ക് നേർവഴി പ്രകാശിപ്പിക്കുന്ന വിളക്കുമാടമാണ് പ്രവാചക സാന്നിദ്ധ്യം. അവർക്ക് അദ്ദേഹം മോക്ഷത്തിൻെറ മാർഗ്ഗം വ്യക്തമാക്കിക്കൊടു

ക്കുന്നു. അതിനാൽ ഏകനായ സ്രഷ്ടാവിനെ മാത്രം ആരാധിക്കുന്നതിന് ഈ പ്രവാചകൻെറ അധ്യാപനങ്ങൾ പിൻതുടരുകയും അവിടത്തെ പ്രവർത്തനങ്ങൾ സ്വീകരിക്കുകയും ചെയ്യേണ്ട തുണ്ട്. ദൈവദൂതന്മാർ സ്രഷ്ടാവിൻെറ സന്ദേശം സൃഷ്ടികളിലേക്കെത്തിക്കുന്ന മധ്യവർത്തി കളാണ്, എന്നല്ലാതെ ചിലർ തെറ്റായി മനസ്സി ലാക്കിതുപോലെ സൃഷ്ടികളുടെ പ്രാർത്ഥനകൾ ഏറ്റുവാങ്ങി അവരെ സ്രഷ്ടാവിലേക്കെത്തി ക്കുന്ന മധ്യവർത്തികളോ അല്ലാഹുവിൻെറ സാമീപ്യം വാങ്ങിക്കൊടുക്കുന്ന ആരാധ്യ പുരുഷ ന്മാരോ അല്ല.

- ഇസ്‌ലാമിൽ പൗരോഹിത്യമില്ല. മതം എല്ലാ വർക്കും ഒരുപോലെയാകുന്നു. എല്ലാ മനുഷ്യരും ലോക രക്ഷിതാവിന് മുമ്പിൽ തുല്ല്യരാകുന്നു. അവരുടെ ഓരോരുത്തരുടെയും വിചാരണ ഭൗതിക ലോകത്തുള്ള അവരുടെ പ്രവർത്തന ങ്ങൾക്കും പെരുമാറ്റങ്ങൾക്കും അനുസരിച്ചായി രിക്കും പൂർത്തീകരിക്കുക. വംശങ്ങൾക്കിടയിലോ, വർഗങ്ങൾക്കിടയിലോ യാതൊരു വ്യത്യാസവും ഉണ്ടാവുകയില്ല.

- സ്രഷ്ടാവ് മാത്രം ആരാധിക്കപ്പെടുക എന്നത് അവൻെറ അവകാശത്തിൽ പെട്ടതാകുന്നു. തൻെറ രക്ഷിതാവിനോട് നേരിട്ട് ബന്ധപ്പെടുക എന്നത് മനുഷ്യൻെറ അവകാശത്തിലും പെട്ടതാകുന്നു.

- ഓരോ കുഞ്ഞും പിറക്കുന്നത് ശുദ്ധ പ്രകൃതിയിലാകുന്നു. കൊച്ചുകുട്ടി അതിൻെറ പ്രകൃതിയിൽ തന്നെയായിരിക്കും. ചുറ്റുമുള്ളവരുടെ ഇടപെടലില്ലാതെതന്നെ സ്രഷ്ടാവിൻെറ സഹായത്തോടെ ആരാധനയിൽ അവനിലേക്കാണ് ആ കുട്ടി തിരിയുക. എന്നാൽ പ്രായപൂർത്തിയാകുമ്പോൾ തൻെറ പ്രവർത്തനങ്ങൾ, ചിന്ത, വിശ്വാസം എന്നി വയിലെല്ലാം കുട്ടി സ്വതന്ത്രമാകും. ഒന്നുകിൽ തൻെറ സഹജാവബോധം പോലെ തന്നെ തുടർന്ന് കൊണ്ട് സ്രഷ്ടാവിനെ മാത്രം ആരാധിക്കുന്നതിൽ നിലക്കൊള്ളുന്നു. അല്ലെങ്കിൽ തൻേറയും സ്രഷ്ടാവിൻേറയുമിടയിൽ ഒരു മധ്യസ്ഥനെ സ്വീകരിച്ച് ആ ഇടയാളനെ ആരാധിച്ചുകൊണ്ട് തൻെറ മതവും മാർഗ്ഗവും വികലമാക്കുന്നു. കുട്ടിയുടെയും മതവും സംസ്കാരവും രൂപപ്പെടുന്നത് (മാതാപിതാക്കൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, നിരന്തരം ബന്ധപ്പെടുന്ന മറ്റു ചുറ്റുപാടുകൾ

തുടങ്ങിയതിൽ) നിന്നാണ്. ഈ സമയത്താണ് ദൈവത്തെക്കുറിച്ചും അവനെ എങ്ങനെയാണ് നേർക്കുനേരെ ആരാധിക്കണമെന്നതിനെക്കുറിച്ചുമുള്ള ചിന്തകളും ആശയങ്ങളും നട്ടുപിടിപ്പിക്കപ്പെടുന്നത്. അല്ലെങ്കിൽ (യേശു ക്രിസ്‌തു, കന്യാമർയം, ശ്രീ ബുദ്ധൻ, വിഗ്രഹങ്ങൾ, അല്ലെങ്കിൽ മുഹമ്മദ് നബി വരെ) ലേക നാഥന് മധ്യസ്ഥരും പങ്കാളികളുമുണ്ടെന്ന് പറഞ്ഞുകൊടുക്കുകയും പഠിപ്പിക്കപ്പെടുകയും ചെയ്യുന്നു. അതുകൊണ്ട് ഒരു കുട്ടിയുടെ മതവിശ്വാസം ചുറ്റുമുള്ള പരിത സ്ഥിതിയെ ആശ്രയിച്ചാണിരിക്കുന്നത്. ഇത് ഭാവിയിൽ ആരാധനയുടെ ദിശയെ ഏറ്റവും കൂടുതൽ സ്വാധീനിക്കുകയും ചെയ്യും. അവനോ അവളോ വലുതാകുമ്പോൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ടെങ്കിലും, സാമൂഹിക പൈതൃകം മാറ്റുന്നതിൽ അവർക്ക് വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാകുകയും ചെയ്യും.

- ഇസ്‌ലാമിൽ മൂലപാപം (മനുഷ്യൻ ജന്മനാ പാപിയാണെന്ന വിശ്വാസം) എന്നൊന്നില്ല. മറ്റുള്ളവരുടെ പാപങ്ങൾക്ക് ഒരാൾ ബലിയാവുക എന്നതുമില്ല. മറിച്ച് ഭക്തിയുടെയും സംസ്കരണത്തിൻെറയും അടിസ്ഥാനത്തിൽ ഓരോ വ്യക്തിയെയും അല്ലാഹു പരീക്ഷിക്കുന്നതാണ്.

- ഇസ്‌ലാം ഉന്നതമായ സ്വഭാവം ആർജ്ജിക്കാനും, മോശമായ പ്രവർത്തനങ്ങൾ ഒഴിവാക്കാനും വർജ്ജിക്കാനും ആഹ്വാനം ചെയ്യുന്നു. അതിനാൽ ചില മുസ്‌ലിംകളുടെ മോശമായ പെരുമാറ്റത്തിന് കാരണം അവരുടെ ചുറ്റുപാടുകളിൽ തുടർന്നുപോരുന്ന സാംസ്‌കാരിക ശീലങ്ങളോ അല്ലെങ്കിൽ മതത്തെക്കുറിച്ചുള്ള അവരുടെ അജ്ഞതയോ ആണ്.

- ഇസ്‌ലാം ശാസ്ത്രവുമായി ഏറ്റുമുട്ടുന്നില്ല. ദൈവത്തിൽ വിശ്വാസമില്ലാത്ത പല പാശ്ചാത്യ ശാസ്ത്രജ്ഞരും അവരുടെ ശാസ്ത്രീയ കണ്ടുപിടിത്തത്തിലൂടെ സ്രഷ്ടാവിൻെറ അസ്തിത്വം അനിവാര്യമാണെന്ന യാഥാർത്ഥ്യത്തിലേക്കെത്തിയെന്നത് നാം ഓർമ്മിക്കേണ്ടതാണ്.

- ഇസ്‌ലാമിൻെറ പേര് ഏതെങ്കിലും വ്യക്തിയിലേക്കോ, പ്രദേശത്തേക്കോ, പ്രത്യേകമായ സമൂഹത്തിലേക്കോ അല്ല ചേർക്കപ്പെടുന്നത്. മറിച്ച് ലോക രക്ഷിതാവിലേക്ക് മാത്രമാണ് അതിനെ ചേർത്ത് പറയുന്നത്.

- ഇസ്‌ലാമിൻെറ സംശുദ്ധ സന്ദേശങ്ങളുമായി മുഴുവൻ മനുഷ്യരിലേക്കുമാണ് അല്ലാഹു മുഹമ്മദ് നബി(സ്വ)യെ നിയോഗിച്ചത്. വിശുദ്ധ ക്വുർആൻ പറയുന്നു:

“പറയുക: മനുഷ്യരെ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിൻെറ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരുവനാണോ അവൻെറ (ദൂതൻ) അവനല്ലാതെ ഒരു ആരാധ്യനുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവൻെറ ദൂതനിലും വിശ്വസിക്കുവിൻ. അതെ, അല്ലാഹുവിലും അവൻെറ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ. നിങ്ങൾക്ക് നേർമാർഗ്ഗം പ്രാപിക്കാം.” (7 അൽ അഅ്റാഫ്: 158)

“നിന്നെ നാം മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നൽകുന്നവനും ആയിക്കൊണ്ട് തന്നെയാണ് അയച്ചിട്ടുള്ളത്. പക്ഷെ മനുഷ്യരിൽ അധികപേരും അറിയുന്നില്ല.” (34 സബഅ്:28)

- ഇസ്ലാം സ്വീകരിക്കുക എന്നത് ലളിതവും സുഗമവുമാകുന്നു. അതിന് നിർബ്ബന്ധമെന്ന നിലക്ക് പ്രഥമമായി ചെയ്യേണ്ടത് അല്ലാഹുവിൻെറ ഏകത്വത്തിലും മുഹമ്മദ് നബിയുടെ പ്രവാചകത്വത്തിലും വിശ്വസിച്ചുകൊണ്ട് സാക്ഷ്യ വചനമായി അറിയപ്പെട്ട വാക്കുകൾ തുറന്നു പ്രഖ്യാപിക്കണം. അതിങ്ങനെയാകുന്നു:

**“അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹ് വഹ്ദഹു ലാശരീക്ക ലഹു**

**വഅശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു”**

**“അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണെന്നും**

**ഞാൻ സാക്ഷ്യം വഹിക്കുന്നു.**

**മുഹമ്മദ് നബി അല്ലാഹുവിൻെറ ദൂതനും ദാസനുമാകുന്നു എന്നും**

**ഞാൻ സാക്ഷ്യം വഹിക്കുന്നു.”**